# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ജനുവരി 28 / ദീപം 53 / നാളം 37 / Published from : PALA / പേജ് 16 / വില 6 രൂപ / www.deepanalam.org




# ഈ നരനായാട്ട് ലോകം കാണുന്നില്ലേ?

## ക്രിസ്തുവിന്റെ രക്തസാക്ഷികൾ മരിക്കുന്നില്ല




ജോർജ് കള്ളിവയലിൽ


ഇരുപത്തൊന്നാം നൂറ്റാണ്ടിലും മതവിശ്വാസത്തിന്റെ പേരിൽ കൊടിയ പീഡനങ്ങളും അതിക്രൂരമായ കൊലപാതകങ്ങളും നടക്കുന്നു. സഹിഷ്ണുതയുടെ, പരസ്നേഹത്തിന്റെ, ശത്രുവിനെപ്പോലും സ്നേഹിക്കുന്നതിന്റെ മാഹാത്മ്യം ലോകത്തിനു നൽകിയ ക്രൈസ്തവരാണു സമീപകാലത്തെ നിരവധിയായ പീഡനങ്ങളുടെയും ഭീകരാക്രമണങ്ങളുടെയും ഇരകളെന്നതു നിസാരമല്ല.

ആഫ്രിക്കയിലും യൂറോപ്പിലും അറബ് രാജ്യങ്ങളിലും ഏഷ്യയിലും ഓസ്ട്രേലിയയിലുമെല്ലാം ക്രൈസ്തവർ ഭീകരാക്രമണങ്ങൾക്കും കൊടിയ പീഡനങ്ങൾക്കും ഇരകളാകുന്നതു പതിവായിരിക്കുന്നു. ഫ്രാൻസ്, ബ്രിട്ടൺ അടക്കമുള്ള യൂറോപ്യൻരാജ്യങ്ങളിൽ ഉണ്ടാകുന്ന ഭീകരാക്രമണങ്ങളിലേറെയും ക്രൈസ്തവരെ ലക്ഷ്യമിട്ടാണ്. വി. ബൈബിളിൽ അപ്പസ്തോലന്മാരുടെ പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നതുപോലുള്ള കൊടിയ പീഡനങ്ങളും കൊലപാതകങ്ങളുമാണ് ക്രൈസ്തവർക്കുനേരേ ഇപ്പോഴും തുടരുന്നത്. ക്രൈസ്തവർക്കെതിരായി ലോകമെങ്ങും തുടരുന്ന പീഡനങ്ങൾക്കെതിരേ കഴിഞ്ഞ ദിവസം സമാപിച്ച സീറോ മലബാർ മെത്രാന്മാരുടെ സിനഡ് പ്രകടിപ്പിച്ച ആശങ്കയും പ്രാർഥനയ്ക്കുള്ള ആഹ്വാനവും പൊതുസമൂഹം ഏറ്റെടുക്കേണ്ടതുണ്ട്.

### ദിവസവും 13 ക്രൈസ്തവർ രക്തസാക്ഷികൾ

ഓരോ ദിവസവും ലോകമെങ്ങുമായി 13 ക്രൈസ്തവർ വീതമാണു കൊല്ലപ്പെടുന്നത്. വിശ്വാസത്തിന്റെ പേരിലാണ് നിരപരാധികളായ ക്രൈസ്തവർ രക്തസാക്ഷിത്വം വഹിക്കേണ്ടിവരുന്നത്. 'ഓപ്പൺ ഡോർസ്' എന്ന സന്നദ്ധസംഘടനയുടെ വേൾഡ് വാച്ച് ലിസ്റ്റിന്റെ 2021 ലെ ഏറ്റവും പുതിയ റിപ്പോർട്ടിലെ കണക്കാണിത്. ഇതിനു പുറമേ ദിവസവും 12 ക്രൈസ്തവർ വീതമാണു നീതിപൂർവമല്ലാതെ അറസ്റ്റു ചെയ്യപ്പെടുകയും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നത്. പലതരത്തിലുള്ള പീഡനങ്ങളും വിവേചനങ്ങളും നേരിടുന്ന ക്രൈസ്തവരുടെ എണ്ണം വർഷംതോറും കുത്തനേ കൂടുകയാണ്. ഓരോ ദിവസവും ക്രൈസ്തവരുടെ 12 വീതം പള്ളികളോ, മറ്റു കെട്ടിടങ്ങളോ തകർക്കപ്പെടുകയോ, ആക്രമിക്കപ്പെടുകയോ ചെയ്യുന്നതായും പഠനത്തിൽ കണ്ടെത്തി.

ലോകത്ത് ഇപ്പോൾ 30.9 കോടി ക്രിസ്ത്യാനികൾ അങ്ങേയറ്റത്തെ വേട്ടയാടലുകൾക്കും പീഡനങ്ങൾക്കും വിധേയരാകുന്നു എന്നാണ് 'ഓപ്പൺ ഡോർസ്' റിപ്പോർട്ട് പറയുന്നത്. കഴിഞ്ഞ വർഷം ഇതേ പട്ടികയിൽ 26 കോടി പേരായിരുന്നു. അധികമായി 40.9 ലക്ഷം ക്രൈസ്തവരാണ് ഒരു വർഷത്തിനിടെ പീഡനങ്ങൾക്കിരയായത്. ക്രൈസ്തവർ ഏറ്റവും ഉപദ്രവം നേരിടുന്ന 50 പ്രധാന രാജ്യങ്ങളുടെ മാത്രം കണക്കാണിത്.

ആദ്യ 50 രാജ്യങ്ങളിൽ ഉൾപ്പെടാത്ത ക്യൂബ, ശ്രീലങ്ക, യുഎഇ അടക്കമുള്ള 24 രാജ്യങ്ങളിലായി മറ്റൊരു 31 ദശലക്ഷം ക്രൈസ്തവർകൂടി പലതരത്തിലുള്ള ഉപദ്രവങ്ങൾക്കും വിവേചനങ്ങൾക്കും ഇരയാകുന്നുണ്ടെന്ന് ഓപ്പൺ ഡോർസ് അമേരിക്കയുടെ തലവൻ ഡേവിഡ് കറി പറഞ്ഞു. ഏറ്റവും നിന്ദ്യമായ വിവേചനങ്ങളും പീഡനങ്ങളുമാണ് കൊവിഡിന്റെ കാലത്തും ക്രൈസ്തവർ നേരിട്ടതെന്ന് പഠനറിപ്പോർട്ടിലുണ്ട്.

### എത്യോപ്യയിലെ കൂട്ടക്കൊല

ആഫ്രിക്കൻരാജ്യമായ എത്യോപ്യയിൽ കഴിഞ്ഞ മാസം മാത്രം 750 ക്രൈസ്തവരെയാണു പള്ളിയിൽ കയറി സർക്കാർ സേന കൂട്ടക്കൊല ചെയ്തത്. എത്യോപ്യയിൽ തുടരുന്ന ആഭ്യന്തരയുദ്ധത്തിനിടെയാണു ക്രൈസ്തവരെ സർക്കാരിന്റെതന്നെ സൈനികർ കൊലചെയ്യുന്നത്. ഫെഡറൽ സേനയും ടിഗെയ് പ്രവിശ്യയുടെ നിയന്ത്രണത്തിലുള്ള സേനയും തമ്മിലുള്ള യുദ്ധം മൂർച്ഛിക്കുന്നതിനിടെ ഡിസംബർ 15 നാണു പള്ളിയിൽ അഭയം തേടിയിരുന്ന 750 ക്രൈസ്തവവിശ്വാസികളെ ഒറ്റയടിക്ക് ക്രൂരമായി ഉന്മൂലനം ചെയ്തത്.

ടിഗെയിലെ അക്സും നഗരത്തിലുള്ള ഔർ ലേഡി മേരി ഓഫ് സയൺ ഓർത്തഡോക്സ് പള്ളിയിലായിരുന്നു കൂട്ടക്കൊല. പള്ളിയിലും പരിസരത്തുമായുണ്ടായിരുന്ന ആയിരത്തോളം പേരെ മുറ്റത്തിറക്കി വരിവരിയായി നിർത്തി വെടിവയ്ക്കുകയായിരുന്നു. ബഹളത്തിനിടെ 250-ഓളം പേർ ഓടി രക്ഷപ്പെട്ടതായി ബെൽജിയൻ സംഘടനയായ യൂറോപ്പ് എക്സ്റ്റേണൽ പ്രോഗ്രാം വിത്ത് ആഫ്രിക്ക അറിയിച്ചു. രക്ഷപ്പെട്ടവർ 200 കിലോമീറ്റർ നടന്നു പ്രവിശ്യാ തലസ്ഥാനമായ മെക്കെല്ലെയിൽ എത്തിയാണു കൂട്ടക്കൊലയുടെ വിവരം പുറംലോകത്തെ അറിയിച്ചത്.

ബൈബിളിൽ പരാമർശിക്കുന്ന ഉടമ്പടിപേടകം സൂക്ഷിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്ന പള്ളിയിലായിരുന്നു സർക്കാർ സേനയെത്തി കൂട്ടക്കൊല നടത്തിയത്. പേടകം എടുക്കാനാണു പട്ടാളക്കാരെത്തിയതെന്ന സംശയമാണു വിശ്വാസികളെ പ്രകോപിപ്പിച്ചത്. എത്യോപ്യയിലെ ആഭ്യന്തരയുദ്ധത്തിൽ പത്തുലക്ഷം പേരാണു രാജ്യത്തു പലയിടത്തുമായി ഭവനരഹിതരായത്. 50,000 പേർ അയൽരാജ്യമായ സുഡാനിൽ അഭയാർഥികളായെത്തിയിട്ടുണ്ടെന്നാണു കണക്ക്.

### ആഫ്രിക്കയിൽ അതിഭീകരത

ബോക്കോ ഹറം എന്ന് അറിയപ്പെടുന്ന പശ്ചിമാഫ്രിക്കയിലെ ഇസ്‌ലാമിക് ഭീകരസംഘടനയും ക്രൈസ്തവരുടെ വംശീയ ഉന്മൂലനമാണ് ക്രൂരമായി നടപ്പാക്കുന്നത്. നൈജീരിയയിൽ പതിനായിരക്കണക്കിന് ക്രൈസ്തവരെയാണ് ഈ ഭീകരർ കൂട്ടക്കൊല ചെയ്തത്. വടക്കൻ നൈജീരിയയിലെ ഇസ്‌ലാമിനെ ശുദ്ധീകരിക്കുകയാണെന്നാണ് ബോക്കോ ഹറമിന്റെ വാദം.

2015 മുതൽ ഐഎസ് ഭീകരരുമായി യോജിച്ചാണ് പ്രവർത്തനം. 2009 നു ശേഷം മാത്രം ആയിരങ്ങളെ കൊന്നൊടുക്കിയതിനു പുറമേ 23 ലക്ഷം ക്രൈസ്തവരെ ഭവനരഹിതരാക്കാനും ഭീകരർക്കു കഴിഞ്ഞു.

കുഞ്ഞുങ്ങളും വിദ്യാർഥികളും അടക്കമുള്ളവരുടെ നിഷ്ഠുരമായ കൊലപാതകങ്ങളിലൂടെയാണ് ബോക്കോ ഹറം ശ്രദ്ധ നേടിയത്. ആഗോളഭീകര ഇൻഡക്സ് അനുസരിച്ച് ഏറ്റവും ക്രൂരമായ ഭീകരഗ്രൂപ്പാണ് ഇവർ. മിതവാദികളെന്ന് അവകാശപ്പെടുന്ന ഇന്ത്യയിലെ മുസ്‌ലീംകൾപോലും ഇത്തരം കൂട്ടക്കൊലകളെ പരസ്യമായി അപലപിക്കാൻ മറക്കുന്നുണ്ട്.

### ഇറാക്കിന്റെ പാഠങ്ങൾ

ഇറാക്ക്, സിറിയ, ലിബിയ തുടങ്ങിയ രാജ്യങ്ങളിൽ ആഗോള ഭീകര സംഘടനയായ ഐഎസ്ഐഎസിന്റെ ആഭിമുഖ്യത്തിൽ നടന്ന കൂട്ടക്കൊലകളിലെ ഇരകളിൽ ഭൂരിപക്ഷവും ക്രൈസ്തവരാണ്. ക്രൈസ്തവരുടെ വംശീയ ഉന്മൂലനം ലക്ഷ്യമിട്ട് ഐഎസ് ഭീകരർ നടപ്പാക്കിയ അതിക്രൂരമായ കൊലകളുടെ വീഡിയോകൾ മനസു മരവിപ്പിക്കുന്നതായിരുന്നു. ഐഎസിനു പുറമെ മറ്റ് ഇസ്‌ലാമിക ഭീകരഗ്രൂപ്പുകളും വിവിധ രാജ്യങ്ങളിലായി ക്രൈസ്തവർക്കെതിരേ അക്രമങ്ങളും കൊലപാതകങ്ങളും തുടരുന്നു.


▶ 14

# കേരളരാഷ്ട്രീയത്തിലെ ഭീഷ്മാചാര്യർ

വിളക്കുമരം



ഡോ. സിറിയക് തോമസ്

**തി**രുവിതാംകൂറിൽ ഒരു കാലത്ത് മഹാരാജാവും ദിവാൻ സർ സി.പി. രാമസ്വാമി അയ്യരും ഒഴിച്ച് സർവരും 'സർ' എന്ന വിശേഷണം ചേർത്തു സംബോധന ചെയ്തിരുന്ന ഒരാളേയുണ്ടായിരുന്നുള്ളൂ: അതു പട്ടം താണുപിള്ളയാണ്. ഒരു നിയോഗം പോലെ തിരുവിതാംകൂറിലും തിരുക്കൊച്ചിയിലും പിന്നെ കേരളത്തിലും മുഖ്യമന്ത്രിയാകുവാൻ യോഗമുണ്ടായതും പട്ടത്തിനുമാത്രം. പിന്നീട് കുറച്ചുകാലം പഞ്ചാബിലും തുടർന്ന് ആന്ധ്രയിലും അദ്ദേഹം ഗവർണറായി. പക്ഷേ, ചരിത്രത്തിൽ പട്ടത്തിന്റെ അപൂർവസ്ഥാനം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രസിഡന്റ് എന്ന നിലയിലാണ്. പാർട്ടിയിലുണ്ടായിരുന്ന കാലത്തോളം അദ്ദേഹംതന്നെയായിരുന്നു പാർട്ടി പ്രസിഡന്റ്. പ്രസിഡന്റ് സ്ഥാനത്തുനിന്ന് മാറേണ്ടിവന്നേക്കുമെന്ന സംശയം വന്നപ്പോഴേ പാർട്ടിയിൽനിന്നുതന്നെ രാജിവയ്ക്കുകയും ചെയ്തു. പിന്നീട് പ്രജാ സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ അതിന്റെയും ചെയർമാനായിരുന്നു പട്ടം. കേരളജനതപത്രത്തിന്റെ പത്രാധിപരും. പട്ടം ഗവർണറായിപ്പോകുംവരെ ആ പാർട്ടിക്ക് കേരളത്തിൽ മറ്റൊരു ചെയർമാനുണ്ടായിരുന്നില്ല.

കൃഷിവകുപ്പിൽ സാധാരണ സർക്കാർ ഉദ്യോഗസ്ഥനായിട്ടായിരുന്നു തുടക്കം. സർക്കാരുദ്യോഗം വിട്ട് വക്കീലായി. നിയമസഭാംഗമായി. സ്റ്റേറ്റ് കോൺഗ്രസിന്റെ സ്ഥാപകപ്രസിഡന്റും പി.എസ്.സിയുടെ സ്ഥാപകചെയർമാനുമായി. മൂന്നുതവണ മുഖ്യമന്ത്രിയായി. തിരുവിതാംകൂറിലെ ആദ്യത്തെ മുഖ്യമന്ത്രി മാത്രമല്ല ആദ്യത്തെ പ്രതിപക്ഷനേതാവുമായി. മത്സരിച്ച നിയമസഭാതിരഞ്ഞെടുപ്പുകളിലെല്ലാം ജയിച്ചു. ഒരേ മണ്ഡലം – തിരുവനന്തപുരം രണ്ട്. പരാജയപ്പെട്ടതും തിരുവനന്തപുരത്തുനിന്ന് ഒരിക്കൽ, പാർലമെന്റിലേക്കു മത്സരിച്ചപ്പോൾ മാത്രം. വാസ്തവത്തിൽ അമിതമായ ആത്മവിശ്വാസംകൊണ്ടു സംഭവിച്ച ഒരു രാഷ്ട്രീയാബദ്ധമായിരുന്നു അത്. തോറ്റതു വെറും ആയിരത്തിൽ താഴെ വോട്ടുകൾക്കും. താണുപിള്ളയുടെ മനസ്സിൽ ഒരിക്കലും കരിയാത്ത ഒരു മുറിവായിത്തീർന്നു തിരുവനന്തപുരത്തുണ്ടായ ആ ഒരേയൊരു തിരഞ്ഞെടുപ്പുപരാജയം. തിരുവനന്തപുരത്തുകാർക്കു മഹാരാജാവ് കഴിഞ്ഞാൽ ഏറ്റവും ആരാധ്യനായിരുന്നതും താണുപിള്ളസാർതന്നെ. തിരുവനന്തപുരത്ത് താണുപിള്ളസാറും, പൊന്നമ്മസാറും ഒരു കാലഘട്ടത്തെ അപ്പാടെ തങ്ങളുടെ സ്വന്തം കൈയിൽ കൊണ്ടുനടന്നവരായിരുന്നു. വിചിത്രമായിത്തോന്നാമെങ്കിലും പൊന്നമ്മസാറും താണുപിള്ളസാറെന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. ആകൃതിയിലും പ്രകൃതിയിലും സവിശേഷവ്യക്തിത്വമായിരുന്നു പട്ടത്തിന്. ആളുകൾ അദ്ദേഹത്തെ എപ്പോഴും പട്ടമെന്നു പറഞ്ഞു. നേരിൽ താണുപിള്ള സാറെന്നും വിളിച്ചു. നില്പിലും നടപ്പിലും വാക്കിലും നോക്കിലും അധികാരവും ആജ്ഞാശക്തിയും പ്രസരിപ്പിച്ച പട്ടം അധികാരത്തിലിരിക്കുമ്പോഴും അധികാരപദവികൾക്കു പുറത്തുനിന്നപ്പോഴും 'ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടുകയില്ല' എന്ന പ്രമാണത്തെയാണ് പ്രതിഫലിപ്പിച്ചത്. ആരോ ഒരിക്കൽ പറഞ്ഞുവത്രേ, ആരു രാജാവായാലും തിരുവനന്തപുരംകാർക്ക് ഒരു രാജാവേയുള്ളൂ – ശ്രീചിത്തിരതിരുനാൾ. ആരു മുഖ്യമന്ത്രിയായാലും തിരുവനന്തപുരംകാർക്ക് ഒരു മുഖ്യമന്ത്രിയേയുള്ളൂ – പട്ടം താണുപിള്ള. ഒരു തിരുമേനിയേയുള്ളൂ തിരുവനന്തപുരംകാർക്ക് – ബനഡിക്ട് മാർ ഗ്രിഗോറിയോസ്, തിരുവനന്തപുരത്തിന്റെ മനഃശാസ്ത്രമാണത്രേ അത്. പട്ടത്തുള്ള തന്റെ വസതിയിൽനിന്നു വലിയൊരു വളഞ്ഞ കാലുള്ള കുടയുംചൂടി താണുപിള്ളസാർ തലയെടുപ്പോടെ നടന്ന് എന്നും രാവിലെ പുളിമൂട്ടിലെ ഓഫീസിലേക്കു പോകുന്നത് ആളുകൾ ആദരവോടെ നോക്കിനിന്നിരുന്നുവത്രേ. വഴിയോരത്തെ കടകളിലുള്ളവർപോലും എഴുന്നേറ്റുനിൽക്കുന്നതും പതിവായിരുന്നു. തന്റെ നേരേനോക്കി ആദരവോടെ കൈകൂപ്പുന്നവർക്കു നേരേ അദ്ദേഹവും ഒന്നു ചിരിച്ചിരുന്നു. ആരുടെ മുമ്പിലും തലകുനിക്കുന്ന ശീലമില്ലാതിരുന്നതുകൊണ്ടാവാം താണുപിള്ളസാർ തന്നെ വണങ്ങുന്നവരെപ്പോലും തിരിച്ചുവണങ്ങുമായിരുന്നില്ല. രാജാവിന്റെ മുന്നിൽ മാത്രമാണ് താണുപിള്ളസാർ തൊഴുതിരുന്നത്. രാജഭരണത്തിനെതിരേ പ്രക്ഷോഭണം നയിക്കുമ്പോഴും പട്ടം താണുപിള്ളയുടെ രാജഭക്തിക്ക് ഒട്ടും കുറവുണ്ടായിരുന്നില്ല എന്നതായിരുന്നു ശ്രദ്ധേയം. കവടിയാറിനോടുള്ള (കൊട്ടാരം) തന്റെ ഭക്തി പട്ടം ഒരിക്കലും ഒട്ടും ഒളിപ്പിച്ചതുമില്ല. വൈരുധ്യങ്ങളേറെയുണ്ടായിരുന്ന ആ വ്യക്തിത്വം സമാനകളില്ലാത്തതായിരുന്നു.

ജനാധിപത്യകേരളത്തിന്റെ രാഷ്ട്രീയാചാര്യനായിരുന്ന താണുപിള്ള പക്ഷേ, ഒരു ജനാധിപത്യവാദിയാണെന്നൊന്നും ആരും ഒരിക്കലും കരുതിയിട്ടില്ല. പട്ടവും അങ്ങനെ വാദിച്ചില്ല. ഒരിക്കലും അങ്ങനെ ഭാവിച്ചതുമില്ല.


മുഖ്യമന്ത്രിയെന്ന നിലയിൽ സാങ്കേതികമായി അദ്ദേഹവും സമന്മാരിൽ ഒന്നാമനായിരുന്നുവെന്നു പറയാമെങ്കിലും സഹമന്ത്രിമാരെപ്പോലും തന്റെ സഹപ്രവർത്തകരായി ഒരിക്കലും അദ്ദേഹം കണ്ടിരുന്നില്ല. താൻ നേതാവും മറ്റുള്ളവർ അനുയായികളുമെന്നേ അദ്ദേഹം കരുതിയിരുന്നുള്ളൂ. മുതിർന്ന നേതാക്കളായിരുന്ന സി. കേശവനോ, ടി.എം. വർഗ്ഗീസിനോപോലും മറിച്ചൊരു പരിഗണന പട്ടത്തിൽനിന്ന് ഒരിക്കലും കിട്ടിയതുമില്ല. അതായിരുന്നു പട്ടം താണുപിള്ളയുടെ നേതൃത്വശൈലി.

പക്ഷേ, പാർലമെന്ററി നടപടിക്രമങ്ങളെ അങ്ങേയറ്റം ആദരിക്കുവാൻ അദ്ദേഹം എന്നും ശ്രദ്ധിച്ചിരുന്നു. പാർലമെന്ററി അല്ലാത്തതൊന്നും നിയമസഭയിൽ ഒരിക്കലും പട്ടം പറഞ്ഞില്ല, ചെയ്തതുമില്ല. ചെയറിനെ എപ്പോഴും അങ്ങേയറ്റം ആദരിച്ചു. തന്നെക്കാൾ ഏറെ ജൂണിയറായവർ സ്പീക്കർമാരായപ്പോഴും അവരെ സ്പീക്കർസാർ എന്നും സംബോധന ചെയ്യാൻ അദ്ദേഹത്തിന് അശേഷം വിഷമമുണ്ടായില്ല. എന്നാൽ, പട്ടത്തെ ബഹു.മെമ്പർ എന്നു പറയുവാൻ മിക്ക സ്പീക്കർമാർക്കും വല്ലാത്ത മാനസികസമ്മർദം അനുഭവിക്കേണ്ടിവന്നിരിക്കുമെന്നതിൽ തർക്കവുമില്ല.

സ്വതേ ഒട്ടൊരു ഗൗരവപ്രകൃതിയായിരുന്നു താണുപിള്ള. നേതൃത്വത്തിന്റെ ഒരകലം പാലിക്കുവാനും പട്ടം ശ്രദ്ധിച്ചിരുന്നു. പക്ഷേ, നിയമസഭയിൽ ടി.എം. വർഗീസിന്റെയും കൊച്ചീക്കൽ ബാലകൃഷ്ണൻതമ്പിയുടെയും ജോസഫ് ചാഴികാടന്റെയുമൊക്കെ നർമം അദ്ദേഹം നന്നായി ആസ്വദിക്കുകയും ചെയ്തു. പക്ഷേ, നിയമസഭയിലോ സദസ്സിലോ പട്ടം ഒരിക്കലും തമാശ പറയുമായിരുന്നില്ല.

മൂന്നു തവണ മുഖ്യമന്ത്രിയായപ്പോഴും അധികാരത്തിലേക്കുയർത്തിയവർതന്നെ പിന്നീട് പട്ടത്തെ അധികാരത്തിൽ നിന്നിറക്കുകയായിരുന്നു. ആദ്യതവണ അതിനു നേതൃത്വം നൽകിയതു സ്വന്തം മന്ത്രിസഭയിലെ സഹപ്രവർത്തകരായിരുന്ന ടി.എം. വർഗീസും സി. കേശവനുമായിരുന്നെങ്കിൽ തിരുക്കൊച്ചി മുഖ്യമന്ത്രിപദത്തിൽനിന്നു താഴെയിട്ടതാകട്ടെ പനമ്പിള്ളിയുടെ നേതൃത്വത്തിൽ പുറത്തുനിന്നു പിന്തുണ നൽകിയ കോൺഗ്രസ് തന്നെയായിരുന്നു. കോൺഗ്രസ് പിന്തുണയോടെ ഭരിക്കുമ്പോഴും പിൻതാങ്ങിപ്രതിപക്ഷമെന്നു പട്ടം പലപ്പോഴും കോൺഗ്രസിനെ പരിഹസിച്ചിരുന്നുവെന്നതു മറ്റൊരു കാര്യം.

മൂന്നാം പ്രാവശ്യവും പട്ടത്തിനു മുഖ്യമന്ത്രിപദം പോയെങ്കിലും പഞ്ചാബ് ഗവർണറായിട്ടായിരുന്നു അത്തവണത്തെ മാറ്റം. കോൺഗ്രസ് – പി.എസ്.പി. ബന്ധം വല്ലാതെ വഷളായ സന്ദർഭം. കോൺഗ്രസിൽ ആർ. ശങ്കറും പി.റ്റി. ചാക്കോയും കൈകോർത്തു നിന്നതോടെ അധികാരമത്സരം രൂക്ഷമായി.



പട്ടം താണുപിള്ള

ആദ്യം പട്ടത്തിന്റെ വിശ്വസ്തനായിരുന്ന പി.റ്റി. ചാക്കോ പിന്നീട് പട്ടത്തിനെതിരേ ശങ്കറിനോടൊപ്പം ചേർന്നതോടെ പട്ടം വല്ലാതെ ക്ഷുഭിതനായി. ചാക്കോയോടദ്ദേഹം ഒരിക്കലും ക്ഷമിച്ചതുമില്ല. പട്ടത്തെ ഗവർണറായി പഞ്ചാബിലേക്കയയ്ക്കുവാൻ ലാൽബഹദൂർശാസ്ത്രിയോട് ബുദ്ധി ഉപദേശിച്ചതും ചാക്കോതന്നെയാണെന്നായിരുന്നു താണുപിള്ളയുടെ വിശ്വാസം. മുഖ്യമന്ത്രിപദത്തിലായിരുന്നു പട്ടത്തിന് എന്നും താത്പര്യം. എന്നാൽ, ഗവർണർപദവിയുടെ പകിട്ടു പട്ടത്തിനു കുറച്ചൊക്കെ ആകർഷകമായി തോന്നാതെയുമിരുന്നില്ല. പൊന്നമ്മസാറും ഒരു മാറ്റത്തോടനുകൂലിച്ചതോടെ പട്ടം അന്നു ശാസ്ത്രിയുടെ ഓഫർ സ്വീകരിക്കുകയാണുണ്ടായത്.

രണ്ടു വർഷം പഞ്ചാബിലും പിന്നീട് ആന്ധ്രയിലും ഗവർണറായ പട്ടം കാലാവധി പൂർത്തിയാക്കി തിരുവനന്തപുരത്തു തിരിച്ചെത്തുമ്പോഴേക്കും പ്രായം കുറെയേറെ കടന്നിരുന്നു. രോഗങ്ങളും താണുപിള്ളയെ വല്ലാതെ ക്ലേശിപ്പിച്ചു. പക്ഷേ, രോഗശയ്യയിലും അദ്ദേഹം സ്വതഃസിദ്ധമായ പ്രതാപത്തോടെതന്നെ കിടന്നു.

അക്കാലത്തൊരിക്കൽ ഞാൻ സന്ദർഭവശാൽ പട്ടത്തുള്ള അദ്ദേഹത്തിന്റെ വസതിയിൽ ചെന്ന് താണുപിള്ളസാറിനെ കാണാൻ ഇടയായത് ഇന്നും എന്റെ ഓർമ്മയിലുണ്ട്. അന്നു ഞാൻ പാലാ കോളജിൽ അധ്യാപകനാണ്. മറ്റേതോ കാര്യത്തിനു തിരുവനന്തപുരത്തു ചെന്നതാണ്. എന്തുകൊണ്ടെന്നറിയില്ല, താണുപിള്ളസാറിനെ ചെന്നുകാണണമെന്നു തോന്നി. മകളാണു വന്നു വാതിൽ തുറന്നത്. പാലായിൽനിന്നാണു വരുന്നതെന്നും ആർ.വി. തോമസിന്റെ മകനാണെന്നും താണുപിള്ളസാറിനെ കാണാൻ വന്നതാണെന്നും പറഞ്ഞു. അച്ഛനോടൊന്നു പറഞ്ഞിട്ടുവരാമെന്നായി അവർ. ഞാൻ വരാന്തയിൽ കാത്തുനിന്നു. അര മിനിട്ടിനുള്ളിൽ അവർ തിരികെവന്നു. അകത്തോട്ടു ചെല്ലാമെന്ന് ആഗ്യം കാട്ടി.

ഞാൻ ചെല്ലുമ്പോൾ സാമാന്യം വിശാലമായ മുറിയിൽ വലിയൊരു കട്ടിലിലാണു കിടക്കുന്നത്. പട്ടത്തിന്റെ പദവിക്കൊത്തു തന്നെ കിടപ്പ്. ഞാൻ തല കുനിച്ചു കൈകൂപ്പി തൊഴുതു. അദ്ദേഹം ചെറുതായൊന്നു വലതുകൈ ഉയർത്തിയതേയുള്ളൂ. കട്ടിലിനടുത്തിട്ടിരുന്ന കസേരയിലിരിക്കുവാൻ നോട്ടംകൊണ്ടാംഗ്യം കാണിച്ചു. ഇരുന്നപ്പോൾ എന്റെ നേർക്കുനോക്കി ഹൃദ്യമായി ചിരിച്ചു. എനിക്കും ധൈര്യമായി. സാറിനെ കാണാൻ വന്നതാണെന്നു പറഞ്ഞപ്പോൾ നന്ദിസൂചകമായി വീണ്ടും ചെറിയ ചിരി.


ആർ.വി.ക്ക് എത്ര മക്കളാണെന്നു ചോദിച്ചു. എട്ടെന്നുപറഞ്ഞപ്പോൾ വീണ്ടും ചിരി. എന്നിട്ട് എന്റെ നേരേ നോക്കാതെ പറഞ്ഞു: "ആർ.വി. ഒന്നും സമ്പാദിച്ചില്ല അല്ലേ?" ഞാൻ തല കുലുക്കിയതേയുള്ളൂ. എന്നിട്ടു വീണ്ടും ചോദ്യമായി "മിസ്സിസ്സ് ആർ.വി.?" അമ്മ സുഖമായിരിക്കുന്നു. ഇപ്പോൾ യാത്രയൊന്നുമില്ല എന്നു ഞാൻ പറഞ്ഞപ്പോൾ ഒന്നു മൂളിയതേയുള്ളൂ. എന്നിട്ട് എന്റെ നേർക്കു നോക്കിപ്പറഞ്ഞു: "നന്നായിവരും."

ഞാൻ എഴുന്നേറ്റു. അദ്ദേഹം കിടന്ന കട്ടിലിനോടു ചേർന്ന് ഒരു മുട്ടിന്മേൽ ആശീർവാദം തേടി എന്ന മട്ടിൽ നിന്നപ്പോൾ അദ്ദേഹം രണ്ടു കൈകളും സാവധാനം എന്റെ നിറുകയിൽ ചേർത്തുവച്ചു. താണുപിള്ളസാറിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. എന്റെ കണ്ണുകളെ എനിക്കും നിയന്ത്രിക്കാനായില്ല. കേരളരാഷ്ട്രീയത്തിലെ ഭീഷ്മാചാര്യന്റെ നേർക്കു വീണ്ടും ഞാൻ തലകുനിച്ചു കൈകൂപ്പി വണങ്ങി. അദ്ദേഹം നിശ്ശബ്ദം എന്റെ നേർക്കുതന്നെ നോക്കി കിടന്നു, തികച്ചും രാജകീയമായി.

□



# വൈറസിനെ വരുതിയിലാക്കാൻ വാക്സിൻ?



തോമസ് കുഴിഞ്ഞാലിൽ

**ലോ**കമെമ്പാടുമുള്ള ശാസ്ത്രജ്ഞർ ഒരു വർഷക്കാലം രാവെന്നോ പകലെന്നോ ഭേദമില്ലാതെ അധ്വാനിച്ച് വിവിധ രാജ്യങ്ങളിൽ ഏതാണ്ട് ഒരേ സമയം കൊവിഡ് 19 നെതിരേയുള്ള പ്രതിരോധവാക്സിനുകൾ വികസിപ്പിച്ചിരിക്കുന്നു. ഏറ്റവും ചുരുങ്ങിയ സമയമെടുത്ത് മറുമരുന്നു കണ്ടുപിടിക്കാൻ കഴിഞ്ഞു എന്നതിൽ മാനവരാശിക്ക് അഭിമാനിക്കാൻ വകയുണ്ട്.

പത്തുകോടി ജനങ്ങളെ ബാധിക്കുകയും, 20 ലക്ഷത്തിലധികംപേരെ കൊന്നൊടുക്കുകയും ചെയ്ത കൊറോണ വൈറസുകളെ പിടിച്ചുകെട്ടാൻ ലോകമെമ്പാടുമുള്ള മരുന്നുകമ്പനികൾ മത്സരബുദ്ധ്യാ നീങ്ങിയതിനാൽ കാര്യങ്ങൾ എളുപ്പമായി. വിവിധ കമ്പനികൾ വികസിപ്പിച്ചെടുത്ത പ്രതിരോധമരുന്നുകൾ ഇതിനോടകം 40 രാജ്യങ്ങളിലെങ്കിലും എത്തിക്കുകയും വാക്സിനേഷൻ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയും ചെയ്യുന്നു.

കൊറോണവൈറസുകളെ പ്രതിരോധിക്കാനുള്ള പ്രോട്ടീനുകൾ മനുഷ്യശരീരത്തിൽ ഉത്പാദിപ്പിക്കുന്ന സാങ്കേതികവിദ്യയാണ് എല്ലാ കമ്പനികളും വികസിപ്പിച്ചെടുത്തത്. കോശങ്ങളിൽ ജനിതകമാറ്റം വരുത്താനുതകുന്ന രാസപദാർത്ഥങ്ങളാണ് വാക്സിനുകളിലുള്ളത്. വൈറസുകളുടെ പുറത്തുള്ള സ്പൈക് പ്രോട്ടീൻ നിർമിക്കാനാവശ്യമായ കോഡാണ് mRNA വാക്സിൻ നൽകുന്നത്. ഇതു നിർമിക്കുന്നതിനുള്ള നിർദേശങ്ങൾ ഉൾക്കൊണ്ട ജനിതകം ശരീരത്തിൽ എത്തുന്നതോടെ കോശങ്ങൾ വൈറസിനു പുറത്തുള്ള സ്പൈക് പ്രോട്ടീൻ ഉത്പാദിപ്പിക്കുന്നു. ശരീരകോശങ്ങൾക്കു യോജിക്കാത്ത പ്രോട്ടീനുകളെ പുറന്തള്ളാൻ ശരീരം സജ്ജമാകുന്നു. പുതുതായി രൂപംകൊണ്ട പ്രോട്ടീനുകളെ നശിപ്പിക്കാൻ ആവശ്യമായ കോശങ്ങളെ (immune cells) ശരീരം ഉത്പാദിപ്പിക്കുകയും ശത്രുവിനെ തുരത്തുകയും ചെയ്യുന്നു.

ഈ കണ്ടുപിടിത്തത്തിലൂടെ അവിശ്വസനീയമായ ഗുണഫലങ്ങളാണ് വെളിപ്പെട്ടത്. പ്ഫൈസർ, മൊഡേർണ, ബയോൺടെക്, (pfizer, moderna, Biontech) തുടങ്ങിയ കമ്പനികൾ നിർമിച്ച വാക്സിനുകളാണ് ഏറ്റവും മികച്ചവയെന്നു പറയപ്പെടുന്നുണ്ട്. കൊവിഡ് 19 നെതിരേയുള്ള ആദ്യവാക്സിൻ നിർമിച്ചത് റഷ്യയിലാണെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. 'സ്പുട്നിക്-5' എന്നു നാമകരണം ചെയ്യപ്പെട്ട വാക്സിൻ സ്വന്തം രാജ്യത്തു പോലും പ്രചാരം നേടിയില്ല. 'സൈനോഫോം' എന്നു പേരിട്ട വാക്സിൻ ചൈനയുടേതാണ്. ഓക്സ്ഫോർഡ് സർവകലാശാലയും ആസ്ട്രാസെനേക്ക എന്ന ഗവേഷണസ്ഥാപനവും പൂനയിലെ സെറം ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചു പുറത്തിറക്കിയതാണ് 'കോവിഷീൽഡ്' വാക്സിൻ. യുകെയിൽ നടത്തിയ പ്രാഥമികപരീക്ഷണങ്ങൾ വിജയിച്ചതോടെയാണ് നമ്മുടെ രാജ്യത്തും അനുമതി നൽകിയത്. കൊവിഷീൽഡിന്റെ ഇന്ത്യൻ പതിപ്പാണ് വിതരണത്തിനായി എത്തിച്ചിരിക്കുന്നത്. 1,600 പേരിലായിരുന്നു ആദ്യപരീക്ഷണം. ഇവിടത്തെ പരീക്ഷണഫലങ്ങളും യുകെയിലെ പഠനഫലങ്ങളും സമാനമാണെന്നു കണ്ടെത്തി.

പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയും ഹൈദരാബാദിലെ ഭാരത് ബയോടെക്കും, ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചുമായി (ICMR) സഹകരിച്ചു വികസിപ്പിച്ചെടുത്ത പ്രതിരോധമരുന്നാണ് 'കോവാക്സിൻ' തദ്ദേശീയമായി നിർമിച്ചെടുത്ത കോവാക്സിൻ പരീക്ഷണങ്ങളുടെ അന്ത്യഘട്ടത്തിലാണ്. പ്രാഥമികപരീക്ഷണങ്ങൾ മൃഗങ്ങളിലാണു നടത്തിയത്. ഒന്നും രണ്ടും ഘട്ടങ്ങൾ മനുഷ്യരിൽ പരീക്ഷിച്ചെങ്കിലും ഫലങ്ങൾ പുറത്തുവന്നിട്ടില്ല. മൂന്നാംഘട്ട പരീക്ഷണങ്ങൾകൂടി വിജയിച്ചെങ്കിലേ വാക്സിൻ വിപണിയിലെത്തിക്കാനാവൂ. കോവിഷീൽഡിനോടൊപ്പം കോവാക്സിനും ഡ്രഗ്സ് കൺട്രോളർ ജനറലിന്റെ (ഡിസിജിഐ) അനുമതി നൽകിയത് വിമർശനവിധേയമായിട്ടുണ്ട്. കോവാക്സിനെതിരേ ഉയർന്ന വിമർശനങ്ങൾക്ക് ഭാരത് ബയോടെക് സിഎംഡി കൃഷ്ണ എല്ല പ്രതികരിച്ചതിങ്ങനെ: "ഇതുവരെ 16 ൽപ്പരം വാക്സിനുകൾ വികസിപ്പിച്ചെടുത്ത അനുഭവസമ്പത്ത് ഞങ്ങൾക്കുണ്ട്. ക്ലിനിക്കൽ പരീക്ഷണങ്ങളെല്ലാം സുതാര്യമായിട്ടാണു നടത്തിയത്. ആഗോളകമ്പനിയെന്ന നിലയിൽ യുകെയിലടക്കം പരീക്ഷിച്ചതാണ്.'' ഡ്രഗ്സ് കൺട്രോളറുടെ അനുമതി നൽകിയതിന്റെ സന്തോഷത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വികാരാധീനനായി പറഞ്ഞു: ''ലോകത്തെ ഏറ്റവും വലിയ പ്രതിരോധയജ്ഞത്തിനാണ് നമ്മുടെ രാജ്യം തുടക്കമിടുന്നത്. രണ്ടു വാക്സിനുകളും നമ്മുടെ രാജ്യത്തു നിർമിക്കാൻ സാധിച്ചതിൽ അഭിമാനിക്കുന്നു. വളരെ പ്രതികൂലസാഹചര്യങ്ങളിലും വിശിഷ്ടസേവനം കാഴ്ചവയ്ക്കുന്ന ഡോക്ടർമാരടക്കമുള്ള ആരോഗ്യപ്രവർത്തകർ, ശാസ്ത്രജ്ഞർ, കൊവിഡ് പോരാളികൾ, ശുചീകരണത്തൊഴിലാളികൾ, പോലീസ് സേനാംഗങ്ങൾ എന്നിവരോട് പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു. സ്വന്തം ജീവൻ പണയപ്പെടുത്തിയും നിരവധി ജീവനുകൾ രക്ഷിച്ചത് നിങ്ങളാണ്."

"പൂർണസുരക്ഷ ഉറപ്പാക്കിയാണ് രണ്ടു വാക്സിനുകൾക്കും അനുമതി നൽകിയിട്ടുള്ളത്. മുൻഗണനപ്പട്ടികയിലുള്ള 3 കോടി ആരോഗ്യപ്രവർത്തകർക്കാണ് ആദ്യഘട്ടത്തിൽ കോവിഷീൽഡ് വാക്സിൻ നൽകുന്നത്. രണ്ടാംഘട്ടത്തിൽ 30 കോടി പേർക്ക് വാക്സിനേഷൻ നടത്തും. മൂന്നാംഘട്ടപരീക്ഷണങ്ങളുടെ ഫലം വരുന്നതോടെ കോവാക്സിനും ഉപയോഗിച്ചുതുടങ്ങും. അലർജി, നേരിയ പനി, ശരീരവേദന എന്നിവ ഏതു കുത്തിവയ്പിനും സ്വാഭാവികമായിട്ടുള്ളതാണ്. അതിനപ്പുറമുള്ള വിമർശനങ്ങളിൽ കഴമ്പില്ല'' ഡ്രഗ്സ് കൺട്രോളർ ജനറൽ ഡോ. വി.ജി. സോമാനി വെളിപ്പെടുത്തി.

പരീക്ഷണാടിസ്ഥാനത്തിൽ വാക്സിനേഷൻ എടുത്തവർക്ക് കൈകളിൽ നീര്, പനി, ശരീരവേദന എന്നിവ ഉണ്ടാകാമെങ്കിലും ആശങ്കപ്പെടേണ്ടതില്ലെന്നാണ് കൊവിഡ് വിദഗ്ധനും പ്രമുഖ പൾമനോളജിസ്റ്റുമായ ഡോ. ടിങ്കു ജോസഫിന്റെ അഭിപ്രായം. യുഎസിലും യുകെയിലുമുള്ള തന്റെ സുഹൃത്തുക്കളായ ഡോക്ടർമാർ വാക്സിൻ കുത്തിവച്ചുവെന്നും യാതൊരു പാർശ്വഫലങ്ങളും ഉണ്ടായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

ഇതിനിടെ, വാക്സിനേഷൻ എടുത്ത സ്ത്രീകൾക്ക് താടി കിളിർത്താലോ, പുരുഷന്മാർ മുതലകളായി മാറിയാലോ മരുന്നുകമ്പനികൾക്ക് ഉത്തരവാദിത്വമില്ലെന്നു പറഞ്ഞ ബ്രസീലിയൻ പ്രസിഡന്റ് ജയിർ ബൊൾ സനാരോയുടെ പ്രസ്താവന വിവാദമായിരിക്കുകയാണ്. പാർശ്വഫലങ്ങളുടെ ഉത്തരവാദിത്വം പ്ഫൈസർ കമ്പനി ഏറ്റെടുക്കില്ലെന്ന നിലപാടിനെതിരേ പ്രതികരിക്കുകയായിരുന്നു അദ്ദേഹം. 18 കോടിയോളം വരുന്ന ബ്രസീലിയൻ ജനതയിൽ 70 ശതമാനം പേർക്ക് ഒരു വർഷത്തിനകം വാക്സിൻ നൽകി രാജ്യത്തെ കൊവിഡ് മുക്തമാക്കുമെന്നാണ് ബൊൾസനാരോയുടെ അവകാശവാദം. അതേസമയം, വാക്സിനേഷൻ എടുക്കുന്നവരിൽ എന്തെങ്കിലും പാർശ്വഫലങ്ങളുണ്ടായാൽ അവയുടെ ഉത്തരവാദിത്വം സർക്കാരിനല്ല, കമ്പനികൾക്കായിരിക്കുമെന്ന് നരേന്ദ്ര മോദിയും പറയുന്നു. മനുഷ്യൻ ഗിനിപ്പന്നികളെപ്പോലെ ഒരു പരീക്ഷണവസ്തുവായി മാറുകയാണോയെന്ന് ഇവരുടെ പ്രസ്താവനകളിൽനിന്നു തോന്നിപ്പോകും.

കൊവിഡ് വാക്സിൻ സ്വീകരിക്കുന്നവരുടെ പ്രതിരോധശേഷി എത്ര നാളത്തേക്കു നീളുമെന്ന് പ്രവചിക്കാൻ നിർമാണകമ്പനികൾക്കു കഴിയാത്തത് ന്യൂനതയാണ്. ആറു മാസംമുതൽ ഒരു കൊല്ലംവരെ രോഗം വരില്ലെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. രോഗികളുമായി അടുത്തിടപഴകുന്ന ആരോഗ്യപ്രവർത്തകർ വർഷത്തിൽ രണ്ടു തവണയെങ്കിലും വാക്സിനേഷനു വിധേയരാകേണ്ടിവരും.

വാക്സിനേഷൻ രോഗപ്പകർച്ച തടയുമെങ്കിലും രോഗത്തിന്റെ പൂർണമായ ഉന്മൂലനം സാധ്യമാകില്ലെന്നാണ് പ്രമുഖ ആരോഗ്യവിദഗ്ധനായ ഡോ. ബി. ഇക്ബാലിന്റെ അഭിപ്രായം. കൊറോണവൈറസുകൾക്ക് ഞൊടിയിടയിൽ ഉണ്ടാകുന്ന ജനിതകമാറ്റമാണ് പ്രധാന കാരണം. ഒരു മഹാമാരി (pandemic) എന്ന അവസ്ഥയിൽനിന്ന് ചുരുക്കി ഒരു പ്രാദേശികരോഗമായി (endemic) കൊവിഡിനെ ഒതുക്കിനിറുത്താമെന്നാണു പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.






# ക്ലിയോപാട്രയുടെ റോമൻ ബന്ധം



പ്രഫ. ചാണ്ടി സഖറിയാസ്

**സീ**സർ റോമിലേക്കു പോയി കുറെ നാളുകൾക്കു ശേഷം അദ്ദേഹത്തോടു കൂടിച്ചേരുന്നതിനായി ക്ലിയോപാട്ര റോമിലേക്കു യാത്ര തിരിച്ചു. സീസറിന്റെ പുത്രനോടൊപ്പം റോമിലെത്തിയ ക്ലിയോപാട്രയ്ക്ക് ആകാശംവരെ ഉയർന്നുനില്ക്കുന്ന സ്വപ്നങ്ങളുണ്ടായിരുന്നു. തന്റെ പുത്രൻ ഒരു കാലത്തു റോമിന്റെ സിംഹാസനത്തിലിരിക്കുന്നത് അവർ മനസ്സിൽ കണ്ടിരിക്കാം.

റോമിന്റെ സുവർണകാലഘട്ടമായിരുന്നു അത്. ലോകം മുഴുവൻ റോമിലേക്കു നോക്കിയിരുന്നു. അതുകൊണ്ടാണ് 'എല്ലാ റോഡുകളും റോമിലേക്ക് എത്തുന്നു' എന്ന ചൊല്ലുണ്ടായത്. റോമിന്റെ പ്രൗഢഗംഭീരമായ ശൈലിയിൽ ക്ലിയോപാട്ര അവിടെ സ്വീകരിക്കപ്പെട്ടു. 1963 ൽ പുറത്തിറങ്ങിയ എലിസബത്ത് ടെയിലറും റിച്ചാർഡ് ബർട്ടനും ചേർന്ന് അഭിനയിച്ച, 'ക്ലിയോപാട്ര' എന്ന വിശ്വോത്തരചലച്ചിത്രം കണ്ടാൽ ഇതിനെപ്പറ്റി ഏകദേശം രൂപം കിട്ടും. ക്ലിയോപാട്രയുടെ റോം പ്രവേശനം കണ്ണഞ്ചിപ്പിക്കുന്ന സിനിമാസ്റ്റൈലിലാണ് ചിത്രീകരിച്ചിരിക്കുന്നത്. ലോകത്തിൽ ഇതുവരെ സെല്ലുലോയിഡിൽ നിർമ്മിച്ചതിൽ, ഏറ്റവും കൂടുതൽ പണം ചെലവായ രംഗം ഇതാണെന്നു പറയുന്നു. അന്ന് 44 മില്യൻ ഡോളർ ചെലവായ ചിത്രത്തിൽ എലിസബത്ത് ടെയിലറുടെ വസ്ത്രങ്ങൾക്കു മാത്രം ചെലവായതു രണ്ടു ലക്ഷം ഡോളറാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ പണം മുടക്കി നിർമിച്ച ചിത്രവും അതായിരുന്നു.



'ക്ലിയോപാട്ര' ചലച്ചിത്രത്തിൽ മാർക്ക് ആന്റണിയായി അഭിനയിച്ച റിച്ചാർഡ് ബർട്ടൻ

റോമിൽ തനിക്കുകിട്ടിയ കൊട്ടാരത്തിൽ പ്രതാപൈശ്വര്യങ്ങളോടെ ക്ലിയോപാട്ര കഴിഞ്ഞു.



*1963 ൽ ഇറങ്ങിയ 'ക്ലിയോപാട്ര' ചലച്ചിത്രത്തിൽ ക്ലിയോപാട്രയായി അഭിനയിച്ച എലിസബത്ത് ടെയിലർ.*

റോമിലായിരുന്നപ്പോൾ അവർ പല കാര്യങ്ങളിലും സീസറിനെ സഹായിച്ചിരുന്നു. അധിവർഷ (ലീപ്ഇയർ)ത്തോടുകൂടിയ ജൂലിയൻ കലണ്ടർ അന്നാണ് ഉണ്ടാക്കുന്നത്. റോമിന്റെ ടൗൺപ്ലാനിംഗിലും ശുദ്ധജലവിതരണത്തിലും സീസർ അവരുടെ ഉപദേശം തേടി. ക്ലിയോപാട്ര റോമിലെ ഫാഷൻ ഐക്കണായിക്കഴിഞ്ഞിരുന്നു. റോമിലെ പ്രൗഢവനിതകൾ കൂടുതലായി അവരുടെ വസ്ത്രാലങ്കാര രീതികളും കേശാലങ്കാരവും അനുകരിച്ചുതുടങ്ങി. അവർതന്നെ ഉണ്ടാക്കിയെടുത്ത ഒരു ദേവതാതുല്യമായ പരിവേഷം അവർക്കുണ്ടായിരുന്നു. ഇന്നും ലോകത്തിലെ ഫാഷൻ കേന്ദ്രങ്ങളിൽ ക്ലിയോപാട്ര സ്റ്റൈൽ സജീവമാണ്; ആ പേരും.

ഇതിനിടെ, സീസർ ലോകം കണ്ട ഏറ്റവും വലിയ ഒരു ചതിയുടെയും വഞ്ചനയുടെ ചുഴിയിൽ വീഴുകയായിരുന്നു അദ്ദേഹത്തിന്റെ ആത്മാർത്ഥസുഹൃത്തുക്കളായിരുന്ന ബ്രൂട്ടസും കാഷ്യസുംകൂടി സീസറിനെ കൊല ചെയ്തു. അദ്ദേഹത്തിന്റെ മരുമകനും വളർത്തുപുത്രനുമായ ഒക്ടോവിയൻ മാർക്ക് ആന്റണിയുടെ സഹായത്തോടെ പകരം വീട്ടി, ശത്രുക്കളെ നശിപ്പിച്ച് ഭരണത്തിന്റെ സിരാകേന്ദ്രത്തിലെത്തി. റോമൻ രാഷ്ട്രീയത്തിലും തന്റെ സാമ്രാജ്യസ്വപ്നങ്ങളിലും ഒറ്റപ്പെട്ട് നിസ്സഹായയും നിരാശ്രയയുമായി ക്ലിയോപാട്ര ഈജിപ്തിലേക്കു തിരിച്ചുപോന്നു.

റോമിന്റെ ഭരണം ഒക്ടോവിയനും മാർക്ക് ആന്റണിയും ലെപ്പിഡസും ചേർന്ന രണ്ടാമത്തെ മൂവർസംഘത്തിൽ (ട്രൈം വിറേറ്റ്) പൂർണമായി നിക്ഷിപ്തമായി. ഈജിപ്ത് ഉൾപ്പെടെയുള്ള പടിഞ്ഞാറൻപ്രദേശങ്ങളുടെമേൽ അധികാരമുണ്ടായിരുന്ന മാർക്ക് ആന്റണി കാർത്തേജ് ആക്രമിക്കുകയെന്ന ലക്ഷ്യവുമായി ഈജിപ്തിലേക്കു വന്നു. ക്ലിയോപാട്ര തന്റെ വശീകരണശക്തികൊണ്ട് മാർക്ക് ആന്റണിയെ പാട്ടിലാക്കി. ഗ്രീക്കുചരിത്രകാരനായ പ്ലൂറ്റാർക്ക്, സ്വപ്നസമാനമായ ഒരു കപ്പലിൽ ഐസിസ് ദേവതയെപ്പോലെ അണിഞ്ഞൊരുങ്ങിയ ക്ലിയോപാട്ര ആന്റണിയെ എതിരേൽക്കുന്ന രംഗം വിവരിക്കുന്നുണ്ട്. വെള്ളികൊണ്ടുള്ള തുഴകൾ അലകളെ തലോടുന്ന കപ്പലിൽ സംഗീതജ്ഞരും നർത്തകരും ക്ലിയോപാട്രയ്ക്ക് അകമ്പടി സേവിച്ചു. കപ്പലിന്റെ ഇരുവശങ്ങളിലെ കുഴലുകളിൽക്കൂടി സുഗന്ധദ്രവ്യങ്ങളുടെ പരിമളം ഒഴുകിവന്നിരുന്നു.

ഗ്രീക്ക് പുരാണകഥകളെ വെല്ലുന്ന ഒരു പ്രണയകഥയിൽ മാർക്ക് ആന്റണിയും ക്ലിയോപാട്രയും പാത്രങ്ങളായി. ഈജിപ്ഷ്യൻ ദേവതയായിരുന്ന ഐസിസിനോടു ക്ലിയോപാട്ര ആരംഭംമുതൽ തന്നെത്തന്നെ താരതമ്യപ്പെടുത്തിയിരുന്നു. രൂപത്തിലും ഭാവത്തിലും അങ്ങനെ ജനമധ്യത്തിൽ പ്രത്യക്ഷപ്പെടാനും ശ്രദ്ധിച്ചിരുന്നു. അവരുടെ വീക്ഷണത്തിൽ മാർക്ക് ആന്റണി ഐസിസിന്റെ ഭർത്താവായിരുന്ന ഒസിറിസ് ദേവനായിരുന്നു. അങ്ങനെ വിഖ്യാതപ്രണയജോടികളായി അവർ ഒരുമിച്ചുകഴിഞ്ഞുവന്നു. അവർക്കു മൂന്നു കുട്ടികളുമുണ്ടായി.

റോമിൽ മാർക്ക് ആന്റണിക്കെതിരേയുള്ള വികാരം ഉയരുകയായിരുന്നു. റോമിന്റെ താത്പര്യങ്ങൾ അയാൾ ക്ലിയോപാട്രയ്ക്കുവേണ്ടി ബലികഴിക്കുന്നതായി ആരോപിക്കപ്പെട്ടു. ഒക്ടോവിയന്റെ സഹോദരിയെയാണ് മാർക്ക് ആന്റണി ആദ്യം വിവാഹം കഴിച്ചിരുന്നത്. നേരത്തേതന്നെ, ക്ലിയോപാട്ര ജൂലിയസ് സീസറിനെ വശീകരിച്ചെടുത്തതാണ് എന്നു റോമിൽ സംസാരമുണ്ടായിരുന്നു. അപ്പോഴേക്കും ഒക്ടോവിയൻ ആന്റണിയിൽനിന്നു വളരെ അകന്നിരുന്നു. ഒക്ടോവിയന്റെ പ്രേരണയോടുകൂടി സെനറ്റ് ഈജിപ്തിനെതിരേ യുദ്ധം പ്രഖ്യാപിച്ചു.

**ആക്ടിയം യുദ്ധം**

ഗ്രീസിലെ ആക്ടിയം എന്ന സ്ഥലത്തുവച്ച് ഒക്ടോവിയൻ, മാർക്ക് ആന്റണിയുടെയും ക്ലിയോപാട്രയുടെയും സംയുക്ത സൈന്യത്തോട് ഒരു നാവികയുദ്ധത്തിൽ ഏറ്റുമുട്ടി. ക്ലിയോപാട്രതന്നെ നയിച്ചിരുന്ന കപ്പൽവ്യൂഹമുണ്ടായിരുന്ന യുദ്ധത്തിൽ ഒക്ടോവിയൻ എതിരാളികളെ പൂർണമായി പരാജയപ്പെടുത്തി. ഈജിപ്തിലേക്കു തിരിച്ചെത്തിയ മാർക്ക് ആന്റണി, ക്ലിയോപാട്ര മരിച്ചുവെന്നോർത്ത് തെറ്റിദ്ധരിച്ച് ആത്മഹത്യ ചെയ്തു. പിന്നീടു ക്ലിയോപാട്ര ഒരു സർപ്പത്തിനെക്കൊണ്ട് കടിപ്പിച്ച് ആത്മഹത്യ ചെയ്തുവെന്നാണ് പറയപ്പെടുന്നത്. പക്ഷേ, അവരെ എംബാം ചെയ്ത് ഒരുമിച്ചു സംസ്കരിക്കുവാൻ ഒക്ടോവിയൻ അനുവദിച്ചു. പക്ഷേ, ഇതുവരെയുള്ള ഗവേഷണങ്ങൾക്കൊന്നും ലോകത്തിലെ പുകൾപെറ്റ ആ പ്രണയജോടികളുടെ അന്തിമവിശ്രമസ്ഥലം കണ്ടെത്താനായിട്ടില്ല. അവരുടെ അനശ്വരപ്രേമത്തിന് മേൽച്ചാർത്തു നല്കി ഷേക്സ്പിയർ എഴുതി: 'നോ ഗ്രേവ് അപ്ഓൺ ദ എർത്ത് ഷാൽ ക്ലിപ് ഇൻ ഇറ്റ് എ പെയർ സോ ഫെയിമസ്.' ലോകത്തിലെ ഒരു ശവകുടീരത്തിലും ഇത്രയും പ്രസിദ്ധരായ ഒരു പ്രണയജോടി ശയിക്കുന്നുണ്ടാവില്ല. ക്ലിയോപാട്രയ്ക്കു സീസറിലുണ്ടായിരുന്ന പുത്രനും കൊല്ലപ്പെട്ടു.

ഒരു മാസ്മരികവ്യക്തിത്വത്തിനുടമയായിരുന്ന ക്ലിയോപാട്ര ഒരിക്കലും വിവാദങ്ങൾക്ക് അതീതയായിരുന്നില്ല. നിലനില്പിനുവേണ്ടി തന്റെ സൗന്ദര്യവും തന്ത്രജ്ഞതയും ബുദ്ധിശക്തിയും മാറി മാറി ഉപയോഗിക്കുവാൻ അവർക്കു കഴിയുമായിരുന്നു. ആദ്യം പിതാവിന്റെ പിന്തുണയോടുകൂടിയും പിന്നീടു റോമിന്റെ പിൻബലം ഉറപ്പിച്ചും അവർ ഈജിപ്ത് ഭരിച്ചു. ഭരണത്തിലും ഫാഷനിലും ഭാഷാപ്രയോഗത്തിലും വിവിധ വിഷയങ്ങളിലും യുദ്ധതന്ത്രങ്ങളിലും അവർക്കുണ്ടായിരുന്ന പ്രാവീണ്യവും ആർക്കും പെട്ടെന്ന് നിഷേധിക്കാൻ കഴിയുമായിരുന്നില്ല. കുലീനപാരമ്പര്യവും ആരെയും കീഴ്പ്പെടുത്തുന്ന വശ്യതയാർന്ന വ്യക്തിവിലാസവും ശക്തിയും പ്രാബല്യവും ഉണ്ടായിരുന്നുവെങ്കിലും ജീവിതം അവരെ സംബന്ധിച്ച് ദുഃഖപര്യവസായിയായ ഒരു നാടകമായിരുന്നു. ഒരുപക്ഷേ, അവരുടെ അടങ്ങാത്ത മോഹങ്ങളും ആഗ്രഹങ്ങളും അവരുടെ പതനത്തിനു പിമ്പിലുണ്ടായിരുന്നു. എങ്കിലും, ലോകചരിത്രത്തിൽ എന്നും പ്രഭ ചൊരിയുന്ന ഒരു വെള്ളിനക്ഷത്രമായും മനുഷ്യമനസ്സുകളിൽ ഉണങ്ങാത്ത ഒരു കണ്ണീർത്തുള്ളിയായും അവർ നിലനില്ക്കും, ലോകാവസാനംവരെ.

(തുടരും)

## മലയാളി വൈദികനെ പൊന്തിഫിക്കൽ ബൈബിൾ കമ്മീഷനംഗമായി മാർപാപ്പാ നിയമിച്ചു

റോം: ഈശോസഭാംഗവും മലയാളിവൈദികനുമായ ഫാ. ഹെൻട്രി പട്ടരുമഠത്തിനെ റോമിലെ പൊന്തിഫിക്കൽ ബൈബിൾ കമ്മീഷനംഗമായി ഫ്രാൻസിസ് പാപ്പാ നിയമിച്ചു. പ്രശസ്ത ബൈബിൾ പഠനകേന്ദ്രമായ ബിബ്ലികുമ്മിലെ പ്രൊഫസറായി സേവനം ചെയ്തുവരികെയാണ് വത്തിക്കാനിൽനിന്ന് അദ്ദേഹത്തിന് പുതിയ നിയമനം ലഭിച്ചത്. ബിബ്ലികുമ്മിലും, ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലുമായാണ് ഫാ. ഹെൻട്രി ബൈബിൾ പഠനം പൂർത്തിയാക്കിയത്.

കെസിബിസി ബൈബിൾ പരിഷ്കരണ കമ്മീഷൻ അംഗമായ അദ്ദേഹം കേരളത്തിനകത്തും പുറത്തുമായി പല സെ



മിനാരികളിൽ അധ്യാപകനും ധ്യാനപ്രസംഗകനുംകൂടിയാണ്. പൊന്തിഫിക്കൽ കമ്മീഷനിൽ നിയമിക്കപ്പെടുന്ന രണ്ടാമത്തെ മലയാളിയാണ് ഹെൻട്രി അച്ചൻ.

ദീപനാളം

ചീഫ് എഡിറ്റർ &
മാനേജിംഗ് ഡയറക്ടർ: ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. ജോസഫ് തെരുവിൽ

ജ്ഞാനം നേടുന്നവനും അറിവു ലഭിക്കുന്നവനും ഭാഗ്യവാനാണ്.
സുഭാഷിതങ്ങൾ 3:13

**എഡിറ്റോറിയൽ**

# പ്ലാസ്റ്റിക് നിരോധനം പാഴ്‌വേലയാകരുത്

2020 ജനുവരി ഒന്നുമുതൽ പ്ലാസ്റ്റിക് നിരോധനനിയമം പ്രാബല്യത്തിലായ സംസ്ഥാനമാണു കേരളം. ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ സംസ്ഥാനത്തു നിരോധിക്കാൻ അന്നു മന്ത്രിസഭയെടുത്ത തീരുമാനം, വേണ്ടത്ര മുന്നൊരുക്കമോ ആലോചനയോ ഇല്ലായിരുന്നുവെന്ന വിമർശനത്തിടയാക്കിയെങ്കിലും, പൊതുവേ കേരളജനത സ്വാഗതം ചെയ്തിരുന്നു. പക്ഷേ, മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള സമസ്തമേഖലകളെയും കൈയടക്കി പ്ലാസ്റ്റിക് നമ്മെ പൊതിഞ്ഞുസൂക്ഷിക്കുന്ന പതിവുകാഴ്ചയാണ് പിന്നീടു കാണേണ്ടിവന്നത്.

പ്ലാസ്റ്റിക് ക്യാരിബാഗുകൾ, പ്ലേറ്റുകൾ, കപ്പുകൾ, തെർമോകോൾ, പ്ലാസ്റ്റിക് ഭക്ഷണപ്പൊതികൾ തുടങ്ങിയവ നിയമംമൂലം നിരോധിക്കപ്പെട്ടെങ്കിലും, പൂർണമായി നടപ്പിലാക്കാൻ ഒരു വർഷം പിന്നിട്ടിട്ടും സർക്കാരിനു കഴിഞ്ഞിട്ടില്ല. തുണി, പേപ്പർ ബാഗുകൾ, കൈത്തറിയിലും ജൂട്ടിലുമുള്ള ഉത്പന്നങ്ങൾ, തുണിയിലും ചാക്കിലുമുള്ള ബാഗുകൾ തുടങ്ങിയവ പ്ലാസ്റ്റിക്കിനു പകരമായി വിപണയിൽ വേണ്ടത്ര മതിപ്പുളവാക്കിയില്ല. കാലം തെറ്റിപ്പെയ്യുന്ന മഴ കേരളത്തിൽ സർവസാധാരണമായിരിക്കേ, ഇവയിൽ പലതും, ആശ്രയിക്കാനാവാത്ത വിധം ദുർബലസ്വഭാവമുള്ളതിനാൽ മാർക്കറ്റിൽ സജീവമാകാനും സാധ്യത കുറവാണ്. അതായത്, നിയമത്തിന്റെ പേരിൽമാത്രം പ്ലാസ്റ്റിക് നിരോധനം പലേടങ്ങളിലും പ്രാവർത്തികമായിരിക്കുന്നുവെന്നു സാരം.

പ്ലാസ്റ്റിക് നിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ കഴിഞ്ഞ വർഷം തീരുമാനിച്ച ഭീമമായ പിഴയീടാക്കൽനയം ഫയലിൽനിന്നു പൊടിതട്ടി പുറത്തുവന്നിരിക്കുന്നതാണു പുതിയ വാർത്ത. പ്ലാസ്റ്റിക് മാലിന്യങ്ങൾ തുറസായ സ്ഥലത്തു കത്തിച്ചാൽ അര ലക്ഷം രൂപ വരെ പിഴയീടാക്കുമെന്ന ഭീഷണിനയമാണിത്. പ്രസ്തുതാധികാരം പഞ്ചായത്ത്, നഗരസഭ സെക്രട്ടറിമാർക്കാണു ലഭിക്കുന്നത്. ആദ്യതവണ 10,000 രൂപ, രണ്ടാം തവണ 25,000 രൂപ, മൂന്നാം തവണ 50,000 രൂപ എന്നിങ്ങനെയാണ് 'പിഴപീഡ'യുടെ പുത്തൻനയം.

റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ചു നിർമിച്ച കവറുകളിലും കണ്ടെയ്നറുകളിലും പാത്രങ്ങളിലും ഭക്ഷണമോ പാനീയമോ സൂക്ഷിക്കാനോ വിതരണം ചെയ്യാനോ പായ്ക്കു ചെയ്യാനോ പുതിയ നിയമം അനുവദിക്കുന്നില്ല. പുനരുപയോഗം സാധ്യമല്ലാത്ത പ്ലാസ്റ്റിക് വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നവർ ഉപയോഗശേഷം തിരിച്ചെടുക്കാനുള്ള സംവിധാനമൊരുക്കണം. അതിനു കഴിയില്ലെങ്കിൽ ഉത്പന്നങ്ങൾ വിൽക്കാൻ പാടില്ല.

ഹരിതമിഷൻ ഏജൻസികളും കർമസേനകളും സ്ഥാപനങ്ങളിൽനിന്നും വീടുകളിൽനിന്നും ശേഖരിക്കുന്നതും സംസ്കരിക്കുന്നതുമായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കിയുള്ള ത്രൈമാസ, വാർഷികറിപ്പോർട്ടുകൾ തദ്ദേശസ്ഥാപനസെക്രട്ടറിക്കു നല്കണം എന്നുതുടങ്ങിയുള്ള കർശനമായ നിർദേശങ്ങളാണുള്ളത്.

റിപ്പബ്ലിക് ദിനമായ ജനുവരി 26 ന് കേരളത്തിലെ 10,000 സർക്കാർ ഓഫീസുകളും പൊതുമേഖലാസ്ഥാപനങ്ങളും മുഖ്യമന്ത്രി പിണറായി വിജയൻ 'ഹരിത'യായി പ്രഖ്യാപിക്കുമെന്നുള്ളത് മറ്റൊരു ശ്രദ്ധേയമായ വാർത്തയാണ്.

ഗ്രീൻ പ്രോട്ടോക്കോൾ വെരിഫിക്കേഷൻ സൂചികയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ സ്ഥാപനങ്ങൾ ഹരിതമാവുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ വൃത്തിയാക്കാനും ജലസ്രോതസ്സുകളെയും മണ്ണിനെയും സംരക്ഷിക്കാനും സർക്കാർ വിഭാവനം ചെയ്ത ഹരിതകേരളം മിഷനാണ് പുതിയ പദ്ധതിയുടെയും ആസൂത്രണവും നടപ്പാക്കലും നിർവഹിക്കുന്നത്. പ്ലാസ്റ്റിക്, തെർമോകോൾ എന്നിവ ഉപയോഗിച്ചു നിർമിച്ച എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളുടെയും ഉപയോഗം നിർത്തിവയ്ക്കുകയും, ഉത്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവു കുറയ്ക്കുകയും, ജൈവ-അജൈവ മാലിന്യങ്ങൾ വെവ്വേറെ ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തുകൊണ്ടാണ് ഓഫീസുകൾ ഹരിതപ്രോട്ടോക്കോൾ പാലിക്കുന്നത്. ജൈവ പച്ചക്കറിത്തോട്ടങ്ങളും ജലം, വൈദ്യുതി എന്നിവ സംരക്ഷിക്കാനുള്ള സൗകര്യങ്ങളും ഹരിത ഓഫീസുകളിലുണ്ടാവും. ചുരുക്കത്തിൽ, പരിസ്ഥിതിസൗഹൃദസഹകരണസംവിധാനത്തിലേക്ക് സർക്കാർ ഓഫീസുകൾ മാറുന്നതുവഴി, ജീവനക്കാരുടെയും സന്ദർശകരുടെയും പെരുമാറ്റത്തിലും മനോഭാവത്തിലും പച്ചപ്പു സൃഷ്ടിക്കുകയാണ് 'ഹരിത' യുടെ ഉദ്ദേശ്യം.

സർക്കാരിന്റെ ഈ പ്രഖ്യാപനം പുതിയ ബജറ്റവതരണം പോലെതന്നെ 'വികസനവിപ്ലവ'ത്തിനു കാരണമാകുന്നതാണെങ്കിലും, നയം നടപ്പിലാകണമെങ്കിൽ നന്നായി ഹോംവർക്കു ചെയ്യേണ്ടതുണ്ട്. അല്ലെങ്കിൽ, ഭരണകാലാവധി തീരാൻ സംസ്ഥാനസർക്കാരിനു മൂന്നു മാസം മാത്രം പ്രായമുണ്ടായിരിക്കെ, ബജറ്റിൽ അമ്പരിപ്പിച്ച വാഗ്ദാനപ്പെരുമഴ വർഷിച്ചതുപോലെ 'ഹരിത'യുടെ പേരിലും, പ്രഖ്യാപനപ്പെരുമഴയിൽ ജനത്തെ ചുമ്മാ കുളിപ്പിച്ചു കളിപ്പിക്കാം. അങ്ങനെ സംഭവിക്കാതിരിക്കട്ടെ എന്നാശംസിക്കാം. □

# കലാകാരന്മാർക്കു പിന്തുണയുമായി കെസിബിസി മീഡിയ കമ്മീഷൻ

കൊച്ചി: കൊവിഡ് വ്യാപനത്തോടെ തൊഴിൽപരമായും സാമ്പത്തികമായും പ്രതിസന്ധിയിലായ കേരളത്തിലെ കലാകാരന്മാർക്കു പിന്തുണയുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുമെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ മീഡിയ കമ്മീഷൻ അറിയിച്ചു. ആദ്യഘട്ടത്തിൽ 'ആൾട്ടർ' (ആർട്ട് ലവേഴ്സ് ആൻഡ് തിയറ്റർ എൻതൂസിയാസ്റ്റ്സ് റൂട്ട്) എന്ന പേരിൽ പാലാരിവട്ടം പിഒസിയിൽ പ്രതിമാസ രംഗകല അവതരണങ്ങൾ നടത്തും.

ഇതിന്റെ തുടർച്ചയായി കേരളത്തിലെ പ്രഫഷണൽ നാടകരചയിതാക്കൾ, സംവിധായകർ, അഭിനേതാക്കൾ എന്നിവർക്കുവേണ്ടി കേരളത്തിലെ പ്രഗല്ഭ നാടകവിദഗ്ധരും കലാകാരന്മാരുമായ എം. തോമസ് മാത്യു, ടി.എം. ഏബ്രഹാം, ജോൺ ടി. വേക്കൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ക്രിയാത്മകചർച്ചയും പരിശീലനവും സംവാദവും നടക്കും.

ആൾട്ടറിന്റെ ഉദ്ഘാടനം 24 നു വൈകിട്ട് അഞ്ചിനു പാലാരിവട്ടം പിഒസിയിൽ കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവഹിക്കും. പിഒസി ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി അധ്യക്ഷത വഹിക്കും.

മുതിർന്ന നാടകനടി കെപിഎസി ബിയാട്രീസ് മുഖ്യാതിഥിയാകും. മാധ്യമ കമ്മീഷൻ സെക്രട്ടറി ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ, ഫാ. സ്റ്റീഫൻ തോമസ് എന്നിവർ പ്രസംഗിക്കും. ആൾട്ടറിന്റെ ആദ്യ രംഗാവതരണമായി നിരവധി പുരസ്കാരങ്ങൾ നേടി ശ്രദ്ധേയമായ കൊച്ചിൻ ചന്ദ്രകാന്തയുടെ നാടകം 'അന്നം'അരങ്ങേറും. പ്രവേശനം പാസ് മൂലം. പാസിനു ബന്ധപ്പെടേണ്ട നമ്പർ: 8281 054 656.

തുടർന്നുള്ള മാസങ്ങളിൽ രംഗാവതരണങ്ങൾ നടത്തുന്നതിനു കലാകാരന്മാരിൽനിന്നും നാടകസംഘങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, കെസിബിസി മാധ്യമ കമ്മീഷൻ, പിഒസി, പാലാരിവട്ടം, കൊച്ചി 682025.

# മൂന്നുനോമ്പിന്റെ നിറവിൽ കുറവിലങ്ങാട്

## 26 ന് കപ്പൽപ്രദക്ഷിണം

കുറവിലങ്ങാട്: ആഗോള മരിയൻ തീർത്ഥാടനകേന്ദ്രമായ കുറവിലങ്ങാട് ഇടവകയും ലക്ഷക്കണക്കായ മുക്തിയമ്മഭക്തരും തിരുനാളുകളുടെ പുണ്യത്തിലേക്ക്. മൂന്നുനോമ്പുതിരുനാൾ, ദേശത്തിരുനാൾ, വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ എന്നിവയിലൂടെ ഒരു മാസത്തിനുള്ളിൽ വലിയ ആത്മീയവിരുന്നിന് ആതിഥ്യമരുളുന്നതിനുള്ള തയ്യാറെടുപ്പിലാണ് ഇടവകസമൂഹം.

തിരുനാളുകളിലും തിരുക്കർമങ്ങളിലും വിശ്വാസികളുടെ പങ്കാളിത്തം പൂർണമായും കൊവിഡ് മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും ക്രമീകരിക്കുന്നത്.



24 ന് മൂന്നുനോമ്പു തിരുനാളിനു കൊടിയേറും. 25, 26 തീയതികളിലാണ് പ്രധാന തിരുനാൾ. പ്രസിദ്ധമായ കപ്പൽപ്രദക്ഷിണം 26 നാണ്. ഫെബ്രുവരി ഏഴിന് ദേശത്തിരുനാളുകൾക്കും പത്താം തീയതി തിരുനാളിനും കൊടിയേറും. 13,14 തീയതികളിലാണ് വി. സെബസ്ത്യാനോസിന്റെ തിരുനാൾ.

ആർച്ചുപ്രീസ്റ്റ് റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ, സീനിയർ അസി. വികാരിയും തിരുനാൾ ജനറൽ കൺവീനറുമായ ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ, അസി. വികാരിമാർ, കൈക്കാരന്മാർ, യോഗപ്രതിനിധികൾ, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിലാണ് ക്രമീകരണങ്ങൾ പുരോഗമിക്കുന്നത്.

**വായന**

## വിശുദ്ധ മാർട്ടിൻ ഡി പോറസ്


ഗ്രന്ഥകർത്താ : ഷാജി മാലിപ്പാറ
പ്രസാധനവും
വിതരണവും : ആത്മ ബുക്സ്, കോഴിക്കോട്
വില : 40 രൂപ




ദൈവം നോക്കുന്നത് മനുഷ്യന്റെ തൊലിയിലേക്കല്ല; മറിച്ച്, അവരുടെ ആത്മാവിലേക്കാണ്. ആത്മാവിന്റെ വെണ്മയാണു പ്രധാനം. ഈ സത്യം നമ്മെ പഠിപ്പിക്കുന്ന കറുത്ത പുണ്യവാൻ എന്നറിയപ്പെടുന്ന മാർട്ടിൻ ഡി പോറസിന്റെ ജീവിതകഥ.

## മാർഗരറ്റിന്റെ മാണിക്യം

ഗ്രന്ഥകർത്താ : ഷാജി മാലിപ്പാറ
പ്രസാധനവും
വിതരണവും : ആത്മ ബുക്സ്, കോഴിക്കോട്
വില : 40 രൂപ




കുട്ടികളോടൊപ്പം ഉല്ലസിച്ച വിശുദ്ധ ഡോൺബോസ്കോയുടെ ജീവിതകഥ. തെമ്മാടികളായ കുട്ടികളെ മാലാഖമാരാക്കാൻ ദൈവം ഭൂമിയിലേക്കയച്ച പുണ്യവാൻ. കളിയും ചിരിയും പാട്ടും പ്രാർത്ഥനയും മാജിക്കും സർക്കസുമൊക്കെയായി അദ്ദേഹം കുട്ടികളെ സ്വർഗത്തിനുവേണ്ടി നേടി.



കഥ

നിഷ ആന്റണി

# ഡിസംബർ മുപ്പത്തിയൊന്നിന് സംഭവിച്ചത്

**രംഗം 1**

ഇന്റൻസീവ് ട്രോമാ കെയർ യൂണിറ്റിനുള്ളിൽ സ്റ്റാഫ് നേഴ്സിന്റെ മുന്നിലിരുന്ന് ഭർത്താവിന്റെ ഡയാലിസിസിനുവേണ്ടിയുള്ള സമ്മതപത്രം ഒപ്പിടുമ്പോൾ ജനനിയുടെ നെഞ്ചിൽനിന്ന് പിരിമുറുകി പൊട്ടാൻ തക്കവണ്ണം ഒരു തണുത്ത തേങ്ങൽ പുറപ്പെട്ടു. അത് കരച്ചിലിന്റെ വക്കോളമെത്തിയപ്പോൾ മാസ്ക് അതിന്റെ ശബ്ദതരംഗങ്ങളെ തടഞ്ഞുനിർത്തി. വൈഫ് ഓഫ് ഗൗതം എന്നെഴുതി ഒപ്പിട്ടശേഷം, സമ്മതപത്രം മടക്കിനൽകിയപ്പോൾ ഔദ്യോഗികരേഖകളിൽ മാത്രം തനിക്കു കിട്ടുന്ന അംഗീകാരത്തിന് അജീർണ്ണം ബാധിച്ചതുപോലെ തോന്നി.

"നിങ്ങൾ എത്രയും പെട്ടെന്ന് ഈ മരുന്ന് വാങ്ങിച്ചു വരൂ. എന്നാലേ ഡയാലിസിസ് തുടങ്ങുകയുള്ളൂ..."

ഇമകളടച്ച് കണ്ണീരൊതുക്കാനുള്ള ശ്രമത്തിനിടയിൽ അദ്ദേഹത്തിന്റെ എ.റ്റി.എം. കാർഡുമായി പുറത്തേക്കിറങ്ങി. ആശുപത്രിയുടെ വലതു ഭാഗത്തായുള്ള എ.റ്റി.എം. കൗണ്ടറിനുമുന്നിലേക്കു നടക്കുമ്പോൾ ക്രിസ്മസ് കഴിഞ്ഞ് വെയിലേറ്റ് വാടിയ പുൽക്കൂടിനുള്ളിലിരുന്ന് ഉണ്ണിയേശു ജനനിയെ നോക്കി ചിരിച്ചു. എ.റ്റി.എം. കൗണ്ടറിനു മുന്നിലെ നീണ്ട വരിയിൽ അവസാനം നിന്ന ആളുടെ അടുത്തേക്ക് ജനനി നടന്നു.

"മോനേ, ഈ കാർഡീന്ന് പൈസ ഒന്നെടുത്ത് തരാമോ? എനിക്കറിഞ്ഞൂടാഞ്ഞിട്ടാണ്..."

"ചേച്ചി നമ്പർ പറഞ്ഞോളൂ..."

ജനനിയിൽനിന്ന് അജ്ഞത വീണ്ടും ഉറയൂരി. നനവുമാറാത്ത കൺപീലികൾ കണ്ടിട്ടാവണം ചെറുപ്പക്കാരൻ പറഞ്ഞു:

"ചേച്ചി വിഷമിക്കണ്ട.. പിൻ നമ്പർ ചോദിച്ച് വന്നോളൂ. ഞാനിവിടെയുണ്ടാവും."

ഒരുപക്ഷേ, മകൾക്കറിയാമായിരിക്കും. ഫോണിൽ മകളെ വിളിച്ചന്വേഷിച്ചപ്പോൾ അച്ഛന്റെ ഫോണിൽ സേവ് ചെയ്തിട്ടുണ്ട് അമ്മ നോക്കൂ എന്നു പറഞ്ഞതോടെ ജനനിയുടെ അജ്ഞത ഒന്നുകൂടി പത്തിവിടർത്തി. ആശുപത്രിക്കുള്ളിലേക്കു തിരികെ നടക്കുമ്പോൾ ജനനി ഗൗതമിനെക്കുറിച്ചോർത്തു.

ഗൗതമിന്റെ പിറവിയും ജീവിതവും ഉയരങ്ങളിലായിരുന്നു. ഇരുപത്തിനാലു മണിക്കൂറും അതിലധികവും ശരീരത്തിലെ അവയവങ്ങൾക്ക് അമിതാദ്ധ്വാനം നൽകി ബിസിനസും, സൗഹൃദങ്ങളുമായി അദ്ദേഹം നടന്നപ്പോൾ ഒപ്പമെത്താൻവേണ്ടി താൻ കിതച്ചു. അടുക്കളയും കിടപ്പുമുറിയുമായി ജീവിതമൊതുങ്ങിയപ്പോൾ ആത്മാവിന് എന്തൊക്കെയോ നഷ്ടപ്പെട്ടുപോകുന്നതറിഞ്ഞ് നിശ്ശബ്ദയായി നൊമ്പരപ്പെട്ടു.

ഗൗതം സുമുഖനായിരുന്നു. ധനവാനായിരുന്നു. സമർത്ഥനായിരുന്നു, പ്രശസ്തനായിരുന്നു. വിജയിക്കാനായി പിറന്നവനായിരുന്നു... പക്ഷേ, തനിക്കാരുമായിരുന്നില്ല.

പെട്ടെന്നൊരു ദിവസം കിഡ്നി പണിമുടക്കിയപ്പോൾ ഗൗതമിന് വെറുതേയിരിക്കാൻ ധാരാളം സമയം ലഭിച്ചു. അയാൾ ആശുപത്രിയിൽ കിടന്നുകൊണ്ട്, ജനനിയെ കാണണമെന്നാവശ്യപ്പെട്ടു. മലമൂത്രവിസർജ്യങ്ങളും, കഫത്തിന്റെ പൂപ്പലുകളും വൃത്തിയാക്കാനൊരാളെക്കിട്ടാൻ ബുദ്ധിമുട്ടാണെന്ന് അക്കാലത്തുമാത്രം ഗൗതം തിരിച്ചറിഞ്ഞു. വില കൊടുത്തു വാങ്ങിക്കാൻ സാധിക്കാത്ത ഒരപൂർവ്വ വസ്തുവായി ജനനിയുടെ സ്നേഹം അയാൾക്കു മുന്നിൽ മറഞ്ഞുനിന്നു. അവൾ നടന്ന് ഡയാലിസിസ് യൂണിറ്റിനു മുന്നിലെത്തി.

കോളിങ് ബെൽ അമർത്തിയപ്പോൾ രണ്ടു വാതിലുകളുടെ വിടവിൽ ഡോക്ടറുടെ മുഖം പ്രത്യക്ഷപ്പെട്ടു.

"എന്താണ്?"

"ഡോക്ടർ, ഞാൻ ഗൗതമിന്റെ ഭാര്യയാണ്. എനിക്ക് അദ്ദേഹത്തെ ഒന്നു കാണണം."

"കാര്യം പറയൂ..."

"പൈസ എട്ക്കണെങ്കില് കാർഡിന്റെ പിൻ നമ്പർ എനിക്കറിയില്ല."

അവളുടെ നിസ്സഹായവസ്ഥ നൂറു ശതമാനത്തിലെത്തിയിരുന്നതുകൊണ്ട് ഡോക്ടർ അകത്തേക്കു കയറ്റി.

"വരൂ,"

അകത്തേക്കു നടക്കുമ്പോൾ ജനനിയുടെ കാലുകൾ തണുത്തിരുന്നു. മുറിക്കുള്ളിൽ ഡെറ്റോളിന്റെ ഗന്ധത്തെക്കാൾ അധികമായി സാനിറ്റൈസറിന്റെ ഗന്ധം നിറഞ്ഞുനിന്നു. അന്യഗ്രഹപേടകത്തിലെന്ന പോലെ ജനനി ഗൗതമിന്റെ അടുക്കലേക്കു നടന്നു.

അയാൾക്കപ്പോൾ അവളുടെ അജ്ഞതയെ വിമർശിക്കാൻ തോന്നിയില്ല.. ഗൗതം പിൻ നമ്പർ പറഞ്ഞുകൊടുത്തു. പുതുരക്തം ഊറ്റിക്കുടിക്കുവാൻവേണ്ടി തയ്യാറെടുത്തിരുന്ന അയാളുടെ കൈകൾ സാവധാനം ജനനിയുടെ കൈകളുടെമേൽ സ്പർശിച്ചു. ജലം പുരണ്ട കണ്ണുകളോടെ ഗൗതം അവളുടെ കൈകൾക്കു മീതെ തന്റെ കൈകൾ ചേർത്തുപിടിച്ചുകൊണ്ട് ഫോണിന്റെ സ്ക്രീനിൽ



പാറ്റേൺ ലോക്ക് മാറ്റുന്നതെങ്ങനെയെന്നു കാണിച്ചുകൊടുത്തു. ഒരേയൊരു നിമിഷം അയാളുടെ കണ്ണുകളിലേക്കു ജനനി നോക്കി...

"ജനനീ..."

വാക്കുകൾ വേദനകൊണ്ടു മുറിഞ്ഞതുപോലെ അയാളുടെ ചുണ്ടിലിരുന്ന് വ്രണപ്പെട്ടു. അയാൾക്കധികമൊന്നും സംസാരിക്കാൻ സാധിച്ചില്ല. അവരുടെ ഓരോ ചലനങ്ങളും ശ്രദ്ധിച്ചുകൊണ്ടിരുന്ന ഡോക്ടർ പറഞ്ഞു.

"സമയം അവസാനിച്ചിരിക്കുന്നു."

**രംഗം 2**

ഡയാലിസിസ് യൂണിറ്റിൽനിന്നിറങ്ങി പി.പി.ഇ. കിറ്റ് വേസ്റ്റ് ബിന്നിൽ നിക്ഷേപിച്ചശേഷം ഡോ. ഗൗരിശങ്കർ കൈയും മുഖവും കഴുകി വസ്ത്രം മാറി. പുറത്ത് തണുപ്പ് വർദ്ധിക്കുന്നു. നാളെ പുതുവർഷമാണ്.. ഇന്നിനി ക്ലബിലേക്കില്ല. നേരേ വീട്ടിലേക്കു പോണം... പോകുന്നവഴി പാതയോരത്ത് കാർ നിർത്തി ഫോൺ ഒന്ന് ഫോർമാറ്റ് ചെയ്തു. മഞ്ഞവെളിച്ചമുള്ള ഗരാജിൽ കാർ നിർത്തുന്ന ശബ്ദം കേട്ടപ്പോൾ ഭാര്യ സംഗീത മുറ്റത്തേക്ക് ഓടിയിറങ്ങി വന്നു.

"ഗൗരിയേട്ടൻ പോണില്ലേ ക്ലബില്...?"

"പോണുണ്ട്. നമ്മളൊരുമിച്ചു മാത്രം. അതിനുമുമ്പ് നിനക്കൊരു കാര്യം പറഞ്ഞുതരാമെന്നോർത്തു. ഇവിടെ വാ."

തന്റെ അരികിലെ സീറ്റിലേക്കു കയറിയിരുന്ന സംഗീതയുടെ നേർത്ത വിരലുകൾ കൈയിലെടുത്തു ചുംബിച്ചശേഷം ഡോ. ഗൗരിശങ്കർ താൻ കെട്ടിയുണ്ടാക്കിയ പാറ്റേൺ ലോക്ക് അവളുടെ വിരലുകൾ ഉപയോഗിച്ച് അഴിപ്പിച്ചു. സംഗീതയുടെ മുഖം മാറുന്നതും കണ്ണ് ജലാർദ്രമാവുന്നതും അയാൾ കണ്ടു.

"ഈ ഫോണിന്റെ ലോക്ക് മാറ്റിയപോലെ ഏട്ടന്റെ മനസ്സിന്റെ ലോക്കും മാറ്റ്വോ?"

ചോദ്യത്തിനുത്തരമായി ഡോ. ഗൗരിശങ്കർ സംഗീതയെ ചേർത്തുപിടിച്ച് കാതിൽ പറഞ്ഞു:

"ഹാപ്പി ന്യൂ ഇയർ."

---

കവിത

പ്രഫ. എ.ടി. ഏബ്രഹാം വാളനാട്ട്

# കവിതയുടെ വിളി

അണയുന്നരികത്തു ഞാൻ ക്ഷമാ-
പണമോടിന്നു മദീയ തൂലികേ,
ദിനമേറെ വിഷാദപൂർണയായ്
തനിയേ നീ കഴിയേണ്ടിവന്നുപോയ്.
    ഒരു ജോലി നടത്തിയിട്ടു നി-
    ന്നരികേയെത്തണമെന്നുറയ്ക്കിലും
    പരമാർത്ഥമുരച്ചിടട്ടെ, മുൻ
    സ്ഥിതിയിൽ താൻ തുടരേണ്ടിവന്നു ഞാൻ.
ഒരു ജോലി കഴിഞ്ഞു പിന്നതിൻ
പിറകോരോന്നുമണഞ്ഞു ജോലികൾ.
അവസാനമെഴാതെയാഴി ത-
ന്നലകൾ തീരമടുത്തിടുന്നപോൽ.
    ഇനിയും ഗതിയേവമെങ്കിൽ മോ-
    ഹനമീ വാസന നഷ്ടമായിടാം.
    വനമായ് തിരിയുന്നു ദീർഘനാൾ
    ജനസഞ്ചാരമെഴാത്ത പാതകൾ.
മമ ജീവിതയാത്രയിങ്കലെ-
സ്സമയം സർവ്വവുമാത്തമിത്രമേ,
തവ സൗഹൃദമാസ്വദിച്ചിടാ-
നിടയാകിൽ ചരിതാർത്ഥനായി ഞാൻ.
    ഉടലിന്നു കരുത്തെഴുമ്പൊഴും
    വടിതൻ താങ്ങൊടു നീങ്ങിടുമ്പൊഴും
    ഒടുവിൽ ബലമറ്റു ശയ്യമേ-
    ലടിയുമ്പോഴുമെനിക്കു നീ സഖി.
ഉലകിൻ രമണീയകാഴ്ചകൾ
പലതും ഞാൻ പ്രിയമോടു കാണവേ
തുലനത്തിനതീതയായി നീ
വിലസും വാസ്തവമോർത്തുപോയിടും.
    പുലർകാല വിഹംഗഗീതിയും
    ശലഭശ്രേണികൾ തൻ സ്വനങ്ങളും
    കുളിർകാറ്റു ചരിക്കെ മോദമോ-
    ടിളകും ഭൂരുഹ വാദ്യഘോഷവും.
മലർവാടികൾ, ശുദ്ധശീതളം
ജലമേന്തുന്ന സരോവരാദികൾ,
ഒളിയേറുമിവറ്റയൊന്നുമുൾ-
ക്കുളിരേകില്ല നിനക്കു തുല്യമായ്.
    ശ്രുതിമോഹനമായ ഗാനമോ,
    ഹൃദയാഹ്ലാദക വാഗ്വിലാസമോ,
    അഥവാ രസപുഷ്ടമാകുമ-
    ക്കഥയോ ഹൃത്സുഖമേവമേകുമോ?
വിവിധാർത്ഥ രസാദി പൂർണ സൽ-
ക്കവിതാ മാധുരിയാസ്വദിക്കുകിൽ
ഭുവിവാസ വിലാപയാത്രയിൽ
തുവരാതേതൊരു കണ്ണുനീരെഴാം?
    ഇതി നിൻ ഗുണപാടവാദികൾ
    ചിതമോടെണ്ണിടുവാൻ ശ്രമിക്കുകിൽ
    അതിനന്ത്യമെഴില്ല, വർണ്ണന
    മതി, നീ വർണ്ണനകൾക്കതീതയാം.
പരിചേറിന നൂറു പൂക്കൾ ഭാ-
സുരമീ വല്ലരി ചൂടി മേല്ക്കുമേൽ
പരിവൃദ്ധി ലഭിച്ചു വാഴുവാൻ
വരമേകട്ടെ സദാ കവീശ്വരി.

# ജനസംഖ്യാനുപാതികമാകണം ന്യൂനപക്ഷാനുകൂല്യങ്ങൾ






ഡോ. കുര്യാസ് കുമ്പളക്കുഴി

**ഈ** അടുത്ത നാളുകളിൽ സാധാരണ പതിവില്ലാത്തതുപോലെ കേരളത്തിലെ മുസ്ലീം ലീഗ് നേതാക്കൾ സമുദായനേതാക്കളെ സന്ദർശിക്കുന്നതായി കാണുന്നു. അതു വാർത്തയായത് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി അവർക്കു സന്ദർശനാനുമതി നിഷേധിച്ചതുകൊണ്ടാണ്. അതിനുമുമ്പുതന്നെ അവർ പല ക്രൈസ്തവസഭാധ്യക്ഷന്മാരെയും സന്ദർശിച്ചുകഴിഞ്ഞിരുന്നു.

ഈ സന്ദർശനങ്ങളൊന്നും കേവല സൗഹൃദപ്രേരിതമല്ല. അവരുടെ സാമുദായികവും രാഷ്ട്രീയവുമായ നിലപാടുകൾ മറ്റു സമുദായങ്ങളെ ബോധ്യപ്പെടുത്തുകയാണു ലക്ഷ്യം. അതിനു കാരണങ്ങളുണ്ട്.

കേരളത്തിലെ ഐക്യജനാധിപത്യമുന്നണിക്കു നേതൃത്വം നൽകുന്ന കോൺഗ്രസിനെ മറികടന്ന് മുന്നണിയിലെ വലിയ കക്ഷിയാകാനുള്ള മുസ്ലീം ലീഗിന്റെ പുതിയ നീക്കങ്ങൾ ഉണർത്തിയിരിക്കുന്ന ആശങ്കയാണൊരു കാരണം. മറ്റൊന്ന്, ന്യൂനപക്ഷാവകാശങ്ങളും ആനുകൂല്യങ്ങളും സിംഹഭാഗവും സ്വന്തം സമുദായത്തിനു നേടിക്കൊടുക്കാൻ മുമ്പ് മുസ്ലീംലീഗ് നേതാക്കൾ വിജയിച്ചിരിക്കുന്നതിൽ മറ്റു ന്യൂനപക്ഷങ്ങൾക്ക്, പ്രത്യേകിച്ച് ക്രൈസ്തവവിഭാഗങ്ങൾക്കുള്ള അമർഷവും പ്രതിഷേധവുമാണ്.

ഇതിൽ ആദ്യത്തേത് തികച്ചും രാഷ്ട്രീയമായതുകൊണ്ട് രാഷ്ട്രീയക്കാർക്കുതന്നെ വിടാം. രണ്ടാമത്തേത ങ്ങനെയല്ല. ക്രൈസ്തവർക്കുകൂടി ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന തുല്യനീതിയുടെയും അവസരസമത്വത്തിന്റെയും നിഷേധമാണത്. നമ്മുടെ ഭരണഘടന ഇന്ത്യയിലെ മതപരവും ഭാഷാപരവുമായ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രത്യേക അവകാശങ്ങളും സംരക്ഷണവും അനുവദിച്ചിട്ടുണ്ട്. അവ എല്ലാ ന്യൂനപക്ഷങ്ങൾക്കും ജനസംഖ്യാനുപാതികമായി ലഭിക്കേണ്ടതാണ്. എന്നാൽ, കേരളത്തിൽ ഇതു യാഥാർഥ്യമാകുന്നില്ല. രാഷ്ട്രീയശക്തിയുടെയും അധികാരത്തിന്റെയും പിൻബലത്തിൽ അവയിൽ ഭൂരിഭാഗവും മുസ്ലീങ്ങൾക്കു മാത്രമായി നീക്കിവച്ച അവസ്ഥയാണ്.

ഇതു പാടില്ലെന്നും ന്യൂനപക്ഷാനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി ലഭിക്കുന്നുണ്ട് എന്നുറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കണമെന്നും നിർദേശിച്ചുകൊണ്ട് ഈ ജനുവരി ഏഴിനു കേരള ഹൈക്കോടതിയിൽനിന്നുണ്ടായ വിധി കേരളക്രൈസ്തവർക്ക് ആശ്വാസം നൽകുന്നതാണ്. കാത്തലിക് ഫെഡറേഷൻ പ്രസിഡന്റ് അഡ്വ. പി. പി. ജോസഫ് സമർപ്പിച്ച ഒരു ഹർജി അനുവദിച്ചുകൊണ്ടുള്ളതാണു വിധി.

കേരളത്തിൽ 8873472 മുസ്ലീങ്ങളും 6141269 ക്രൈസ്തവരും 4500 ജൈനരും 3814 സിക്കുകാരുമാണ് ന്യൂനപക്ഷവിഭാഗത്തിലുള്ളത്. ഇതനുസരിച്ച് മുസ്ലീങ്ങൾക്ക് 59%, ക്രൈസ്തവർക്ക് 40.89%, മറ്റുള്ളവർക്ക് 0.34% എന്നീ ക്രമത്തിലാണ് ന്യൂനപക്ഷാനുകൂല്യങ്ങൾ ലഭിക്കേണ്ടത്. എന്നാൽ, ഇന്നു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് മുസ്ലീങ്ങൾക്ക് 80%, മറ്റുള്ളവർക്ക് 20% എന്ന, നിയമത്തിന്റെ യാതൊരു പിൻബലവുമില്ലാത്ത വിഭജനക്രമമാണ്.




1992 ൽ പാർലമെന്റു പാസ്സാക്കിയ ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിയമം അനുസരിച്ച് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും പ്രത്യേകം പ്രത്യേകം ന്യൂനപക്ഷ കമ്മീഷൻ ഉണ്ടാകേണ്ടതാണ്. കേരളത്തിൽ 2014 ലാണ് ന്യൂനപക്ഷകമ്മീഷൻ നിയമം നിയമസഭ അംഗീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ മൂന്നാം ന്യൂനപക്ഷകമ്മീഷനെയും നിയമിച്ചു.

കേന്ദ്ര ന്യൂനപക്ഷ കമ്മീഷനിലെ അംഗസംഖ്യ അഞ്ചാണ്. ചെയർമാൻ, വൈസ് ചെയർമാൻ, മൂന്ന് അംഗങ്ങൾ എന്നിങ്ങനെ. എന്നാൽ, കേരള ന്യൂനപക്ഷ കമ്മീഷനിലെ അംഗസംഖ്യ മൂന്നാണ്. ചെയർമാനും രണ്ട് അംഗങ്ങളും. ചെയർമാൻ ഏതു ന്യൂനപക്ഷവിഭാഗത്തിൽപെട്ടതാണോ അതിൽനിന്നു വ്യത്യസ്തവിഭാഗത്തിൽ പെട്ടതായിരിക്കണം രണ്ടാമത്തെ അംഗം. മൂന്നാമത്തെ അംഗം വനിതയും.

2017 ൽ ഈ നിയമത്തിൽ സംസ്ഥാനനിയമസഭ ഒരു ഭേദഗതി വരുത്തി. ചെയർമാനും രണ്ടാമത്തെ അംഗവും ഒരേ ന്യൂനപക്ഷത്തിൽനിന്നുതന്നെയാകാം. അതനുസരിച്ച് നിലവിലുള്ള കമ്മീഷനിൽ ചെയർമാനും രണ്ടാമത്തെ അംഗവും മുസ്ലീങ്ങൾ. മൂന്നാമത്തെ അംഗം ക്രൈസ്തവവിഭാഗത്തിൽനിന്നുള്ള വനിതയും. ഈ ഘടനതന്നെ നീതിവിരുദ്ധമാണ്.

ഇതുകൊണ്ടുണ്ടായ ആപത്തെന്താണ്? നിയമപരമായ യാതൊരു പിൻബലവുമില്ലാതെ സംസ്ഥാനത്തു ന്യൂനപക്ഷാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വിചിത്രമായ അനുപാതം നിശ്ചയിച്ചു. മുസ്ലീങ്ങൾക്ക് 80 ശതമാനവും മറ്റുവിഭാഗങ്ങൾക്കെല്ലാം കൂടി 20 ശതമാനവും.

ഈ അനീതി ഇവിടംകൊണ്ടും തീർന്നില്ല. ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി കേന്ദ്രഗവണ്മെന്റ് 2005 ൽ പ്രധാനമന്ത്രിയുടെ പതിനഞ്ചിനപരിപാടി പ്രഖ്യാപിച്ചിരുന്നു. 2006 ൽ ഇതു പരിഷ്കരിച്ചു. ഈ പദ്ധതിയനുസരിച്ച് ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾക്കുവേണ്ടി സ്കോളർഷിപ്പുകൾ, ദേശീയ ഫെലോഷിപ്പുകൾ, വിദേശപഠനത്തിനുള്ള വായ്പകൾ സൗജന്യ പരിശീലനകേന്ദ്രങ്ങൾ എന്നിവ അനുവദിച്ചിട്ടുണ്ട്. ഈ ആനുകൂല്യങ്ങളെല്ലാം സംസ്ഥാന ന്യൂനപക്ഷവകുപ്പുവഴിയും ന്യൂനപക്ഷക്കമ്മീഷൻ വഴിയുമാണു നടപ്പിലാക്കേണ്ടത്.

ഇതെല്ലാം അനുവദിക്കുമ്പോൾ ജനസംഖ്യാനുപാതം പാലിക്കേണ്ടതാണ്. 2014 ലെ സംസ്ഥാന ന്യൂനപക്ഷക്കമ്മീഷൻ നിയമത്തിലെ മൂന്ന് (കെ) വകുപ്പ് ഇക്കാര്യം വ്യക്തമായി വ്യവസ്ഥ ചെയ്യുന്നുമുണ്ട്. അതിങ്ങനെ: "വിവിധ മേഖലകളിലെ തൊഴിൽ പദ്ധതികൾ, സാമൂഹികവികസനപരിപാടികൾ എന്നിവയിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക." ഇതവഗണിച്ചുകൊണ്ടാണ് നിയമവിരുദ്ധമായി 80:20 അനുപാതം നടപ്പിലാക്കിയത്.

എല്ലാ മേഖലകളിലുമുണ്ടായി ഈ വിവേചനം. ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പു വിതരണത്തിലും പരിശീലനകേന്ദ്രങ്ങളുടെ അംഗീകാരത്തിലും കടുത്ത അനീതിയാണുണ്ടായത്. 17 കോച്ചിംഗ് സെന്ററുകൾ അനുവദിച്ചതിൽ 16 ഉം 28 സബ്സെന്ററുകൾ അനുവദിച്ചതു മുഴുവനും വിവിധ മുസ്ലീം സംഘടനകളുടെ നിയന്ത്രണത്തിലാണ്.

ഈ അനീതിക്കെതിരേ കാത്തലിക് ഫെഡറേഷൻ പ്രസിഡന്റ് അഡ്വ. പി. പി. ജോസഫ് കേരള ഹൈക്കോടതിയിൽ സമർപ്പിച്ച ഒരു ഹർജി അനുവദിച്ചുകൊണ്ട് ജനുവരി 7 ന് വിധിയുണ്ടായി. അതനുസരിച്ച് നാലു മാസത്തിനകം ന്യൂനപക്ഷാനുകൂല്യങ്ങളുടെ വിതരണം ജനസംഖ്യാനുപാതികമായി പുനഃസ്ഥാപിക്കണം. ഇതു നടപ്പിലാക്കാനാണോ മറിച്ച് അപ്പീൽ നല്കാനാണോ ഗവൺമെന്റ് തയ്യാറാവുക എന്നറിയില്ല.

ഇക്കാര്യത്തിൽ മുസ്ലീങ്ങളെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല. ഭരണതലത്തിലുള്ള സ്വാധീനം അവർ പരമാവധി പ്രയോജനപ്പെടുത്തിയെന്നു മാത്രമേയുള്ളൂ. നിയമസഭയിലും മന്ത്രിസഭയിലും ക്രൈസ്തവ ന്യൂനപക്ഷപ്രതിനിധികൾ ആവശ്യത്തിലധികമുണ്ട്. എന്നിട്ടെന്തേ അവരൊന്നും ഇക്കാര്യം ശ്രദ്ധിച്ചില്ല? മാറിമാറി വരുന്ന മന്ത്രിസഭകളിൽ ന്യൂനപക്ഷവകുപ്പ് ഒരേ സമുദായത്തിനുതന്നെ ഏല്പിച്ചുകൊടുത്തു? തങ്ങളുടെ സമുദായാംഗങ്ങൾക്കും അവകാശപ്പെട്ടത് അനുവദിച്ചുകൊടുക്കണം എന്നു വാദിച്ചില്ല?

'കരയുന്ന കുഞ്ഞിനേ പാലുള്ളൂ' എന്നത് കേവലം പഴമൊഴിയല്ല. ഇന്നും അതിനു പ്രസക്തിയുണ്ട്; ജനാധിപത്യസംവിധാനത്തിൽ പ്രത്യേകിച്ചും. അവകാശപ്പെട്ടത് അനുവദിച്ചുകിട്ടാൻ സമ്മർദതന്ത്രങ്ങളെങ്കിലും ഉപയോഗിച്ചേ തീരൂ. അതും പ്രയോജനപ്പെടാതെ വരുമ്പോൾ പ്രതിഷേധപരിപാടികളിലേക്കും പ്രത്യക്ഷസമരങ്ങളിലേക്കും ജനങ്ങൾ നീങ്ങും. ഇതൊക്കെ ഇന്നു സാധാരണ കാര്യങ്ങൾ മാത്രം.

സ്വന്തം സമുദായത്തിനുവേണ്ടി വാദിക്കുന്നതു വർഗീയതയാണെന്നു ചിലരെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ടെന്നു തോന്നുന്നു. അവർ എന്താണു വർഗീയതയെന്നു വിശദമായി പഠിക്കേണ്ടിയിരിക്കുന്നു. അന്യസമുദായങ്ങൾക്കു ദോഷകരമാകാത്തിടത്തോളം, ഒരവകാശവാദവും വർഗീയതയാവില്ല.

കേരളത്തിന്റെ നവോത്ഥാനചരിത്രം പരിശോധിച്ചാൽ ഇതു വ്യക്തമാകും. അതതു സമുദായങ്ങളിൽനിന്നുയർന്നുവന്ന നവോത്ഥാനനായകർ അവരുടെ സമുദായാംഗങ്ങളുടെ വികസനത്തിനും അവകാശസംരക്ഷണത്തിനും വേണ്ടിയാണു പ്രവർത്തിച്ചത്. സ്വന്തം സമുദായാംഗങ്ങളെയാണ് ഉപദേശനിർദേശങ്ങളിലൂടെ ഉദ്ബുദ്ധരാക്കിയത്.

മാർത്തോമ്മാക്രൈസ്തവർക്കുവേണ്ടിയാണ് പാലക്കുന്നത്ത് അബ്രഹാം മല്പാൻ നവീകരണപരിപാടികൾ ആവിഷ്കരിച്ചത്. ചാവറയച്ചന്റെ നവോത്ഥാനയത്നങ്ങൾ സുറിയാനിവിഭാഗം കത്തോലിക്കർക്കിടയിലാണു പ്രാവർത്തികമായത്. ചട്ടമ്പിസ്വാമികൾ ഹൈന്ദവസമൂഹത്തോടും ശ്രീനാരായണഗുരു ഈഴവസഹോദരങ്ങളോടും അയ്യങ്കാളി പുലയസമുദായത്തോടുമാണ് സംസാരിച്ചത്. മന്നത്തു പത്മനാഭൻ നായർസമുദായത്തിന്റെ ഉദ്ധാരണത്തിലാണു ശ്രദ്ധ കേന്ദ്രീകരിച്ചത്. വി.ടി. ഭട്ടതിരിപ്പാട് നമ്പൂതിരി സമുദായത്തെ പ്രബുദ്ധമാക്കി. വക്കം അബ്ദുൾ ഖാദർ മൗലവി വിത്തു പാകിയതു മുസ്ലിം സമുദായ നവോത്ഥാനത്തിനാണ്.

ഇവരാരെയും ചരിത്രം വർഗീയവാദികളെന്നു കുറ്റപ്പെടുത്തുന്നില്ല; മറിച്ച്, നവോത്ഥാനനായകരെന്ന് ആദരിക്കുകയാണ്. അവർ ഒരിക്കലും മതവിദ്വേഷം പുലർത്തുകയോ സമുദായമൈത്രിക്കു ഹാനികരമായി പ്രവർത്തിക്കുകയോ ചെയ്തില്ല.

എന്നിട്ടുമെന്തേ ക്രൈസ്തവർക്കുമാത്രം ഇക്കാര്യത്തിൽ ഭയം? ഭരണഘടന വാഗ്ദാനം ചെയ്യുന്ന നിയമത്തിനു മുമ്പിലുള്ള തുല്യതയും അവസരസമത്വവും ക്രൈസ്തവർക്കും അവകാശപ്പെട്ടതാണ്. അതു ചോദിച്ചു വാങ്ങുന്നതിൽ അപാകതയൊന്നുമില്ല. ഇക്കാര്യത്തിൽ ക്രൈസ്തവസമൂഹം ജാഗ്രത പുലർത്താതെപോയതാണ് ഇന്നത്തെ ദുരവസ്ഥയ്ക്കു കാരണം.

ന്യൂനപക്ഷാവകാശങ്ങളോടൊപ്പം ക്രൈസ്തവർക്ക് ആശ്വാസദായകമാണു മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കുവേണ്ടി സമീപകാലത്തു കേന്ദ്രഗവൺമെന്റുകളും സംസ്ഥാനഗവൺമെന്റുകളും പ്രഖ്യാപിച്ചിരിക്കുന്ന ചില നടപടികൾ. അതിനെതിരേയും മുസ്ലീം ലീഗ് രംഗത്തുവന്നിരിക്കുന്നത് നിർഭാഗ്യകരമായിപ്പോയി. ഇക്കാര്യത്തിൽ പക്ഷേ, അവരുടെ കണ്ണു തുറപ്പിക്കുന്നതായിരുന്നു മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ 2019 ഒക്ടോബർ 28 നു ദീപികയിൽ എഴുതിയ ലേഖനം

ന്യൂനപക്ഷാനുകൂല്യങ്ങളുടെ കാര്യത്തിൽ ക്രൈസ്തവർ അനുഭവിക്കുന്ന വിവേചനവും സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന മുന്നാക്കവിഭാഗം ക്രൈസ്തവർക്കുകൂടി പ്രയോജനപ്പെടുന്ന പത്തുശതമാനം സംവരണവിഷയത്തിൽ മുസ്ളീംലീഗു സ്വീകരിച്ച പ്രതിലോമനിലപാടും ക്രൈസ്തവരെ വേദനിപ്പിച്ചിട്ടുണ്ട്. എന്നു കരുതി മുസ്ളീംസഹോദരങ്ങളോടു ക്രൈസ്തവസമൂഹത്തിന് എന്തെങ്കിലും ശത്രുതയുണ്ടെന്ന് ആരും തെറ്റിദ്ധരിക്കേണ്ടതില്ല. ഇക്കാര്യങ്ങൾ മനസ്സിലാക്കി മുസ്‌ലിം ലീഗു നേതാക്കൾ നല്കുന്ന വിശദീകരണം തീർച്ചയായും ആശ്വാസകരമാണ്.

ഒന്നുകൂടി ചെയ്യേണ്ടതുണ്ട്. കേരളന്യൂനപക്ഷക്കമ്മീഷൻ കേന്ദ്രകമ്മീഷന്റെ മാതൃകയിൽ അഞ്ചംഗസമിതിയായി പുനഃസംഘടിപ്പിക്കണം. മുസ്ളീങ്ങളിൽനിന്നും ക്രൈസ്തവരിൽനിന്നും രണ്ട് അംഗങ്ങൾവീതം, മറ്റുള്ളവരിൽനിന്ന് ഒരംഗവും.

അതോടൊപ്പം കോടതിവിധിയിൽ നിർദേശിച്ചിരിക്കുന്നതുപോലെ ന്യൂനപക്ഷാനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി ലഭ്യമാക്കണം. മുസ്ളീങ്ങൾക്ക് 59%, ക്രൈസ്തവർക്ക് 40.9% എന്ന ക്രമത്തിൽ.

ലോകാഃസമസ്താഃസുഖിനോ ഭവന്തു (എല്ലാവരും സുഖമായിരിക്കട്ടെ) എന്നാണല്ലോ ആർഷസംസ്കാരം ആശംസിക്കുന്നത്. ദൈവത്തിനുള്ളതു ദൈവത്തിനും സീസറിനുള്ളതു സീസറിനും നല്കുമ്പോഴേ അതു യാഥാർത്ഥ്യമാകൂ.

# അയൽക്കാരൻ



കാരിത്തടം വർക്കി

**അ**യലത്തെ വീട്ടിൽ പുതിയ വാടകക്കാർ താമസത്തിനെത്തി. വന്നപ്പോൾത്തന്നെ അശോകനും ഭാര്യ മല്ലികയും അവരെ ചെന്നുകണ്ട് പരിചയപ്പെട്ടിരുന്നു.

സന്ധ്യാനേരത്ത് അയൽക്കാരൻ അശോകന്റെ വീട്ടിലെത്തി. "പിള്ളേരുടെ പഠിത്തം കാരണം ഞാൻ വീട്ടിൽ ടി.വി. വാങ്ങിയിട്ടില്ല. ഇവിടെയുള്ളതു സൗകര്യമായി. എന്തെങ്കിലും കണ്ടോണ്ടിരിക്കാമല്ലോന്നു വച്ച് ഇറങ്ങിയതാ."

അയൽക്കാരനെ അശോകൻ സ്വാഗതം ചെയ്തു. ഭാര്യയോടു ചായ കൊണ്ടുവരുവാൻ പറഞ്ഞു.

ഒമ്പതര മണിവരെ അയാൾ അവിടെ കുത്തിയിരുന്ന് മല്ലിക കാണുന്ന സീരിയലുകളെല്ലാം കണ്ടു. കൂടക്കൂടെ അഭിപ്രായം പറയുന്ന സമയങ്ങളിൽ സീരിയലിലെ കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ കേൾക്കാൻ പറ്റാതാകുന്ന ബുദ്ധിമുട്ട് മല്ലിക ക്ഷമിച്ചു.

പിറ്റേന്നും അതിന്റെ പിറ്റേന്നും ഇതാവർത്തിച്ചു.

സീരിയലിന്റെ അഭിപ്രായം കൂടാതെ അയാളുടെ വീട്ടുവിശേഷങ്ങളും കേൾക്കേണ്ടി വന്നു അശോകനും മല്ലികയ്ക്കും.

ഇടയ്ക്കു വാർത്ത കേൾക്കാൻവേണ്ടി രണ്ടു മിനിട്ട് ന്യൂസ് ചാനലിലേക്കു മാറ്റുന്ന ഒരു ഏർപ്പാടുണ്ട് അശോകന്. ഇത് അയൽക്കാരൻ കർശനമായി തടഞ്ഞു:

"ശ്ശേ, ഇതെന്തൊരു ഏർപ്പാടാ ചേട്ടാ? കഥയുടെ രസച്ചരട് മുറിയും. വാർത്ത പത്തുമണി കഴിഞ്ഞ് കണ്ടാപ്പോരെ."

അശോകൻ അനുസരിച്ചു. വെറുതേ അയൽക്കാരനുമായി മുഷിയേണ്ട.

അയാളിവിടെ ഇരിക്കുന്നതു കാരണം ഇടയ്ക്ക് പുറത്തേക്കിറങ്ങി നടക്കാൻ പോകാനും പറ്റാതായി.

അങ്ങനെ ദിവസം കഴിയുന്തോറും പ്രതിസന്ധികൾ കൂടി വന്നു.

"ഈ മാരണം എങ്ങനെയെങ്കിലും ഒഴിവാക്കണമല്ലോ." ദമ്പതികൾ തല പുകച്ചു.

ഒടുവിൽ അശോകന്റെ തലച്ചോറിൽ ബൾബ് തെളിഞ്ഞു.

"നീ ഒരു കാര്യം ചെയ്യണം. സീരിയലിനിടയിൽ ഇന്നുമുതൽ ചായ മാത്രം കൊടുത്താൽ പോരാ. എന്തെങ്കിലും ലഘുഭക്ഷണംകൂടി എടുക്കണം."

അതിന്റെ യുക്തി മനസ്സിലായില്ലെങ്കിലും മല്ലിക അനുസരിച്ചു. അന്നു ചായയ്ക്കൊപ്പം ലഡ്ഡു, പഴം, മുറുക്ക് ഇത്യാദി നാലഞ്ചു ലഘുഭക്ഷണപദാർത്ഥങ്ങൾ.

അയൽക്കാരൻ കുശാലായി ഭക്ഷിച്ചു. രണ്ടുമൂന്നു ദിവസം ഇതാവർത്തിച്ചു.

അടുത്ത ദിവസം ലഘുഭക്ഷണം കൊണ്ടുവച്ചപ്പോൾ അയൽക്കാരൻ വീട്ടുവിശേഷം പറച്ചിൽ നിർത്തി. മല്ലികയോടായി പറഞ്ഞു:

"ചേച്ചീ... ഒരു ചെയ്ഞ്ച് വേണ്ടേ. ബേക്കറീന്ന് വാങ്ങുന്ന കാശാകില്ലല്ലോ എന്തെങ്കിലും സ്വന്തമായുണ്ടാക്കാൻ... ചേച്ചിയുടെ കൈപ്പുണ്യം അറിയാമല്ലോ..."

അയാൾ ഇറങ്ങിപ്പോയ നേരം മല്ലിക മുറുമുറുത്തു.

താടിക്കു കൈകൊടുത്തിരുന്ന അശോകൻ ഖേദപൂർവ്വം പറഞ്ഞു:

"ഒന്നു രണ്ടു ദിവസം ലഘുഭക്ഷണം വിളമ്പുമ്പോൾ ആത്മാഭിമാനമുള്ള ആരായാലും പിറ്റേന്നുമുതൽ വരാൻ മടിക്കും. ഞാൻ അതാ മനസിൽ കണ്ടത്..."

"ഇനിയിപ്പോ എന്തോ ചെയ്യും..?" ഭാര്യ ചോദിച്ചു.

ഏതായാലും പിറ്റേന്ന് മല്ലിക ഉഴുന്നുവട ഉണ്ടാക്കി സൽക്കരിച്ചു.

അടുത്ത ദിവസം സന്ധ്യമയക്കത്തിന് അയൽക്കാരനെത്തി.



അയാളുടെ കുടുംബസ്നേഹം അണപൊട്ടിയൊഴുകി.

"ചേച്ചീ... ഇന്നലത്തെ ഉഴുന്നുവടയെപ്പറ്റി ഞാൻ വീട്ടിൽ പറഞ്ഞു. ഒരു കാര്യം ചെയ്യ് ചേച്ചീ... ഇന്നുമുതൽ എനിക്ക് ഒന്നും വിളമ്പണ്ട..."

ഇത്രയും കേട്ടപ്പോൾ അശോകൻ ഭാര്യയെ ഏറുകണ്ണിട്ടു നോക്കി. പദ്ധതി ഫലിക്കുന്നുവെന്നായപ്പോൾ മല്ലികയുടെ മുഖത്തും ആഹ്ലാദം.

ഒന്നു നിർത്തിയിട്ട് അയൽക്കാരൻ തുടർന്നു:

"എനിക്കുള്ളത് പൊതിഞ്ഞ് ഇങ്ങു തന്നേച്ചാൽ മതി. പിള്ളേർക്കാണേലും ഉഴുന്നുവട, പരിപ്പുവട എന്നൊക്കെ പറഞ്ഞാൽ ജീവനാ..."

മല്ലികയുടെ സപ്തനാഡികളും തകർന്നുപോയി.

അയൽക്കാരനെ മുഷിപ്പിക്കരുതല്ലോ. അവർ അകത്തുപോയി ഒരു പൊതിയുമായി വന്നു.

പൊതിയും വാങ്ങി മടിയിൽ വച്ചിട്ട് അയൽക്കാരൻ സീരിയലിൽ ശ്രദ്ധ കൂർപ്പിച്ചു. എന്തെങ്കിലും കൊറിച്ചുകൊണ്ടിരിക്കുന്നതിൽ ഒരു പ്രത്യേക രസമാണല്ലോ. അതിനായി അയാൾ അശോകന്റെ മുന്നിലെ പ്ലേറ്റിൽനിന്ന് ചിലതെല്ലാം പെറുക്കിത്തിന്നുകയും ചെയ്തു.

ഇയാളെ ഇങ്ങനെ വിട്ടാൽ പറ്റില്ല എന്ന് പിറ്റേന്ന് ഭാര്യയും ഭർത്താവും ഉറച്ചുതീരുമാനിച്ചു. ഭാഗ്യം കെ.എസ്.ഇ.ബി. വഴിയെത്തി. എവിടെയോ ഇലക്ട്രിക് ലൈനിൽ മരംവീണ് അന്ന് ആ നാട്ടിൽ കറണ്ടില്ല.

സന്ധ്യാനേരത്ത് മെഴുകുതിരിവെട്ടത്തിലിരുന്ന് അശോകൻ മല്ലികയോടു കിന്നാരം പറയുകയായിരുന്നു.

അന്നേരമുണ്ട് വാതിലിൽ മുട്ടു കേൾക്കുന്നു. അശോകൻ വാതിൽ തുറന്നു. ആരാണെന്നറിയാൻ മല്ലിക പിന്നിൽ. അതു മറ്റാരുമായിരുന്നില്ല, നല്ലവനായ അയൽക്കാരൻ.

"ചേട്ടാ... നാശം... കറണ്ടില്ലാതായല്ലോ... സീരിയലോ കാണാൻ പറ്റില്ല. ആ പൊതിയിങ്ങു തന്നേര്. എന്റെ ക്വാട്ട മുടക്കണ്ട."

മെഴുകുതിരി അണഞ്ഞില്ല. എന്നിട്ടും അശോകന്റെയും മല്ലികയുടെയും കണ്ണുകളിൽ ഇരുട്ടുകയറി. ■



## കേരളത്തിലെ കാട്ടുമൃഗങ്ങൾ

1

മാത്യൂസ് ആർപ്പൂക്കര

## കേരളക്കാടുകൾക്കു രാജാവില്ലെന്നോ?

കേരളക്കാടുകൾക്കു രാജാവില്ലെന്നോ? അതുതന്നെ കാര്യം. കാടുകളുടെ രാജാവ് അഥവാ മൃഗങ്ങളുടെ രാജാവാണ് ഇവിടെ പരാമർശം. കേരളത്തിലെ കാടുകളിലെങ്ങും സിംഹമില്ലെന്നു സാരം. കാട്ടുമൃഗങ്ങളുടെ കാര്യത്തിൽ കേരളത്തിന് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുടെ മുൻനിരയിൽത്തന്നെ സ്ഥാനം. സിംഹമില്ലെങ്കിലും വന്യജീവികളാൽ സമ്പന്നമാണ് നമ്മുടെ കാടുകൾ. കടുവ മുതൽ കാട്ടുപൂച്ചവരെയുള്ള മാർജാരകുടുംബവും കാട്ടുനായ് മുതൽ കുറുക്കൻവരെയുള്ള നായ് കുടുംബവും നാടൻകുരങ്ങുമുതൽ കുട്ടിത്തേവാങ്ക് വരെയുള്ള വാനരവംശവുമൊക്കെ ഉൾപ്പെടുന്ന വൻകാട്ടുജീവി സമ്പത്ത് കേരളത്തിലുണ്ട്. ഇന്ത്യയിൽ കണ്ടുവരുന്ന പ്രധാനപ്പെട്ട വന്യമൃഗങ്ങളെല്ലാം കേരളക്കാടുകളിലുണ്ട്, മൃഗരാജനൊഴിച്ച്.

ഒരുകാലത്ത് ലോകത്തിന്റെ പലയിടങ്ങളിലുമുണ്ടായിരുന്ന സിംഹം ഇപ്പോൾ സഹാറ മരുഭൂമിയുടെ തെക്കുഭാഗത്തും ഇന്ത്യയിൽ ഗിർവനത്തിലും മാത്രമായി ഒതുങ്ങിയിരിക്കുന്നു! കാട്ടിൽ എതിരില്ലാത്തവനാണ് സിംഹം. കടുവയ്ക്കുമുമ്പ് ഇന്ത്യയുടെ ദേശീയമൃഗം സിംഹം തന്നെയായിരുന്നുവെന്നോർക്കുക. പൂച്ച വർഗ്ഗത്തിൽ സമൂഹമായി ജീവിക്കുന്ന ഏകമൃഗം സിംഹമാണ്. രണ്ടോ മൂന്നോ ആൺസിംഹങ്ങളും ആറോ ഏഴോ സിംഹികളും കുഞ്ഞുങ്ങളും ചേർന്ന സംഘങ്ങളായാണ് ജീവിക്കുക. കൂട്ടത്തിലെ കരുത്തൻ സംഘത്തലവൻ. സാധാരണമായി എട്ടടിയോളം നീളവും മുന്നൂറോളം കിലോഗ്രാം ഭാരവുമാകും സിംഹത്തിനുണ്ടാകുക. ശരാശരി 25 വയസ്സ് ആയുസ്സും. ആൺസിംഹത്തിന്റെ കഴുത്തിലെ ജടതന്നെ സവിശേഷകാഴ്ചയല്ലേ? പൊതുവേ ഒന്നു പറയട്ടെ, കാടിന്റെ ശക്തിയും സൗന്ദര്യവും ഗാംഭീര്യവുമൊക്കെ കാണപ്പെടുക സിംഹത്തിൽത്തന്നെ! സംശയമില്ല.

പതിനായിരം രൂപ സമ്മാനം...!!!


- ProLifeMarry യിൽ നിന്ന് പങ്കാളിയെ കണ്ടെത്തുന്ന 25 വയസ്സിൽ താഴെ പ്രായം വരുന്ന യുവാക്കൾക്ക് പതിനായിരം രൂപ സമ്മാനം നൽകുന്നു.
- വൈദികരുടെ മേൽനോട്ടത്തിലുള്ള മാട്രിമോണിയൽ.
- സ്ത്രീകൾക്ക് തികച്ചും സൗജന്യം.
- പുരുഷന്മാർക്ക് 4 മാസത്തേക്ക് 500 രൂപ.
- ProLifeMarry യിൽ നിന്ന് പങ്കാളിയെ കണ്ടെത്തുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്.
- വിവാഹം നടന്നാലും യാതൊരു ഫീസും ഈടാക്കുന്നതല്ല.
- ഭാര്യ/ഭർത്താവ് നഷ്ടപ്പെട്ടവർക്കും വിവാഹമോചനം നേടിയവർക്കും പരിഗണന.
- വെബ്സൈറ്റ് / മൊബൈൽ ആപ്പ് ലഭ്യമാണ്.

മൊബൈൽ ആപ്പ് ഡൗൺലോഡ് ലിങ്ക് :
tinyurl.com/prolifemarry
www.ProlifeMarry.com

ProLifeMarry.com
A venture of KCBC Malabar Prolife
Mob : 6235 44 55 44



ADVT




**ജനുവരി 31**
**ദനഹാക്കാലം**
**അഞ്ചാം ഞായർ**



നിയ 18:13 – 18
ഏശ 48:12 – 20
ഹെബ്രാ 6:9 – 15
യോഹ 3:14 – 21

ഡോ. തോമസ് വടക്കേൽ

# ഈശോയിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ

**പി**താവായ ദൈവത്തിങ്കലേക്കുള്ള പുത്രന്റെ കരേറ്റത്തെക്കുറിച്ചും (3:14–15) പിതാവ് അയച്ച അവിടുത്തെ ഏകജാതനിൽ വിശ്വസിക്കുന്നവർക്കു ലഭിക്കുന്ന നിത്യജീവനെക്കുറിച്ചു(3:16–21)മാണ് ഇന്നത്തെ സുവിശേഷം പങ്കുവയ്ക്കുന്നത്. യോഹന്നാൻ സുവിശേഷകന്റെ നിത്യജീവനെക്കുറിച്ചുള്ള (സോൻ അയോണിയോസ് - zon aionios = eternal life) ദൈവശാസ്ത്രവീക്ഷണങ്ങളാണ് പ്രധാനമായും ഈ വചനഭാഗങ്ങളിൽ വ്യക്തമാകുന്നത്.

യോഹന്നാന്റെ സുവിശേഷത്തിൽ മനുഷ്യപുത്രൻ ഉയർത്തപ്പെടുന്നതിനെപ്പറ്റി മൂന്നു പ്രാവശ്യം പറയുന്നുണ്ട് (3:14; 8:28; 12:32–34). ഉയർത്തുക (lift up, raise high, exalt) എന്നർത്ഥം വരുന്ന ഹ്യുപ്സോ (hypsoo) എന്ന ഗ്രീക്കുപദം 3:14 ൽ ഈശോയുടെ കുരിശുമരണത്തെയാണ്, കുരിശിലെ ഉയർത്തപ്പെടലിനെയാണ് അർത്ഥമാക്കുന്നത്. ഈ കുരിശുമരണം ഏവരുടെയും രക്ഷയ്ക്കുവേണ്ടിയുള്ള ഒരു ഉയർത്തപ്പെടലാണ്. മരുഭൂമിയിൽ മോശ വടിയിൽ പിച്ചളസർപ്പത്തെ ഉയർത്തിയതിനോടു താരതമ്യപ്പെടുത്തിയാണ് ഈശോയുടെ ഉയർത്തപ്പെടൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് (cfr. സംഖ്യ 21:9–11). കർത്താവിനെതിരേ സംസാരിച്ച് പാപം ചെയ്ത ഇസ്രായേൽ ജനം മരണവക്ത്രത്തിൽ അകപ്പെട്ടപ്പോൾ അവരുടെ രക്ഷയ്ക്കുവേണ്ടി കർത്താവ് അരുൾചെയ്തതനുസരിച്ച് മോശ നിർമിച്ചു വടിയിൽ ഉയർത്തിയതാണ് ഈ പിച്ചളസർപ്പം. ആഗ്നേയസർപ്പങ്ങളുടെ ദംശനമേറ്റ് ജീവൻ അപകടത്തിലായവർ ഉയർത്തപ്പെട്ട പിച്ചളസർപ്പത്തെ നോക്കിയപ്പോൾ അവർക്കു ജീവൻ ലഭിച്ചു.

ഈശോയുടെ കുരിശിലെ ഉയർത്തപ്പെടലിന്റെ ലക്ഷ്യം 3:16 ൽ ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്. “എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി...” (3:16 a). ഈ ലോകംകൊണ്ടു തീർന്നുപോകുന്ന ഭൗമികജീവനിൽനിന്ന് എന്നും നിലനിൽക്കുന്ന നിത്യജീവനിലേക്ക് മനുഷ്യനെ കൊണ്ടുപോകാൻ വേണ്ടിയാണ് ഈശോ കുരിശിൽ ഉയർത്തപ്പെട്ടത്. ‘ജീവൻ’ (life) എന്നർത്ഥം വരുന്ന സോയെ (zoe) എന്ന ഗ്രീക്ക്



പദത്തിന് രണ്ട് അർത്ഥങ്ങളാണ് പ്രധാനമായും ഉള്ളത്. 1. ശാരീരിക ജീവൻ (physical life); 2. ദൈവികജീവൻ (divine life, a life belonging to God). ഈ വാക്കിനോടുകൂടെ ‘നിത്യമായ’ എന്നർത്ഥംവരുന്ന അയോണിയോസ് (aionios) എന്ന ഗ്രീക്കുപദവും കൂട്ടിച്ചേർത്താണ് ഇവിടെ (3:16) സോൻ അയോണിയോൻ (zon aionion) എന്ന് ഉപയോഗിച്ചിരിക്കുന്നത്. നിത്യജീവൻ എന്നത് ദൈവത്തോടൊത്ത് ആയിരിക്കുന്ന അവസ്ഥയാണ്; ദൈവികജീവനിൽ പൂർണമായി പങ്കുചേരുന്നതാണിത്.

ഈ നിത്യജീവൻ പ്രാപിക്കുവാൻ എന്താണ് ആവശ്യമായിരിക്കുന്നതെന്നും സുവിശേഷകൻ ഇവിടെ വ്യക്തമാക്കുന്നുണ്ട്: വിശ്വസിക്കുക. ഈശോമിശിഹായിലുള്ള വിശ്വാസമാണ് ഒരുവന്റെ നിത്യജീവന് ആധാരമായിട്ടുള്ളത്. ‘വിശ്വസിക്കുക, ബോധ്യമുള്ളതാകുക (believe, be convinced of, give credence to) എന്നീ അർത്ഥങ്ങൾ വരുന്ന പിസ്തെയൂദാ (pisteuo) എന്ന ഗ്രീക്ക് ക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഒരു കാര്യത്തെ അല്ലെങ്കിൽ ഒരു വ്യക്തിയെ മനസ്സിലാക്കുക എന്നതിലുപരിയായി, ഇന്ദ്രിയഗോചരമായ ഒരു അറിവ് എന്നതിനെക്കാളുപരിയായി ഈശോയിൽ ആശ്രയം വയ്ക്കുന്നതും അവിടുത്തോട് യഥാർത്ഥമായ പ്രതിബദ്ധത കാണിക്കുന്നതുമാണ് വിശ്വാസം എന്നത്. ഇതു ബൗദ്ധികമായ ഒരു മനസ്സിലാക്കൽ അല്ല; മറിച്ച് ഹൃദയത്തിൽനിന്നുള്ള ആത്മീയമായ ഒരു ബോധ്യമാണ്. ഈശോ ദൈവപുത്രനാണെന്നും അവിടുന്നു മിശിഹാ ആണെന്നുമുള്ള ഉറച്ച ബോധ്യമുള്ളവർക്കാണ് നിത്യജീവൻ ലഭിക്കുന്നത് (യോഹ 20:30–31).

നിത്യജീവൻ പ്രാപിക്കുന്നത് ആരിലൂടെയാണെന്നും ഈ സുവിശേഷം പഠിപ്പിക്കുന്നുണ്ട്: ദൈവത്തിന്റെ ഏകജാതനായ ഈശോമിശിഹായിലൂടെ. “ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല; പ്രത്യുത, അവൻവഴി ലോകം രക്ഷ പ്രാപിക്കാനാണ്(3:17). മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ അത്യധികമായ സ്നേഹമാണ് സ്വപുത്രനെ ലോകത്തിലേക്ക് അയയ്ക്കുവാൻ ദൈവത്തെ പ്രേരിപ്പിച്ചത്. വിശ്വാസികൾക്കു നിത്യജീവൻ പ്രദാനം ചെയ്യുവാനാണ് ഈശോ മനുഷ്യനായി അവതരിച്ചത്. ഈ മനുഷ്യാവതാരത്തിലൂടെ രക്ഷ മനുഷ്യവംശത്തിനു കരഗതമാകുന്നു. വിമോചിപ്പിക്കുക, രക്ഷിക്കുക, സ്വതന്ത്രമാക്കുക (liberate, free, save) എന്നീയർത്ഥങ്ങൾ വരുന്ന സോസ്സോ (sozo) എന്ന പദം ഈശോയുടെ രക്ഷാകരദൗത്യത്തെയാണ് കാണിക്കുന്നത്. ഇക്കാരണത്താലാണ് ഈശോയെ രക്ഷകൻ (saviour) എന്നു വിളിക്കുന്നതും. ഈശോ നൽകുന്ന ഈ രക്ഷയാണ് യഥാർത്ഥത്തിൽ നിത്യജീവൻ എന്നു പറയുന്നത്.

നിത്യജീവൻ പ്രദാനം ചെയ്യുവാൻ വരുന്ന ഈശോ ഒരു വിധിയാളനല്ല എന്ന യാഥാർത്ഥ്യവും ഇവിടെ വ്യക്തമാക്കുന്നുണ്ട്: “ശിക്ഷയ്ക്കു വിധിക്കുവാനല്ല” (3:17). വിധിക്കുക, ശിക്ഷിക്കുക, (judge, punish) എന്നീയർത്ഥങ്ങളുള്ള ക്രീനോ (krino) എന്ന പദം നൈയാമിക തലങ്ങളിൽ കൂടുതൽ ഉപയോഗിക്കുന്ന ഒന്നാണ്. ഈശോയുടെ വരവിന്റെ ലക്ഷ്യം കോടതിവിധി ശൈലിയിലുള്ള തീർപ്പുകല്പിക്കലല്ല; പ്രത്യുത, തിന്മയിൽ അകപ്പെട്ടവർക്ക് രക്ഷ നൽകുക എന്നതാണ്. ഈശോ ശിക്ഷകനല്ല; മറിച്ച് രക്ഷകനാണ്. ■

# അഭയാക്കേസിലെ അപവാദപ്രചാരണങ്ങൾ അവസാനിപ്പിക്കണം: സീറോ മലബാർ സഭ സിനഡ്

കൊച്ചി: അഭയാക്കേസിലെ കോടതിവിധിയിലെ ചില നിരീക്ഷണങ്ങളെ ക്രൈസ്തവസഭയെ അധിക്ഷേപിക്കാനുള്ള മാർഗമായി ചില മാധ്യമങ്ങളും പ്രസ്ഥാനങ്ങളും ദുരുപയോഗിക്കുന്നതിൽ സീറോ മലബാർ സഭ സിനഡ് ആശങ്ക രേഖപ്പെടുത്തി. സിസ്റ്റർ അഭയയുടെ മരണത്തിന് ഉത്തരവാദികളായവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ സിബിഐ അന്വേഷണം ആവശ്യപ്പെട്ടതുപോലും സഭയാണെന്ന സത്യം മറച്ചുവച്ചാണ് ഈ അപവാദപ്രചാരണം എന്നത് ദുഃഖകരമാണ്.

സഭയിൽ സമർപ്പിതജീവിതം നയിച്ചിരുന്ന സിസ്റ്റർ അഭയയുടെ ആത്മാവിനും അവരുടെ കുടുംബത്തിനും നീതി ലഭിക്കണമെന്ന് ആരേക്കാളുമാഗ്രഹിക്കുന്നതു സഭയാണ്. ഈ ലക്ഷ്യത്തോടെ സഭ സ്വീകരിച്ച നിലപാടുകളെ അവഗണിക്കാനും നിക്ഷിപ്ത താത്പര്യങ്ങളോടെ സഭയെ സമൂഹമധ്യത്തിൽ അധിക്ഷേപിക്കാനുമാണ് ചില തത്പരകക്ഷികൾ ശ്രമിക്കുന്നത്. അഭയാക്കേസിൽ സിബിഐ കോടതി പുറപ്പെടുവിച്ച വിധിയെ രാജ്യത്തിന്റെ നീതിന്യായവ്യവസ്ഥയിൽ വിശ്വാസമുള്ള സമൂഹം എന്ന നിലയിൽ സഭ സ്വീകരിക്കുന്നു.

എന്നാൽ, വിധിയുടെ ഉള്ളടക്കത്തെക്കുറിച്ച് പരിണതപ്രജ്ഞരായ ന്യായാധിപന്മാരും ഫോറൻസിക് വിദഗ്ധരും കുറ്റാന്വേഷണമേഖലയിൽ പ്രാവീണ്യമുള്ളവരും പരസ്യമായി പ്രകടിപ്പിച്ചിട്ടുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കേരളത്തിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ നിലപാടിനോടു ചേർന്നാണ് സീറോ മലബാർ സഭയും ചിന്തിക്കുന്നത്. നിക്ഷിപ്ത താത്പര്യങ്ങളെപ്രതി നിരപരാധികൾ ശിക്ഷിക്കപ്പെടുകയും യഥാർഥ പ്രതികൾ രക്ഷപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകരുത്. മേൽക്കോടതികളുടെ വിധിത്തീർപ്പിൽ വസ്തുതകളുടെ നിജസ്ഥിതി കൂടുതൽ വ്യക്തമാകുമെന്നു സഭയ്ക്കു പ്രതീക്ഷയുണ്ട്.

അഭയാക്കേസിനോടനുബന്ധിച്ച് സ്വന്തം അഭിപ്രായം പറയാനുള്ള വ്യക്തികളുടെ സ്വാതന്ത്ര്യം മാനിക്കുമ്പോൾതന്നെ സ്വകാര്യ വെളിപാടുകളെന്ന നിലയിൽ സഭയുടെ നാമത്തിൽ അഭിപ്രായങ്ങൾ പറയുന്നതിൽനിന്ന് ഉത്തരവാദിത്വപ്പെട്ടവർ സ്വയം മാറിനിൽക്കണം. ഇത്തരം ചിന്താഗതിയോട് സഭ യോജിക്കുന്നില്ല. ഇത്തരം പ്രസ്താവനകളെ വിശ്വാസികളും പൊതുസമൂഹവും അവഗണിക്കണമെന്നും സീറോമലബാർ സഭയുടെ മെത്രാൻ സിനഡ് അഭ്യർത്ഥിച്ചു.




*കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി ഈ ലക്കംമുതൽ*

# ജനാലയ്ക്കരികിലെ വികൃതിക്കുട്ടി



**ജോയിഷ് ജോസ്**

"പന്നിവാലുപോലെ മുടി പിന്നിയിടുന്നത് ടോട്ടോച്ചാന്റെ സ്വപ്നമാണ്. മുതിർന്ന പെൺകുട്ടികൾ, നീണ്ട മുടി പിന്നിയിടുന്നതു കാണുമ്പോൾ അവൾ കൊതിയോടെ നോക്കിനിൽക്കും. ഒന്നാം ക്ലാസുകാരിയാണെങ്കിലും ടോട്ടോച്ചാന് നീണ്ട മുടിയുണ്ടായിരുന്നു.

ഒരുദിവസം അമ്മ അവളുടെ മുടി രണ്ടു ഭാഗത്തായി പിന്നിക്കൊടുത്തു. ചെറിയ തലയിൽ കുഞ്ഞു പന്നിവാലുകൾ. കണ്ണാടിയിൽ നോക്കിയപ്പോൾ സന്തോഷമായി. അവൾ തല ഉയർത്തിപ്പിടിച്ചു. തീവണ്ടിയിൽ കയറുമ്പോൾ പന്നിവാലുകൾക്ക് കോട്ടം തട്ടാതിരിക്കാനായി അവൾ തല അനക്കമില്ലാതെ പിടിച്ചു.

"ഹായ്, മനോഹരമായിരിക്കുന്നല്ലോ"

അങ്ങനെയൊരു വാക്ക് തീവണ്ടിയിൽനിന്ന് ആരെങ്കിലും പറയുമെന്ന പ്രതീക്ഷയിൽ അവളിരുന്നു. പക്ഷേ, ആരും അവളെ ശ്രദ്ധിച്ചതുകൂടിയില്ല."

"ടോട്ടോച്ചാൻ - ജനാലയ്ക്കരുകിലെ വികൃതിക്കുട്ടി"

ബാല്യത്തിന്റെ നിറം പകർന്ന ഓർമകൾ നേഞ്ചോടു ചേർത്തുവയ്ക്കാത്തവരായി ആരും ഉണ്ടാവില്ല. ബാല്യകാലത്തു പകർന്നുകിട്ടിയ സൗരഭ്യത്താൽ ഹൃദയം തുറന്നെഴുതി ലോകത്തെങ്ങുമുള്ള വായനക്കാരുടെ മനംകവർന്ന പ്രിയപ്പെട്ട എഴുത്തുകാരി തത്സുകോ കുറോയാനഗി അഥവാ ടോട്ടോച്ചാൻ അവരുടെ ഓർമകൾ പങ്കുവയ്ക്കുന്ന പുസ്തകമാണ് ജനാലയ്ക്കരുകിലെ വികൃതിക്കുട്ടി. ബാല്യത്തിന്റെ കൗതുക്കങ്ങളിലും കലഹങ്ങളിലും കരച്ചിലുകളിലും കുട്ടികളിലെ സ്വാഭാവികതയും തന്മയത്തവും ആവോളം ഉമ്മവയ്ക്കുന്ന ഈ പുസ്തകം കുട്ടികൾക്കു മാത്രമല്ല ഏതു പ്രായത്തിലുള്ളവർക്കും വായിച്ചാൽ ഏറെ ഇഷ്ടം തോന്നുന്ന രീതിയിലാണ് അവതരിപ്പിച്ചിട്ടുള്ളത്. അലങ്കാരങ്ങളുടെ ആർഭാടമില്ലാതെയാണ് രചന എന്നതും ഈ പുസ്തകത്തെ വ്യത്യസ്തമാക്കുന്നു.



കുസൃതിക്കുടുക്കയായിരുന്ന ടോട്ടോച്ചാന് അവളുടെ കുസൃതികൾ അടക്കിനിർത്താൻ കഴിയുമായിരുന്നില്ല. ക്ലാസിൽ ടീച്ചർക്കു പഠിപ്പിക്കാൻപോലും സാധിക്കാത്ത രീതിയിൽ അവളുടെ കുറുമ്പുകൾ വളർന്നു. അവസാനം, ടീച്ചറുടെ നിർദേശപ്രകാരം മറ്റൊരു സ്കൂളിൽ പ്രവേശനത്തിന് സാധ്യത തേടി അവളുടെ അമ്മ എത്തിച്ചേർന്നത് റ്റോമോ എന്ന സ്കൂളിലായിരുന്നു. അവൾ പഠിച്ചിരുന്ന സ്കൂളുകളിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നു റ്റോമോ. ഗേറ്റിനു പകരം രണ്ടു മരങ്ങളും ട്രെയിനിന്റെ ബോഗികൾപോലെയുള്ള ക്ലാസ്മുറികളുമുള്ള വേറിട്ട ഒരു ലോകം. കാടും കളിസ്ഥലങ്ങളും പോരാത്തതിനൊരു നീന്തൽക്കുളവും. സ്കൂളിൽ ആകെയുള്ളത് അൻപതു കുട്ടികൾ മാത്രവും. കുട്ടികളെ സ്നേഹിക്കാനും അവരെ മനസ്സിലാക്കാനും അറിയാവുന്ന വ്യക്തിയായിരുന്നു കൊബായാഷി എന്ന അവിടത്തെ ഹെഡ്മാസ്റ്റർ. കുട്ടികളുടെ ആത്യന്തികമായ വികാസത്തെ പ്രോത്സാഹിപ്പിക്കുന്ന പല ബോധനരീതികളും കൊബായാഷി മാസ്റ്റർ തന്റെ വിദ്യാലയത്തിൽ നടപ്പിലാക്കിയിരുന്നു. ടോമോ സ്കൂളിൽ കുട്ടികൾക്ക് സിലബസ് ഇല്ല, യുണിഫോം ഇല്ല, ഉച്ചഭക്ഷണത്തിന് കടലിൽനിന്നും മലയിൽനിന്നും ഒരു വിഭവം ഉണ്ടാവണം. ഏതെങ്കിലും ഒന്നില്ലെങ്കിൽ മാസ്റ്റർ വിളമ്പും. ബിരുദങ്ങൾ ഉണ്ടെങ്കിലേ ടോമോയിൽ അധ്യാപകനാകാൻ കഴിയൂ എന്നില്ല, കൃഷി പഠിപ്പിക്കാൻ കൃഷിക്കാരനെ കൊണ്ടുവരും മാസ്റ്റർ. കുട്ടികളെ പാടത്ത് കൊണ്ടുപോയി ഞാറുനടുന്നത് എങ്ങനെയെന്നു കാണിച്ചുകൊടുക്കുകയും അവരെ കൃഷിക്കാരായി പാടത്ത് ഇറക്കുകയും ചെയ്യും.

കൊബായാഷി മാസ്റ്റർക്ക് പ്രിയങ്കരിയായിരുന്നു ടോട്ടോച്ചാൻ. അവളെ കേട്ടിരിക്കാൻ ഒട്ടും മടുപ്പു തോന്നാത്തൊരാൾ. അവളെ മനസ്സിലാക്കാനും അവളുടെ വിശേഷങ്ങൾ കേട്ടറിയാനും ആളുണ്ടെന്ന ബോധം അവളെ കൂടുതൽ ഉന്മേഷവതിയും ഉത്സാഹഭരിതയുമാക്കി. 'ടോട്ടോ, ഇനി നീ ഈ സ്കൂളിലെ കുട്ടിയാണ്' എന്ന മാസ്റ്ററുടെ വാക്കുകൾ കേട്ടനിമിഷംമുതൽ, സ്കൂൾ വിട്ടു വീട്ടിലെത്തിയാൽ എങ്ങനെയെങ്കിലും അടുത്ത പ്രഭാതമാകാൻവേണ്ടി കൊച്ചു ടോട്ടോ കാത്തിരിക്കുമായിരുന്നു, അവളുടെ പ്രിയപ്പെട്ട സ്കൂളിലെത്താൻ. ആ സ്കൂളിലെ കായികദിനം വ്യത്യസ്തമാണ്. ഓട്ടവും ചാട്ടവും ഒന്നുമില്ല. മീനിന്റെ വായിൽക്കൂടി കയറി വാലിൽക്കൂടി പുറത്തുവരണം. എത്ര നിസ്സാരം എന്നു ചിന്തിക്കണ്ട. കാരണം, ഉള്ളിൽ ഇരുട്ടാണ്, മിക്ക കുട്ടികളും വായിൽക്കൂടി കയറി വായിൽക്കൂടിത്തന്നെ പുറത്തുവരും. വിജയികൾക്ക് ട്രോഫി ഒന്നുമല്ല സമ്മാനം. നല്ല പച്ചക്കറികൾ കൊടുക്കും. വീട്ടിൽ കൊണ്ടുപോയി സ്വന്തമായി അധ്വാനിച്ചു കിട്ടിയതാണെന്ന് പറഞ്ഞ് അമ്മയെ ഏല്പിക്കാൻ പറയും മാസ്റ്റർ. പോളിയോ ബാധിച്ച കുട്ടികൾ ഉണ്ട്, വടംവലിയിൽ അവരായിരിക്കും മേൽനോട്ടക്കാർ. നീന്തലിന്റെ കാര്യം എടുക്കാം, നഗ്നരായി കുളത്തിൽ ഇറങ്ങാൻ അവർക്ക് അനുവാദമുണ്ട്. മറ്റൊന്നിനുമല്ല, ശാരീരികമായി ആണും പെണ്ണും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് അറിഞ്ഞുവളരാൻ... അങ്ങനെയങ്ങനെ നമ്മുടെ ടോട്ടോച്ചാന്റെ ടോമോ സ്കൂൾ മാന്ത്രികത ഒളിപ്പിച്ചുവയ്ക്കാത്ത ഒരു അദ്ഭുതലോകമായിരുന്നു.

അധ്യാപനം അഭിരുചിയായി എടുത്തവരും ജീവിതത്തിന്റെ വളവുതിരിവുകളിൽ കറങ്ങിത്തിരിഞ്ഞ് അധ്യാപകരായിത്തീർന്നവരുമുണ്ട്. ജീവിതോപാധി മാത്രമായി അധ്യാപനത്തെ എടുക്കുന്നവർ കടന്നുവരുമ്പോളാണ് പൊതുവിദ്യാഭ്യാസത്തിൽ നിലവാരത്തകർച്ചയുണ്ടാകുകയും അധ്യാപകൻ കേവലം കൂലിത്തൊഴിലുകാരനാവുകയും ചെയ്യുന്നത്. സ്വഭാവരൂപവത്കരണത്തിൽ അധ്യാപകന്റെ പങ്ക് നിസ്സീമമാണ്. മൂല്യബോധമുള്ള, ആത്മവിശ്വാസമുള്ള പൗരന്മാരായി തലമുറ മാറണമെങ്കിൽ സാമൂഹികബോധമുള്ള അധ്യാപകർ കലാലയങ്ങളിലുണ്ടാകണം. വിവരം അറിവും അറിവ് ജ്ഞാനവുമായി മാറുമ്പോഴേ അധ്യാപനം പൂർണമാകൂ. തലച്ചോറിന്റെ പ്രവർത്തനത്തിനും ചിന്തിക്കാനുള്ള ഒരുവന്റെ കഴിവിനും (സ്വാതന്ത്ര്യത്തിനും) ഒക്കെയുള്ള വലിയ ഒരു തടയാണ് ഇപ്പോഴത്തെ വിദ്യാഭ്യസരീതി. കുട്ടികൾ രത്നങ്ങളാണെന്നും അവർ വിദ്യാഭ്യാസത്തിന് അടിമപ്പെടുമ്പോഴാണു മാറ്റു കുറയുന്നതെന്നും വായിച്ചതായി ഓർക്കുന്നു. അച്ചടിച്ച കട്ടിക്കടലാസിലെ ബിരുദങ്ങളാണു വ്യക്തിയുടെ വില നിശ്ചയിക്കുന്നത് എന്ന രീതിയിലുള്ള ഈ കാലഘട്ടത്തിലാണ് ടോട്ടോച്ചാന്റെയും ടോമോ സ്കൂളിന്റെയും അവളുടെ പ്രിയപ്പെട്ട കൊബായാഷി മാസ്റ്ററുടെയും പ്രസക്തി. □

## ന്യൂനപക്ഷവിവേചനത്തിൽ ഹൈക്കോടതി ഇടപെടൽ: നാലുമാസത്തിനകം നടപടി വേണമെന്ന് ഉത്തരവ്

കൊച്ചി: സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ആനുകൂല്യങ്ങളും പദ്ധതികളും ന്യൂനപക്ഷവിഭാഗങ്ങളുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി വിതരണം ചെയ്യണമെന്നാവശ്യപ്പെട്ടു കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ നൽകിയ നിവേദനം സർക്കാർ പരിഗണിച്ചു നാലു മാസത്തിനുള്ളിൽ നടപടി സ്വീകരിക്കാൻ ഹൈക്കോടതി ഉത്തരവ്. ഈ ആവശ്യമുന്നയിച്ചു കഴിഞ്ഞ നവംബർ 25 നു സർക്കാരിനു നൽകിയ നിവേദനം പരിഗണിച്ചില്ലെന്നു വ്യക്തമാക്കി നൽകിയ ഹർജി പരിഗണിച്ചാണു ജസ്റ്റീസ് പി.വി. ആശയുടെ ഉത്തരവ്.

2011 ലെ സെൻസസ്പ്രകാരം സംസ്ഥാനത്തു മുസ്ലിംകൾ 26.56 ശതമാനവും ക്രിസ്ത്യാനികൾ 18.38 ശതമാനവും മറ്റു ന്യൂനപക്ഷ വിഭാഗങ്ങൾ 0.34 ശതമാനവുമാണ്. ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങളുടെ 40.9 ശതമാനത്തിന് അർഹതയുണ്ട്. എന്നാൽ 80:20 എന്ന തോതിലാണ് മുസ്ലിം വിഭാഗത്തിനും മറ്റുള്ളവർക്കുമായി ഇപ്പോൾ ആനുകൂല്യങ്ങൾ ലഭിക്കുന്നത്. ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിലുള്ള 17 സെന്ററുകളിൽ 16 എണ്ണവും 28 സബ് സെന്ററുകളിൽ മുഴുവനും മുസ്ലിം വിഭാഗത്തിനുകീഴിലുള്ള ഓർഗനൈസേഷനുകളുമായി ബന്ധപ്പെട്ടാണുള്ളത്. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് അധികാര ദുർവിനിയോഗം നടത്തിയാണ് ആനുകൂല്യങ്ങളും പദ്ധതികളും ഒരു വിഭാഗത്തിനു മാത്രം കൂടുതൽ നൽകുന്നതെന്നും ഇതു ക്രിസ്ത്യൻ ന്യൂനപക്ഷവിഭാഗങ്ങളടക്കമുള്ളവരോടുള്ള അനീതിയാണെന്നും ഹർജിയിൽ കാത്തലിക് ഫെഡറേഷൻ പ്രസിഡന്റ് അഡ്വ. പി.പി. ജോസഫ് ചൂണ്ടിക്കാട്ടിയിരുന്നു.

2014 ൽ നിലവിൽവന്ന കേരള ന്യൂനപക്ഷ കമ്മീഷൻ നിയമത്തിൽ ന്യൂനപക്ഷവിഭാഗങ്ങൾക്ക് ആനുകൂല്യങ്ങളും സാമൂഹിക പദ്ധതികളും അനുവദിക്കുമ്പോൾ ജനസംഖ്യയ്ക്കാനുപാതികമായി നൽകണമെന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, നിയമം പ്രാബല്യത്തിൽ വന്നിട്ടും അതിനുമുമ്പുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒരു വിഭാഗത്തെ കൂടുതലായി പരിഗണിക്കുന്നു. നിയമം നിലവിൽ വരുന്നതിനു മുമ്പുള്ള ഉത്തരവുകൾ അസാധുവായതായി പ്രഖ്യാപിക്കണം. ഇതുസംബന്ധിച്ചു നിരവധി തവണ നിവേദനം സമർപ്പിച്ചിട്ടും സർക്കാർ പരിഗണിച്ചില്ലെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കു കിട്ടേണ്ട ആനുകൂല്യങ്ങളുടെ ഭൂരിഭാഗവും ഒരു വിഭാഗത്തിനു മാത്രം നൽകുന്ന ന്യൂനപക്ഷ കമ്മീഷനെതിരേ വ്യാപക പ്രതിഷേധം ഉയർന്നിരുന്നു.

നോവൽ

ജോർജ് പുളിങ്കാട്



# ഇടം

## അധ്യായം 21

ഒരു മണിക്കൂർ വെയ്റ്റ് ചെയ്തശേഷമാണ് അഡ്വ. സുമിത്രയ്ക്ക് കളക്ടർ സലോമിയെ കാണാൻ കഴിഞ്ഞത്. കളക്ടർക്കെതിരേയുള്ള കസേരയിലിരിക്കുമ്പോൾ സുമിത്ര അക്ഷമയോടെ ഇരുന്നു.

"സോറി, അഡ്വക്കേറ്റ് സുമിത്രാ, ഞാൻ സുപ്രധാനമായ ഒരു കാര്യം പ്ലാനിംഗ് ഓഫീസറുമായി സംസാരിക്കുകയായിരുന്നു.'' സലോമി പറഞ്ഞു.

"ഒന്നും സാരമില്ല. ഒരു പത്തു മിനിട്ടുനേരം എന്നെ കേൾക്കാൻ കഴിയുമോ ഇപ്പോൾ?"

"അതിനെന്താ, പരിസ്ഥിതിയുടെ ആളിന് പതിനഞ്ചു മിനിട്ടു മാറ്റിവച്ചിരിക്കുന്നു, പറയ്."

"ഞാൻ കുറേ ദിവസംമുമ്പ് കളക്ടറുടെ കെടുകാര്യസ്ഥതയെ കുറ്റപ്പെടുത്തിയും കയ്യേറ്റക്കാരന്റെ കാവലാളാണ് സലോമി മാത്യു എന്നാക്ഷേപിച്ചും പ്രസംഗിച്ചു."

"അതൊക്കെ നമ്മൾ വിട്ടുകളഞ്ഞ പഴയ ഒരു സംഭവമല്ലേ? പുത്തൻ പ്രവർത്തനങ്ങളെക്കുറിച്ചു പറയ്."

"അല്ല, പറഞ്ഞുപോയ വാക്കുകൾ തിരിച്ചെടുക്കാനാവില്ലല്ലോ. ഞാൻ ക്ഷമ ചോദിക്കുന്നു. ഒപ്പം ധീരമായി കാര്യങ്ങൾ നടപ്പാക്കിയതിൽ അഭിനന്ദിക്കുകയും ചെയ്യുന്നു."

"താങ്ക്സ്," സലോമി പുഞ്ചിരിച്ചു.

"കോടികൾ മുടക്കി പുഴക്കര വക്കച്ചൻ പണികഴിപ്പിച്ച കൊട്ടാരം പൊളിപ്പിച്ചത് ഒരു നെഗറ്റീവ് ആക്ഷൻ ആണെന്നുപറഞ്ഞ് ആക്ഷേപിക്കുന്നവരുമുണ്ട്. ആ വിമർശനം കുറെപ്പേർ ഇഷ്ടപ്പെടുന്നുമുണ്ട്. പൊളിച്ചുനീക്കലിലൂടെ കൈയേറ്റക്കാർക്കെല്ലാമുള്ള ഒരു മുന്നറിയിപ്പാണ് നമ്മളുദ്ദേശിച്ചത്. ഇതുപോലുള്ള നൂറുകണക്കിനു നിർമാണങ്ങൾ ഒഴിപ്പിക്കാൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്."

"ഈ ജില്ലയിലുള്ള അനധികൃതകൈയേറ്റങ്ങളുടെയും നിർമാണപ്രവർത്തനങ്ങളുടെയും കൃത്യമായ കണക്കെടുക്കാൻ ഞാൻ തഹസീൽദാർമാർക്ക് നിർദേശം കൊടുത്തു. കണ്ടെത്തിയാൽ ഒഴിപ്പിക്കുകയും ചെയ്യും."

"വണ്ടർഫുൾ! സൂപ്പർ ഡിസിഷൻ! അങ്ങനെ നമ്മുടെ പ്രവൃത്തിക്ക് ഒരു തുടർച്ചയുണ്ടാകുമല്ലോ." സുമിത്ര, സലോമിയെ അഭിനന്ദിച്ചു.

"സലോമി, മേഡം, ഞങ്ങൾ മറ്റൊരു പ്രധാന കാര്യം തീരുമാനിച്ചിട്ടുണ്ട്. മലിനമായി ഒഴുകുന്ന മീനച്ചിലാർ നിർമലമാക്കാനുള്ള പദ്ധതിയാണ്. വെള്ളം ശുചിത്വമുള്ളതാക്കിയാൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമത്തിന് വലിയൊരളവിൽ പരിഹാരം കാണാനും കഴിയും. അതിനൊപ്പം ആറിന്റെ തീരമിടിയുന്നതു തടയാൻ ഇരുകരകളിലും കൃത്യമായ അകലത്തിൽ രാമച്ചത്തൈകൾ വച്ചുപിടിപ്പിക്കാനും പദ്ധതിയുണ്ട്."

"വളരെ നല്ല ആശയമാണ്. കൂടുതൽ ആളുകളുടെ പ്രയത്നം ഇതിനാവശ്യമാകുമല്ലോ? അതിനുമാത്രം പരിസ്ഥിതിപ്രവർത്തകരുണ്ടോ സുമിത്രയ്ക്കൊപ്പം?"

"കുറെപ്പേരുണ്ട്. കൂടാതെ സ്കൂൾ, കോളജ്കുട്ടികളുടെ സഹകരണംകൂടി വാങ്ങാമെന്നു കരുതുന്നു. ആവശ്യത്തിന് രാമച്ചത്തൈകൾ സൗജന്യമായി കിട്ടാനുള്ള സാധ്യത വന്നിട്ടുണ്ട്."

"തൊഴിലുറപ്പ്, തൊഴിലാളികളുടെ സേവനംകൂടി നമുക്ക് ഇക്കാര്യത്തിൽ തരപ്പെടുത്താം. തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട് പ്രൊജക്ടുകൾ തയ്യാറാക്കാൻ കഴിയണം."

"വളരെ സന്തോഷം. തൊഴിലുറപ്പുകാരെക്കൂടി രംഗത്തിറക്കിയാൽ നമുക്കിതൊരു വമ്പൻ ചലഞ്ചാക്കിമാറ്റാം.'' അഡ്വക്കേറ്റ് സുമിത്ര പറഞ്ഞു.

"സുമിത്ര ഫുൾടൈം ഇങ്ങനെ സോഷ്യൽവർക്കാണോ? കോടതിയിൽ മറ്റു കേസുകൾ നടത്തുന്നില്ലേ?"

''എനിക്ക് ഹൈക്കോടതിയിൽ നല്ല പ്രാക്ടീസുണ്ട്. വരുന്ന കേസുകളെല്ലാം ചാടിപ്പിടിക്കുന്ന ഒരു അഡ്വക്കേറ്റല്ല ഞാൻ. പലപ്പോഴും പണം വാങ്ങാതെ വാദിക്കാറുമുണ്ട്."

"വീട്ടിൽ ധാരാളം സ്വത്തുണ്ടെന്നു കേട്ടു."

"ധാരാളമൊന്നുമില്ല. കഴിയാനുള്ളതുണ്ട്."

"ഹസ്ബൻഡിന് ഇതൊക്കെ താത്പര്യമാണോ? സഹകരിക്കുമോ?"

''ഹസ്ബൻഡോ? ഞാൻ മാരീഡല്ല.'' സുമിത്ര അല്പമൊന്നു വിളറി.

"സോറി... റിയലി സോറി."

"സോറി പറയണ്ട. സംശയിച്ചതിൽ ഒരു തെറ്റുമില്ല. എനിക്ക് വയസ്സ് മുപ്പത്തിരണ്ടുണ്ട്."

"എന്താ അങ്ങനെയൊന്നു വേണ്ടന്നുവച്ചത്?"

''മാരീഡായാൽ എന്റെയീ 'വട്ടാ'ക്കെ നടക്കുമോ? വിവാഹിതയായ പെണ്ണിന് ഇന്നെവിടെ സ്വാതന്ത്ര്യം? മറ്റുള്ളവരുടെ ഇഷ്ടത്തിനൊത്തു കുടുംബം നോക്കി, മക്കളെ നോക്കി, മാതാപിതാക്കളെ സംരക്ഷിച്ച് അങ്ങു തീർന്നുപോകുക. അതല്ലേ നടക്കുന്നതിവിടെ?"

"കുടുംബത്തോട് കമിറ്റ്മെന്റ് വേണ്ടെന്നാണോ സുമിത്രയുടെ അഭിപ്രായം?"

"ജീവിതത്തിൽ വലിയ ലക്ഷ്യങ്ങളുള്ളവർക്കും സോഷ്യൽ കമിറ്റ്മെന്റ് കൂടുതലുള്ളവർക്കും കുടുംബത്തോടു പൂർണ്ണമായും നീതി കാട്ടാൻ കഴിയില്ല. അതാണു സൂചിപ്പിച്ചത്."

''സുമിത്രാ, വെറും എട്ടു സെന്റു സ്ഥലവും രണ്ടുമുറിയുള്ള ചെറിയ വീടും ഒരു എരുമയും മാത്രമുള്ള ജിനേഷിനെപ്പോലുള്ളവർ ഇത്ര തീവ്രമായി പരിസ്ഥിതിപ്രവർത്തനവുമായി നടക്കുന്നതാണ് മനസ്സിലാകാത്തത്."

അഡ്വക്കേറ്റ് സുമിത്ര ഏതാനും നിമിഷം നിശ്ശബ്ദയായി.

"സലോമി മേഡം, അവൻ വ്യത്യസ്തനാണ്. ശരിക്കും.'' അഡ്വക്കേറ്റ് പറഞ്ഞു.

"ഞാൻ കളക്ടറായി ചാർജെടുത്ത ആ ദിവസം അവനെന്നെ കാണാൻ വന്നു. വിശദമായി കാര്യങ്ങൾ പറഞ്ഞു. മുൻ കളക്ടറിൽനിന്നും പുഴക്കര വക്കച്ചനിൽനിന്നുമൊക്കെയുണ്ടായ അനുഭവങ്ങൾ വിശദീകരിച്ചു." സലോമി സൂചിപ്പിച്ചു.

"ഇല്ലായ്മകളൊന്നും ജിനേഷിനെ ഒട്ടും ബാധിച്ചിട്ടില്ല.



സന്തോഷത്തോടെ അവൻ കുടുംബം കൊണ്ടുപോകുന്നു. ലക്ഷങ്ങളുടെ ഓഫറുകൾ ഇപ്പഴീ വിഷയത്തിൽ അവന്റെ മുമ്പിലെത്തിയതാ. പത്തുരൂപാപോലും വാങ്ങുകയുമില്ല. തീരുമാനത്തിൽനിന്ന് അണുവിട മാറുകയുമില്ല."

"അമ്മയും ചേച്ചിയും കൂടെയുണ്ടെന്നു പറഞ്ഞു. അവന്റെ ചേച്ചിക്ക് എന്തെങ്കിലും രോഗമുണ്ടോ?" സലോമി തിരക്കി.

"ജിനേഷിന്റെ ചേച്ചിക്ക് ഒരു രോഗവുമില്ല. വിവാഹം കഴിക്കാത്തത് അതിനുള്ള നിവൃത്തിയില്ലാഞ്ഞിട്ടാ. ഇപ്പോൾ ഏതാണ്ട് എന്റെയൊപ്പം പ്രായമായി."

''ഒരേരംഗത്തു പ്രവർത്തിക്കുന്ന ഒരേ മനോഭാവമുള്ള ആണും പെണ്ണും തമ്മിൽ വിവാഹം കഴിച്ചാൽ സന്തോഷത്തോടെ പോയേക്കുമല്ലേ."

"അതുണ്ടായേക്കാം."

"അങ്ങനെയെങ്കിൽ ജിനേഷും സുമിത്രയും തമ്മിൽ ഒരുമിക്കരുതോ? വെറുതെയൊരു സജഷൻ പറഞ്ഞെന്നേയുള്ളു കേട്ടോ."

അഡ്വക്കേറ്റ് സുമിത്രയുടെ മുഖത്ത് വ്യത്യസ്തമായ ഒരു ഭാവമുണ്ടായത് സലോമി ശ്രദ്ധിച്ചു.

''പ്രായത്തിൽ ഞാനവനെക്കാളും നാലു വയസ്സിന് മൂത്തതാണ് കളക്ടർസാറേ."

"അത് വലിയ പ്രശ്നമായെടുക്കണ്ട കേട്ടോ. രണ്ടാൾക്കും സമ്മതമാണെങ്കിൽ അങ്ങനെയൊരു കാര്യം സംഭവിക്കട്ടെ."

"എനിക്കവനെ ഇഷ്ടമാണ്. അവനു പക്ഷേ, എന്നോടെന്തോ ആദരവും ബഹുമാനവുമൊക്കെയാണ്. അതുകൊണ്ട് ഇങ്ങനെ മനസ്സിൽ സങ്കല്പിച്ചതുപോലും അവനറിയാതിരിക്കട്ടെ. എന്റെ നോട്ടത്തിൽ ജിനേഷിന് പ്രധാനമായും മൂന്നാവശ്യങ്ങളുണ്ട്. ഒരു സർക്കാർജോലി. അല്പം മെച്ചപ്പെട്ട ഒരു വീട്, ചേച്ചിയുടെ വിവാഹം."

"സഹായിക്കാൻ അഡ്വക്കേറ്റ് സുമിത്രയ്ക്ക് ആഗ്രഹമുണ്ടാകും?"

"ഉണ്ട്. അതു ചെയ്തുകൊടുക്കും. വിദേശത്ത് എനിക്കു ചില സ്നേഹിതരുണ്ട്. അവന്റെ സ്റ്റോറി ഞാനവർക്ക് സെന്റ് ചെയ്തിട്ടുണ്ട്. അവർ സഹായിക്കുമെന്നുറപ്പുണ്ട്."

''ഇല്ലായ്മകൾ കഠിനമായി അലട്ടുമ്പോൾ വലിയ ആദർശശാലികൾക്കുപോലും മനസ്സാക്ഷി പണയംവയ്ക്കേണ്ടിവരും." സലോമി പറഞ്ഞു.

"ജിനേഷിന് ഒരു റോൾ മോഡലുണ്ട്. പ്രൊഫസർ നീലകണ്ഠൻ നായർ. അദ്ദേഹത്തിൽനിന്നു പ്രചോദനം നേടി പരിസ്ഥിതിപ്രവർത്തനത്തിലേക്കു വന്നതാണ്. പണത്തിനോടോ പദവിയോടോ പ്രശസ്തിയോടോ ഒട്ടും ആർത്തിയില്ലാത്ത മനുഷ്യനാ. അതുകൊണ്ട് ഏതു കഠിനമായ പ്രലോഭനങ്ങളുണ്ടായാലും അവൻ വ്യതിചലിക്കുമെന്നു തോന്നുന്നില്ല.'' അഡ്വക്കേറ്റ് സുമിത്ര ജിനേഷിനെ പിന്നെയും പുകഴ്ത്തി.

അപ്പോൾ കളക്ടർ സലോമിയുടെ ഫോണിലേക്ക് എസ്.പി. മഹേഷ് ചന്ദ്രന്റെ കോൾ വന്നു.

"ഹലോ... മേഡം ... എസ്.പി. യാ"

''മനസ്സിലായി. പറഞ്ഞോളൂ."

"ഒരു ഇന്റലിജൻസ് റിപ്പോർട്ടുണ്ട്."

"എന്താ വല്ല വർഗ്ഗീയകലാപമോ, ഭീകരാക്രമണമോ മറ്റോ ആണോ?"

"അല്ല."

"എന്താ മടിക്കുന്നെ? പറയ്"

"മേഡത്തിന് ഭീഷണിയുണ്ട്. സന്ദർശകരെ കർശനമായി നിയന്ത്രിക്കണമെന്നും പരിശോധിക്കണമെന്നുമാണ് നിർദ്ദേശം."

''പുഴക്കര ബംഗ്ലാവിന്റെ റിയാക്ഷനാണോ?"

"അതെ മേഡം."

''ചെയ്യേണ്ടതൊക്കെ ചെയ്തേക്ക്. ഞാൻ പേഴ്സണലായി കെയർ ചെയ്തേക്കാം."

''ശരി മേഡം.'' എസ്.പി. ഫോൺ കട്ടാക്കി.

കളക്ടർ സലോമി, സുമിത്രയെ നോക്കി മൃദുവായി പുഞ്ചിരിച്ചു.

"വക്കീലിന് എസ്.പി. പറഞ്ഞതിന്റെ പൊരുൾ കിട്ടിക്കാണും."

"ഭീഷണി" അല്ലേ.

"അതെ."

"എങ്കിലെനിക്കും സാധ്യതയുണ്ടല്ലോ. സുപ്രീംകോടതിയിലെ പെർഫോമൻസിന്റെ പേരിൽ പത്രങ്ങൾ എന്നെ അല്പം തലോടിയിട്ടുണ്ട്."

"കരുതൽ നല്ലതാണ്. പുഴക്കര വക്കച്ചൻ ഒരു ഭീകരജീവിയാണെന്നൊക്കെ ആളുകൾ പറയുന്നുണ്ട്." സലോമി പറഞ്ഞു.

''നമ്മൾ പറഞ്ഞ സമയമായെന്നു തോന്നുന്നു. നിർത്താം." അഡ്വക്കേറ്റ് സുമിത്ര കസേരയിൽനിന്നെഴുന്നേറ്റു. അവർ പരസ്പരം ഹസ്തദാനം നൽകി. സുമിത്ര വേഗം പുറത്തേക്കിറങ്ങി. സലോമി ടംബ്ലറിൽനിന്നു വെള്ളം ഗ്ലാസ്സിൽ പകർന്നു കുടിച്ചു. ഇറങ്ങിപ്പോയ അഡ്വക്കേറ്റ് സുമിത്ര വെപ്രാളത്തോടെ കിതച്ചുകൊണ്ട് തിരിച്ചെത്തി.

"സലോമിമേഡം, മൊബൈലിൽ ഒരു വാർത്ത കിട്ടി. അവൻ... ജിനേഷ് ബൈക്കാക്സിഡന്റിൽ മരിച്ചെന്ന്! ഏതോ ഡോക്ടറുടെ കാറാണിടിച്ചു തെറിപ്പിച്ചത്..."

"ങ്ഹേ!" കളക്ടർ സലോമി പിടഞ്ഞെഴുന്നേറ്റു.

(തുടരും.)

# പുതുവർഷത്തിലെ പുതിയ മനുഷ്യൻ



ഫാ. ജോസഫ് നെച്ചിക്കാട്ട്

'Design for Christian Living' എന്ന ഗ്രന്ഥത്തിൽ വീരചരിതനും വിശുദ്ധനുമായ ജനറൽ ചാൾസ് ഗോർഡന്റെ പ്രതിമയെപ്പറ്റിയുള്ള ഒരു പരാമർശമുണ്ട്. ഈജിപ്തിലെ കാർട്ടൺ പട്ടണത്തിന്റെ പ്രാന്തപ്രദേശത്താണ് അതു സ്ഥാപിതമായിരിക്കുന്നത്.

സുഡാനിലെ ഗവർണർ ജനറലായ ഗോർഡൻ കാർട്ടൺ പട്ടണത്തിൽനിന്നു വിപ്ലവകാരികളെ തുരത്തിയോടിക്കുന്നതിനിടയിൽ വധിക്കപ്പെടുകയായിരുന്നു ഉത്തമവിശ്വാസിയായിരുന്ന ഗോർഡനെ ഒരു വിശുദ്ധ രക്തസാക്ഷിയായിട്ടാണ് ബ്രിട്ടീഷ് ജനത ആദരിക്കുന്നത്. അവർ അദ്ദേഹത്തിന് കാർട്ടൺ പട്ടണത്തിന്റെ പ്രാന്തപ്രദേശത്ത് ഒരു സ്മാരകമുണ്ടാക്കി - ഒട്ടകപ്പുറത്തിരിക്കുന്ന ജനറൽ.



പ്രതിമയുടെ അഭിമുഖം എങ്ങോട്ടായിരിക്കണം- അദ്ദേഹം പൊരുതിനിന്ന കാർട്ടൺ പട്ടണത്തിലേക്ക്? മാതൃരാജ്യത്തുനിന്ന് തനിക്കു രക്ഷാസൈന്യം എത്തിച്ചേരേണ്ടിയിരുന്ന നൈൽനദീതീരത്തേക്ക്?

പക്ഷേ, രക്തസാക്ഷിയായ ആ മഹാനെ നേരേ കിഴക്കോട്ടു തിരിച്ചുവച്ചു - ഉദിച്ചുയർന്നുവരുന്ന പ്രകാശകിരണങ്ങളിലേക്ക്. പ്രതീക്ഷാനിർഭരമായി കിഴക്കൻ ചക്രവാളത്തിലേക്കു കണ്ണെറിഞ്ഞുനില്ക്കുന്ന ആ പ്രതിമയാണ് പുതുവത്സരത്തിന്റെ പ്രതീകമായി ചാൾസ് വാള്ളിസ എന്ന വിശ്രുത ഗ്രന്ഥകാരൻ തിരഞ്ഞെടുത്തത്.

പുതുവത്സരപ്പിറവി നമ്മിൽ ഉണർത്തേണ്ടതു പ്രതീക്ഷയാണ് - വത്സരം മുഴുവൻ നിറഞ്ഞുനില്ക്കേണ്ട പ്രത്യാശ.

ഉപഭോഗസംസ്കാരത്തിലെ മനുഷ്യൻ പ്രത്യാശയില്ലാത്തവനാണ് - നിരാശനാണ്. ഈ ലോകത്തെ മാത്രം ചുറ്റിപ്പറ്റിയാണ് അവന്റെ സ്വപ്നങ്ങൾ. അവയൊക്കെ സായംകാലസുമങ്ങളെപ്പോലെ കൊഴിഞ്ഞു നിലംപൊത്തുമ്പോൾ അവനും അടിപതറുന്നു. മനുഷ്യൻ സ്വതവേ അസ്വസ്ഥനാണ്. അവൻ സ്വയം പര്യാപ്തനല്ലെന്നതാണു കാരണം. അതാണ് അവന്റെ സർവ്വ അസ്വസ്ഥതകളുടെയും ആണിക്കല്ല്. പ്രായമാകുമ്പോൾ, രോഗമേറിത്തുടങ്ങുമ്പോൾ എല്ലാം തീർന്നു എന്ന് അവൻ കരുതുന്നു. അതുകൊണ്ടാണ് ചിലരൊക്കെ മുൻകൂർ ജാമ്യമെടുത്ത്, ആത്മഹത്യ ചെയ്യുന്നത്. ഒന്നുകിലും രക്ഷയില്ല, അല്ലെങ്കിലും രക്ഷയില്ല! എങ്കിൽ, എത്രയും നേരത്തേ ജീവിതം അവസാനിപ്പിക്കുകതന്നെ.

ഉത്കണ്ഠാകുലരാകുന്നവരെ കാർന്നു തിന്നുന്ന വേദനയേറിയ ഒരു രോഗമാണ് ആൻജീനാ പെക്ടോരിസ്.

ഉത്കണ്ഠാകുലനെ കണ്ടാലറിയാം. അവന്റെ മുഖമൊക്കെ കറുത്ത് അകാലവാർദ്ധക്യത്തിന്റെ ചുളിവുകൾ വീണു വിരൂപമായിരിക്കും. കയ്പുകലർന്ന ആ മുഖം കാണുന്നതിനോ അവനുമായി ബന്ധപ്പെടുന്നതിനോ അധികമാരും ആഗ്രഹിക്കുകയില്ല. അങ്ങനെ അവൻ സമൂഹത്തിൽനിന്നു പിന്നെയും ഒറ്റപ്പെട്ട് അകന്നകന്നുപോകുന്നു. പ്രസന്നവദനർക്കേ മറ്റുള്ളവരെ ആകർഷിക്കുവാനും നേടുവാനും കഴിയുകയുള്ളൂ!

ഉത്കണ്ഠകളുടെ ആഴങ്ങളിലേക്കിറങ്ങിനിന്നുകൊണ്ട് ബിഷപ് ഫുൾട്ടൻ ഷീൻ പറയുകയാണ്: 'ദൈവത്തെക്കൂടാതെ ജീവിക്കുവാനുള്ള പരീക്ഷണമാണ് ആധുനികമനുഷ്യനെ അസ്വസ്ഥനാക്കുന്നത്.'

യേശു ഉപദേശിക്കുന്നതു ശ്രദ്ധിക്കുക: 'എന്തു തിന്നും, എന്തു കുടിക്കും എന്നു ചിന്തിച്ച് നാളെയെപ്പറ്റി ആകുലപ്പെടരുത്. ആകാശത്തിലെ പറവകൾ വിതയ്ക്കുന്നില്ല... വയലിലെ ലില്ലികളെ നോക്കുക. സോളമൻ തന്റെ സർവ്വമഹത്ത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നിട്ടില്ല' (മത്താ. 6:25-34). ആരിലെങ്കിലും എവിടെയെങ്കിലും അഭയം കണ്ടെത്തിയാലേ മനുഷ്യപ്രകൃതി ശാന്തമാകൂ.

ഇംഗ്ലീഷ് സാഹിത്യത്തിലെ അതുല്യപ്രതിഭയായ ഏ.ജെ. ക്രോണിൻ ആദ്യകാലത്ത് ഒരു ഡോക്ടറായിരുന്നു - ഏവർക്കും പ്രിയങ്കരനായ നല്ലൊരു ഡോക്ടർ. എങ്കിലും, പൊടുന്നനേ അദ്ദേഹം രോഗിയായി - കിടപ്പിലായി. അവിടെ കിടന്നുകൊണ്ടുതന്നെ ദൈവപരിപാലനയിൽ ആശ്രയിച്ച് അദ്ദേഹം വായിക്കുവാനും പിന്നീട് എഴുതുവാനും ശീലിച്ചു. അത് അദ്ദേഹത്തെ പ്രഗല്ഭനായ ഒരു എഴുത്തുകാരനാക്കി മാറ്റി.

ദൈവത്തിൽ പ്രത്യാശയർപ്പിക്കുന്നവർക്ക് ഒരിക്കലും നിരാശരാകേണ്ടിവരുകയില്ലെന്നാണു ക്രോണിനു നല്കാനുള്ള പുതുവത്സരസന്ദേശം. എപ്പോഴും എന്തിലും എന്തെങ്കിലുമൊരു പദ്ധതി അവിടുത്തെ മനസ്സിലുണ്ടാകും.

പതിനേഴു കഴിഞ്ഞ ജോസഫിനെ ഇരുപതു വെള്ളിക്കാശിനു വിറ്റ സഹോദരങ്ങൾ എന്നെങ്കിലും ഒരു തിരിച്ചുവരവു സ്വപ്നം കണ്ടോ? (ഉത്പത്തി 37-28) ഈജിപ്തിലെ അടിമപ്പണിയിൽ ചാട്ടവാറടിയേറ്റ് ആ 'സ്വപ്നക്കാരൻ' മൃതിയടഞ്ഞുപോയിട്ടുണ്ടാകുമെന്നാണ് അവർ പിന്നീടു കരുതിയതും. പക്ഷേ, ദൈവത്തിന്റെ പദ്ധതികൾക്കു തന്നെത്തന്നെ പരിപൂർണ്ണമായി വിട്ടുകൊടുത്തപ്പോൾ, 'പൊത്തീഫ'റിന്റെ സുന്ദരിയുടെ മുമ്പിൽപോലും 'പതറാതെ' നിന്നപ്പോൾ ആ സ്വപ്നക്കാരൻ സ്വപ്നം വിശദീകരിക്കുന്നവനായും സ്വപ്നങ്ങളുടെ സാക്ഷാത്കാരമായും മാറി. 'നിങ്ങൾ ഈജിപ്തുകാർക്കു വിറ്റ ജോസഫാണു ഞാൻ... നിങ്ങൾക്കുവേണ്ടി ദൈവമാണ് നിങ്ങൾക്കു മുമ്പേ എന്നെ ഇങ്ങോട്ട് അയച്ചത്' എന്നു പറഞ്ഞുതീർന്നപ്പോൾ അവന്റെ സർവനിയന്ത്രണങ്ങളും നഷ്ടപ്പെട്ടു! ഈജിപ്തിലെ ആ സർവാധികാരി പരിസരം മറന്നു വാവിട്ടു കരഞ്ഞുപോയി (ഉത്പത്തി 45-2).

പുതുവത്സരത്തിൽ നാം ഉള്ളിലുറപ്പിച്ചു വയ്ക്കേണ്ട ഒരു സത്യമുണ്ട്. ദൈവം ഒരിക്കലും നമ്മെ കൈവെടിയുകയില്ല. നിശ്ചയമായും ഏതെങ്കിലുമൊരു വാതിൽ നമുക്കു തുറന്നുതരും. ജോസഫിന്റെ കാര്യത്തിൽ നാം കണ്ടതുപോലെ, ക്രോണിൻ പറഞ്ഞതുപോലെ അത് നാം കണ്ടുവച്ച വാതിലായിക്കൊള്ളണമെന്നില്ല. എങ്കിലും, അതു നമുക്ക് ഏറ്റവും അനുയോജ്യമായതു തന്നെയായിരിക്കും. 'ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു.' (റോമ. 8-28)

പുതുവത്സരം തീരുമാനത്തിന്റെതും ദൃഢനിശ്ചയത്തിന്റെതുമാകണം. ഓരോ വർഷവും അതു നിന്നെ ഇത്തിരികൂടി മെച്ചപ്പെട്ട പുതിയൊരു മനുഷ്യനാക്കിത്തീർക്കണം.

■

---

പ്രണയപാഠാവലി 68



ഡോ. ആന്റണി ജോസ്

വൃത്തിയും വെടിപ്പും അല്പം കൂടുതലാണ് വീട്ടുകാരിക്ക്. കെട്ട്യോനെയും മക്കളെയും ശുചിത്വബോധത്തിൽ വളർത്തുന്നത് താനാണെന്നാണ് വയ്പ്പ്.

ഒരുദിവസം ഓഫീസിൽ പോകാനിറങ്ങിയ ഭർത്താവ് എന്തോ മറന്ന് തിരിഞ്ഞ് വീട്ടിനുള്ളിലേക്കു പ്രവേശിക്കുന്നു.



## അതേ നാണയത്തിൽ

തറ വൃത്തിയാക്കിക്കൊണ്ടിരുന്ന ഭാര്യയുടെ പുരികം വളഞ്ഞു.

ചെരുപ്പൂരാതെയാണ് അങ്ങേർ അകത്തു കയറിയത്!

''കണ്ട പട്ടിക്കാഷ്ഠോം വലിച്ചുകേറ്റിക്കൊണ്ട് വന്നോളും. ഞാനൊരുത്തിവേണം കെടന്ന് കഷ്ടപ്പെടാൻ'' - ഭാര്യയുടെ കമന്ററി.

ഒന്നു ചൂളിപ്പോയെങ്കിലും അങ്ങേർ പെട്ടെന്നു സമനില വീണ്ടെടുത്തു.

അതാ, 'അതേ നാണയത്തിൽ തിരിച്ചടി' എന്ന തന്ത്രം വരവായി...

"നീയേ, ഈ മോരുകറീടെ കുപ്പി ഇതുപോലെ മുറുക്കിയടച്ചാലെങ്ങനാ? ആനേക്കൊണ്ടുവരേണ്ടി വരും, ഉച്ചയ്ക്ക് ഒന്നു തുറക്കാൻ."

ഇത്രയും പ്രസ്താവിച്ച്, ബാക്കിപ്രതികരണത്തിനു നിൽക്കാതെ കക്ഷി സ്ഥലം വിട്ടു. ഫ്രിഡ്ജിൽ ചീഞ്ഞിരിക്കുന്ന ഒരു തക്കാളിക്കറിയെക്കുറിച്ചു കൂടി ഓർത്തെങ്കിലും പിന്നീടൊരവസരത്തിലാകാമെന്നു വച്ചിരിക്കാം.

ഒരു വീഴ്ച ചൂണ്ടിക്കാണിക്കപ്പെടുന്നിടത്താണ് തന്ത്രം തലപൊക്കുക. വീഴ്ച പിടിക്കപ്പെടുക ഒരു തോൽവിയാണല്ലോ. അപ്പോഴാണ് ആരോപണം നടത്തിയ വ്യക്തിക്കെതിരേ മറുകൈപ്രയോഗം നടത്തുക.

നാട്ടിലും വീട്ടിലും ജോലിസ്ഥലത്തുമെല്ലാം അരങ്ങേറാറുണ്ടിത്. ഇതിനു യാതൊരു ഗുണവുമില്ല എന്നത് വേറൊരു കാര്യം.

പങ്കാളിയുടെ മോശമായ പെരുമാറ്റത്തിൽ മനംനൊന്താണല്ലോ കുറ്റപ്പെടുത്തലിനൊരുമ്പെടുന്നത്. എന്നാൽ, അതു വകവയ്ക്കാതെ ഒരു സോറിപോലും പറയാതെ തിരിച്ചടിക്കുമ്പോൾ ഇണയ്ക്കെന്താവും തോന്നുക?

തനിക്ക് തികച്ചും അസ്വീകാര്യമായതിനെ ന്യായീകരിക്കുന്നു. മനസ്സിൽ കണക്ക് സൂക്ഷിച്ചുവച്ച് സന്ദർഭം കിട്ടുമ്പോൾ ആക്രമിക്കുന്നു, എന്നൊക്കെയല്ലേ!

വിമർശനത്തെ ജനാധിപത്യപരമായി നേരിട്ടു പഠിക്കണം.

സോറി പറയാൻ വയ്യെങ്കിൽക്കൂടി തെറ്റിൽനിന്നു പാഠമുൾക്കൊണ്ട്, ആപത്തിലാകാതിരിക്കണം. മറുകൈപ്രയോഗം ഒഴിവാക്കുക. തിരുത്തലുകൾ നിർദേശിക്കാം. സൗഹൃദത്തിന്റെ അന്തരീക്ഷത്തിലും ആത്മവിശ്വാസം ഉറപ്പാക്കിക്കൊണ്ടും.

# സർവേശ്വരന്റെ സൃഷ്ടിജാലങ്ങൾ

സഞ്ചാരം



ഡോ. ജെ. കട്ടയ്ക്കൽ

*(കഴിഞ്ഞ ലക്കം തുടർച്ച)*

**പക്ഷിപറവകൾ**

പക്ഷിപറവകളുടെ ഇനത്തിൽ, ചിത്രശലഭങ്ങളെയാണ് ആദ്യം പ്രദർശിപ്പിച്ചിരിക്കുന്നത്. ചിത്രശലഭങ്ങളുടെ ഗെയ്റ്റിനടുത്താണ് ഐസ്ക്രീം 'പാർലർ'. എല്ലാവരും ഐസ്ക്രീം ഹാളിലേക്കു കയറി ഐസ്ക്രീം കഴിച്ചു. തൊട്ടടുത്തുതന്നെ വലിയ ചുവരെഴുത്ത്: 'ബട്ടർഫ്ളൈസ്.' നമ്മുടെ ഭാഷയിൽ ചിത്രശലഭങ്ങൾ. ബട്ടർഫ്ളൈസ് എന്ന ഇംഗ്ലീഷ് വാക്കിന്റെ ഉത്പത്തിയെപ്പറ്റി ഞാൻ അല്പം ചിന്തിച്ചു. 'വെണ്ണനെയ്യിൽ വന്നിരിക്കുന്ന ഈച്ചകൾ' ഏതോ ഇംഗ്ലീഷ് അമ്മൂമ്മ കൊടുത്ത ഒരു വികലപ്രയോഗം. സംസ്കൃതത്തിലും സംസ്കൃതനിഷ്പന്നമായി ഇതര ഇന്ത്യൻ ഭാഷകളിലും പ്രചരിച്ചിരിക്കുന്ന 'ചിത്രശലഭം' എത്രയോ അർത്ഥവത്താണ്! 'വിചിത്രമായ ശലഭം.' ചിത്രശലഭങ്ങളുടെ വൈചിത്ര്യം അവർണനീയമല്ലേ? അത് അങ്ങനെയിരിക്കട്ടെ.

ചിത്രശലഭവിഭാഗത്തിന്റെ പ്രവേശനകവാടത്തിൽ എഴുതിവച്ചിരിക്കുന്ന കുറെ വിവരങ്ങൾ ആശ്ചര്യാവഹം:

"ലോകത്തിൽ ഇതുവരെ ശാസ്ത്രലോകം കണ്ടുപിടിച്ചിരിക്കുന്നത്, 1500 ലേറെ ഇനം ചിത്രശലഭങ്ങൾ. ഇവയെക്കൂടാതെ, ജപ്പാൻകാർ 52 ഇനം ചിത്രശലഭങ്ങളെക്കൂടി കണ്ടുപിടിച്ചിരിക്കുന്നു."


ഏതായാലും താമ്പായിൽ വിശാലമായ കൂടുകളിൽ പാർപ്പിച്ചിരിക്കുന്ന വൈവിധ്യവും വൈചിത്ര്യവും അദ്ഭുതാവഹംതന്നെ. ചിത്രശലഭങ്ങളുടെ സൗന്ദര്യാദിഗുണവിശേഷങ്ങൾ, അവയുടെ സ്രഷ്ടാവായ സർവേശ്വരന്റെ അനന്തഗുണവിശേഷങ്ങളുടെ പ്രതിഫലനം തന്നെ, സംശയമില്ല (വിജ്ഞാനം 13).

**പക്ഷികൾ**

മയിലിന്റെ തൂവൽഭംഗിയും കുയിലിന്റെ സ്വരമാധുരിയും തീരെ ചെറിയ ചുണ്ടങ്ങാപ്പക്ഷിയുടെ അഥവാ ഹിസ്സിംഗ് ബേർഡിന്റെ ചലനസാമർത്ഥ്യവും മരുഭൂമിയിൽ അതിശീഘ്രം ഓടുന്ന ഭീമാകാരൻ ഒട്ടകപ്പക്ഷിയുടെ വലിപ്പവുമൊക്കെ ആരെയാണ് അദ്ഭുതപ്പെടുത്താത്തത്!

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ലക്ഷക്കണക്കിനു വർഷങ്ങൾകൊണ്ടു വളർന്നു വികസിച്ച പക്ഷിജാലങ്ങളിൽ പലതിനെയും മനുഷ്യർ കണ്ടു മനസ്സിലാക്കുന്നതിനായി സൂക്ഷിച്ചിരിക്കുന്നത്, മഹത്തായ ഒരു ലോകോപകാരമാണ്. വാസ്തവം പറയുകയാണെങ്കിൽ പക്ഷിപറവകൾ, മനുഷ്യരുടെ മിത്രങ്ങളാണ്. ഭൂമിയിൽ ജീവിക്കുന്ന അനവധി മശകമക്കുണങ്ങളെ നശിപ്പിക്കുന്നത് പക്ഷിപറവകളാണ്. ഭൂമിയിൽ ജീവികളുടെ 'ബാലൻസ്' നിലനിറുത്താൻ പക്ഷിപറവകൾ ആവശ്യമാണ് – സ്രഷ്ടാവിന്റെ വിജ്ഞാനചാതുരി!





**മൃഗവിഭാഗം**

പക്ഷിസങ്കേതം സന്ദർശിച്ചശേഷം, ഞങ്ങൾ മൃഗവിഭാഗത്തിലേക്കു മാറി. എന്തൊരാശ്ചര്യം! കവി പാടുന്നതുപോലെ,

'അനന്തം അജ്ഞാതം അവർണനീയം!

മൃഗരാജനായ സിംഹവും കാടിന്റെ നായകനായ കടുവയും എത്ര ഉന്നതവൃക്ഷത്തിന്റെയും ശിഖരങ്ങൾക്കിടയിൽക്കൂടി ഓടിച്ചാടി വിഹരിക്കുന്ന വാനരഗണവും കഴുതക്കൂട്ടവും കുതിരകളും മറ്റു നൂറു കണക്കിനു ജീവികളും – എല്ലാ അദ്ഭുതംതന്നെ.

കഴുതകളെ പാർപ്പിച്ചിരിക്കുന്ന 'കഴുതവിഹാര'ത്തിനടുത്തായി, കുറെ വാനരന്മാർ (വാൽനരന്മാർ) ഉല്ലാസപൂർവ്വം വിഹരിക്കുന്നതുകണ്ടപ്പോൾ, പഴയ ഹിതോപദേശത്തിലെ ഒരു ഹാസ്യകഥ, കുട്ടിക്കഥ ഞാനോർത്തു – അത് ഇങ്ങനെയാണ്:

വാനരാണാം വിവാഹേഷു
ഗർദഭാഃ ഖലു ഗായകാഃ
'അഹോ! രൂപം, അഹോ! നാദം!'
തേ ശംസന്തി പരസ്പരം!

വാനരന്മാരുടെ വിവാഹാഘോഷത്തിന്, കഴുതകളെ പാട്ടുകാരായി ക്ഷണിച്ചു. 'അഹോ, കുരങ്ങച്ചേട്ടന്മാരേ, നിങ്ങളുടെ മുഖം എത്ര മനോഹരം!' എന്നു കഴുതകൾ പാടിയപ്പോൾ 'കഴുതച്ചേട്ടന്മാരേ, നിങ്ങളുടെ ശബ്ദം എത്ര മനോഹരം!' എന്നു കുരങ്ങുകൾ പകരം സ്തുതിച്ചു. അങ്ങനെ കഴുതകളും കുരങ്ങുകളും പരസ്പരം സ്തുതിച്ച് കല്യാണാഘോഷം കേമമാക്കി.

**താമ്പാ ബീച്ചിൽ**

വൃക്ഷ-പക്ഷി-മൃഗാദികളെയെല്ലാം നിരീക്ഷിച്ചശേഷം ഞങ്ങൾ പ്രസിദ്ധമായ താമ്പാ ബീച്ചിലേക്കു പോയി. ക്ലിയർ വാട്ടർ ബീച്ച്, സംസ്കൃതകവികളുടെ ഭാഷയിൽ സലിലം ശാരദം എന്നാണ് താമ്പാ ബീച്ച് പ്രഖ്യാതമായിരിക്കുന്നത്. ഈ പേര് വളരെ അന്വർത്ഥവുമാണ്. കടൽത്തീരത്തുനിന്ന് ഉൾക്കടലിനെ ലക്ഷ്യമാക്കി, മുട്ടോളം ആഴത്തിൽ നല്ല തെളിഞ്ഞ വെള്ളത്തിൽക്കൂടി ഒരു കിലോമീറ്റർ സഞ്ചരിക്കാം. ക്ലിയർ വാട്ടർ എന്ന പേര് മഹാവിശുദ്ധയായ ക്ലാരപ്പുണ്യവതിയെ അനുസ്മരിപ്പിക്കുന്നതുമാണ്. ഏതായാലും താമ്പായിലെ ഈ 'നിർമലജലകടൽത്തീരം' പ്രതിദിനം ആയിരക്കണക്കിന് മനുഷ്യർക്ക് വിനോദത്തിനും ഉല്ലാസത്തിനും കളമൊരുക്കുന്നു. 'മനുഷ്യസൃഷ്ടിക്കുശേഷം, ദൈവം ആദത്തിന്റെയും ഹവ്വായുടെയും കൂടെ ഭൗമികപറുദീസായിൽ സായാഹ്നസവാരിക്കുപോയി' എന്ന ബൈബിൾ പ്രസ്താവനയുടെ ധ്വനിയും ഇതുതന്നെ.

താമ്പായിലെ ക്ലിയർ വാട്ടർ ബീച്ചിൽ എന്റെ സുഹൃത്ത് സജിയും, അയാളുടെ മൂന്നു സന്താനങ്ങളും രണ്ടു മണിക്കൂറിലേറെ ഓടിച്ചാടി, കളിച്ച് ഉല്ലസിച്ചശേഷം തിരിച്ചുവന്നു. ആ സായംകാലം ഹോട്ടലിൽ വിശിഷ്ടഭോജനവും കഴിച്ചു.

ഏതായാലും ഒരൊറ്റ ദിവസംകൊണ്ട്, അറ്റ്ലാന്റിക് മഹാസമുദ്രത്തിന്റെ ഭംഗിയും അനവധി സൃഷ്ടിജാലങ്ങളുടെ സൗന്ദര്യവും ഞങ്ങൾ ആസ്വദിച്ച്, സംതൃപ്തരായി.

(തുടരും)

---

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## ഭക്ത്യനുഷ്ഠാനം

സംസ്കൃതത്തിലെ സ്വരസന്ധിക്കും മലയാളത്തിലെ ആഗമസന്ധിക്കും തമ്മിൽ വേർപെടുത്താനാവാത്ത ബന്ധമുണ്ട്. സംസ്കൃതസ്വരസന്ധിയിൽ യ, വ കൾക്ക് ആദേശവും മലയാളസ്വരസന്ധിയിൽ യ, വ കൾക്ക് ആഗമവും സംഭവിക്കുന്നു. സംസ്കൃതത്തിൽ ഹ്രസ്വങ്ങളോ ദീർഘങ്ങളോ ആയ ഇ, ഉ, ഋ എന്നീ വർണ്ണങ്ങൾക്കുശേഷം അന്യസ്വരങ്ങൾ വന്നാൽ യഥാക്രമം യ,വ,ര എന്നീ മധ്യമങ്ങൾ ആദേശമായി വരും. "സ്വരത്തിൻ മുൻവികാരിക്കു മധ്യമം മുറയായ് വരും" * (ഒരു സ്വരം പരമായി വന്നാൽ അതിനു മുമ്പിരിക്കുന്ന വികാരികൾക്കു മുറയ്ക്കു മധ്യമങ്ങൾ ആദേശമായി വരും) എന്നു നിയമം.

അങ്ങനെ, 'ഭക്തി'യും 'അനുഷ്ഠാന'വും ചേരുമ്പോൾ ഭക്ത്യനുഷ്ഠാനമാകുന്നു (ഭക്തി + അനുഷ്ഠാനം → ഭക്ത് + യ് + അനുഷ്ഠാനം = ഭക്ത്യനുഷ്ഠാനം). ഭക്തി എന്ന പൂർവ്വപദത്തിന്റെ ഒടുവിലുള്ള ഇകാരമാണ് വ്യഞ്ജനീയഭാവം കലർന്ന് 'യ' കാരമായി മാറുന്നത്. ഭക്ത്യനുഷ്ഠാനത്തിന് ഭക്തിമൂലമുള്ള ആചരണം എന്നർത്ഥം കല്പിക്കാം.

അതി+അധികം = അത്യധികം, ഗതി+അന്തരം = ഗത്യന്തരം, ദധി+അന്നം = ദധ്യന്നം, പ്രതി+ഉപകാരം= പ്രത്യുപകാരം, ബുദ്ധി + ഉപദേശം = ബുദ്ധ്യുപദേശം, തനു + അംഗി = തന്വംഗി, പ്രതി + ഔഷധം = പ്രത്യൗഷധം, മാതൃ + ആജ്ഞ = മാത്രാജ്ഞ, പിതൃ + അർത്ഥം = പിത്രർത്ഥം എന്നിങ്ങനെ ഒട്ടേറെ ദൃഷ്ടാന്തങ്ങൾ മേല്പറഞ്ഞ നിയമത്തെ അനുസരിക്കുന്നു. സംസ്കൃതസ്വരസന്ധിയിലെ യൺസന്ധി വിഭാഗത്തിലാണ് ഇവ ഉൾപ്പെടുന്നത്.

രണ്ടു സ്വരങ്ങൾ അടുത്തടുത്തുവരുമ്പോഴുണ്ടാകുന്ന ഉച്ചാരണക്ലേശം മലയാളം മറ്റൊരു വിധമാണ് പരിഹരിക്കുന്നത്. സ്വരങ്ങൾക്കിടയിൽ യ, വ എന്നീ വ്യഞ്ജനങ്ങളിൽ ഒന്ന് ഇടയ്ക്കുചേർത്ത് സ്വരയോഗം ഒഴിവാക്കുന്നു. താലവ്യസ്വരങ്ങൾക്കു (അ ആ ഇ ഈ എ ഏ ഐ) പരമായി മറ്റൊരു സ്വരം വന്നാൽ 'യ' കാരവും ഓഷ്ഠ്യസ്വരങ്ങൾക്ക് (ഉ ഊ ഒ ഓ ഔ) പരമായി മറ്റൊരു സ്വരം വന്നാൽ 'വ' കാരവും ആഗമിക്കും. ഇതാണ് കേരളപാണിനീയപ്രസിദ്ധമായ ആഗമസന്ധി. അല + ആഴി = അലയാഴി, വാഴ + ഇല = വാഴയില, പിടി + ആന = പിടിയാന, കൈ + അക്ഷരം = കൈയക്ഷരം, തിരു + ഓണം = തിരുവോണം, തിരു + അനന്തപുരം = തിരുവനന്തപുരം, പൂ + അമ്പൻ = പൂവമ്പൻ, ഒരു + അൻ = ഒരുവൻ എന്നിങ്ങനെ എത്രയോ ദൃഷ്ടാന്തങ്ങൾ!

സന്ധിചെയ്യുമ്പോൾ രണ്ടു സ്വരങ്ങൾ അടുത്തടുത്തുവരുമ്പോഴുണ്ടാകുന്ന വൈഷമ്യം സംസ്കൃതം ആദേശം വഴിയും മലയാളം ആഗമം വഴിയും നിവൃത്തി വരുത്തുന്നു. സംസ്കൃതസന്ധിയിൽ പൂർവ്വപദാന്തവർണ്ണത്തിനാണ് ആദേശം സംഭവിക്കുന്നതെങ്കിൽ മലയാളത്തിൽ പൂർവ്വോത്തരപദങ്ങളുടെ മധ്യത്തിലാണ് ആഗമം സംഭവിക്കുന്നതെന്നത്രേ അവ തമ്മിലുള്ള ഭേദം. സൂക്ഷ്മമായാലോചിച്ചാൽ, രാജരാജവർമ്മ 'വികാരം' അടിസ്ഥാനമാക്കി ആവിഷ്കരിച്ച ആഗമസന്ധി സ്വരസന്ധിയാണെന്നും പറയാം.

** രാജരാജവർമ്മ, ഏ.ആർ., മണിദീപിക, കേരളസാഹിത്യഅക്കാദമി, തൃശൂർ, 1987, പുറം : 32*

# ചോര ചിന്തുന്ന ക്രൈസ്തവർ

*ഒന്നാം പേജ് തുടർച്ച*

2014 ജൂണിൽ വടക്കൻ ഇറാക്കിന്റെ നിയന്ത്രണം ഐഎസ് ഭീകരരുടെ കൈകളിലെത്തിയതോടെ ക്രൈസ്തവരെ ഉന്മൂലനം ചെയ്യാൻ നടത്തിയ ക്രൂരതകൾ മനഃസാക്ഷി മരവിപ്പിക്കുന്നതായിരുന്നു. ഐഎസിന്റെ നടപടികൾ ലക്ഷ്യമിടുന്നത് ക്രൈസ്തവരുടെ വംശീയമായ കൂട്ടക്കൊലയാണെന്ന് 2016 ഫ്രെബുവരി മൂന്നിന് യൂറോപ്യൻ യൂണിയൻ ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഒരു മാസത്തിനു ശേഷം അമേരിക്കയും ഏപ്രിലിൽ ബ്രിട്ടീഷ് പാർലമെന്റും ഇക്കാര്യം ശരിവച്ചു.

ഇറാക്കിലെ മൊസൂൾനഗരം പിടിച്ചടക്കിയ ഉടൻ അവിടെയുള്ള ക്രൈസ്തവരോട് ഇസ്‌ലാമിലേക്കു മതം മാറാനോ, മരണം നേരിടാനോ ആയിരുന്നു ഐഎസ് ഭീകരരുടെ മുന്നറിയിപ്പ്. മൊസൂളിലെ 60,000 വരുന്ന ക്രൈസ്തവരെ പൂർണമായും ഇല്ലാതാക്കി. മറ്റു നഗരങ്ങളിലും ഇസ്‌ലാമിക തീവ്രവാദികൾ ക്രൈസ്തവർക്കെതിരേ ഇതേ രീതി നടപ്പാക്കിയപ്പോഴും ലോകരാജ്യങ്ങളിലെ ഇസ്‌ലാമികസമൂഹം പ്രതികരിച്ചിരുന്നില്ല. ഈ മേഖലകളിലെ 1,800 വർഷത്തെ തുടർച്ചയായ ക്രൈസ്തവസാന്നിധ്യമാണ് മതഭീകരതയുടെ പേരിൽ തുടച്ചുനീക്കിയത്. പൗരാണികമായ പള്ളികളും മറ്റു ക്രൈസ്തവകെട്ടിടങ്ങളും ഇടിച്ചുനിരത്തിയതും കരുതിക്കൂട്ടിയായിരുന്നു.

2016 മാർച്ചിൽ യെമനിൽ ഇസ്‌ലാമിക ഭീകരർ തട്ടിക്കൊണ്ടുപോയ പാലാ രാമപുരം സ്വദേശിയായ ഫാ. ടോം ഉഴുന്നാലിലിനെ മോചിപ്പിക്കാൻ 2017 സെപ്റ്റംബർവരെ കാത്തിരിക്കേണ്ടിവന്നത് ഇനിയുമാരും വിസ്മരിച്ചിട്ടില്ല. യെമനിലെ ഏഡനിലുള്ള മിഷണറീസ് ഓഫ് ചാരിറ്റീസിന്റെ കെയർ ഹോം ആക്രമിച്ച് വിശുദ്ധ മദർ തെരേസയുടെ സന്ന്യാസിനീസമൂഹത്തിലെ നാലു കന്യാസ്ത്രീകൾ അടക്കം 16 പേരെ കൊലപ്പെടുത്തിയശേഷമായിരുന്ന ഉഴുന്നാലിലച്ചനെ ഭീകരർ തടവിലാക്കിയത്.

**ഹാഗിയ സോഫിയ ഒറ്റപ്പെട്ടതല്ല**

തുർക്കിയിലെ ഈസ്റ്റാംബൂളിലുള്ള വിഖ്യാതമായ ഹാഗിയ സോഫിയ പള്ളി 1935 ൽ മ്യൂസിയം ആക്കിയതും കഴിഞ്ഞ വർഷം മോസ്ക് ആക്കിയതും ക്രൈസ്തവരിൽ ഏല്പിച്ച മുറിവ് ആഴത്തിലുള്ളതാക്കി. കോൺസ്റ്റാന്റിനോപ്പിളിന്റെ തലസ്ഥാനത്തെ കത്തീഡ്രലായി 537 ൽ നിർമിച്ചതാണ് ഈ പള്ളി. തുർക്കി പ്രസിഡന്റ് എർദോഗന്റെ കാലത്തു മാത്രം ഇതടക്കം മ്യൂസിയം ആക്കിയിരുന്ന നാലു പള്ളികളാണ് മോസ്ക് ആക്കിമാറ്റിയത്. ഈസ്റ്റാംബൂളിലേതിനു പുറമേ ഇസ്നിക് നഗരത്തിലുള്ള മറ്റൊരു ഹാഗിയ സോഫിയ 2011 ലും ഈസ്റ്റാംബൂളിലെതന്നെ ഷോരാ പള്ളി 2019 ലും മോസ്ക് ആക്കിമാറ്റി. നൂറുകണക്കിനു ക്രിസ്ത്യൻ പള്ളികളാണ് തുർക്കി, അസർബൈജാൻ, ബോസ്നിയ, അൽബേനിയ തുടങ്ങിയ രാജ്യങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ടുകളിൽ മോസ്ക് ആക്കിയത്. അനേക നൂറ്റാണ്ടുകളായി ക്രൈസ്തവരുടെ ആരാധനകേന്ദ്രങ്ങളായിരുന്ന വൻ ദേവാലയങ്ങളൊക്കെ മതഭീകരതയുടെ മറവിൽ ഇല്ലാതാക്കുകയും രൂപാന്തരം ചെയ്യുകയും ചെയ്തുവെന്നതു ചരിത്രത്തിലെ കളങ്കമായി ശേഷിക്കും.

തുർക്കിയിലെ ഹാഗിയ സോഫിയ പള്ളിയെ മോസ്ക് ആക്കിയതിനെപ്പോലും ന്യായീകരിക്കാൻ മിതവാദികളെന്ന് അവകാശപ്പെട്ടിരുന്ന കേരളത്തിലെ മുസ്‌ലിം ലീഗിന്റെ പ്രമുഖ നേതാവ് അവരുടെ മുഖപത്രത്തിൽ ലേഖനമെഴുതിയെന്നതാണു കൂടുതൽ ഞെട്ടിക്കുക. എല്ലാ മതങ്ങളെയും ഒരുപോലെ പരിഗണിക്കുന്നുവെന്ന് അവകാശപ്പെടുന്നവരും മതേതരത്വം പ്രസംഗിക്കുന്നവരുമായ രാഷ്ട്രീയനേതാക്കൾ പോലും ഇക്കാര്യത്തിൽ മൗനം പാലിച്ചതും കൂടുതൽ അപകടസൂചനയായി.

**ഇന്ത്യയിലെ സ്ഥിതിയും മെച്ചമല്ല**

ഇന്ത്യയിലും കഴിഞ്ഞ വർഷങ്ങളിലായി ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ കുത്തനേ കൂടുന്നതായാണു വിവിധ റിപ്പോർട്ടുകൾ. ഓപ്പൺ ഡോർസിന്റെ ക്രൈസ്തവപീഡനത്തെക്കുറിച്ചുള്ള വേൾഡ് വാച്ച് ലിസ്റ്റിൽ ഏഴു വർഷംകൊണ്ട് ഇന്ത്യ 31-ാം സ്ഥാനത്തുനിന്ന് പത്താം സ്ഥാനത്തേക്കാണ് ഉയർന്നത്. ചൈന, പാക്കിസ്ഥാൻ, വടക്കൻ കൊറിയ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിലേതിനു തുല്യമായ ന്യൂനപക്ഷ പീഡനങ്ങളാണ് ഇന്ത്യയിൽ നടക്കുന്നതെന്ന് 2020 ൽ അമേരിക്കയിലെ കമ്മീഷൻ ഫോർ ഇന്റർനാഷണൽ റിലിജിയസ് ഫ്രീഡം പഠനറിപ്പോർട്ട് പ്രസിദ്ധീകരിച്ചതു വിവാദമായിരുന്നു.

ഒഡീഷയിലെ കാന്ധമാലിൽ 2008 ൽ നടന്ന വർഗീയകലാപത്തിന്റെ മുറിവുകൾ ഇനിയും ഉണങ്ങിയിട്ടില്ല. 1999 ജനുവരിയിൽ, ക്രിസ്ത്യൻ മിഷണറിയായിരുന്ന ഗ്രഹാം സ്റ്റെയിൻസിനെയും പത്തും ആറും വയസ്സുള്ള മക്കളെയും ചുട്ടുകരിച്ചതും മറക്കാൻ കഴിയില്ല. കർണാടക, ഗുജറാത്ത്, മധ്യപ്രദേശ്, യുപി, ജമ്മുകാശ്മീർ, മഹാരാഷ്ട്ര, ഡൽഹി, കേരളം, പശ്ചിമ ബംഗാൾ തുടങ്ങി മിക്ക സംസ്ഥാനങ്ങളിലും ക്രൈസ്തവർക്കും ക്രൈസ്തവസ്ഥാപനങ്ങൾക്കും ആരാധനാലയങ്ങൾക്കുമെതിരേ സംഘടിതവും ബോധപൂർവവുമായ അക്രമങ്ങൾ ഉണ്ടായി.

**ലോകമനഃസാക്ഷി ഉണരട്ടെ**

രാജ്യത്ത് പല സംസ്ഥാനങ്ങളിലും ന്യൂനപക്ഷങ്ങളിലെ ന്യൂനപക്ഷമായ ക്രൈസ്തവർക്കെതിരേ കൊടിയ പീഡനങ്ങളും വിവേചനങ്ങളും ചൂഷണങ്ങളും തുടരുമ്പോഴും പൊതുമനഃസാക്ഷി ഉണരാതിരിക്കുന്നത് വളരുന്ന പ്രബലമായ വർഗീയതകളുടെ പ്രതിഫലനമാകും. സ്നേഹം, സാഹോദര്യം, സേവനം, സമാധാനം തുടങ്ങിയവയ്ക്കായി ഫ്രാൻസിസ് മാർപാപ്പായും ആഗോള കത്തോലിക്കാസഭയും നടത്തുന്ന ശ്രമങ്ങൾക്കു ശക്തിപകരാൻ ലോകരാഷ്ട്രങ്ങളുടെ നായകർ മുന്നിട്ടിറങ്ങേണ്ടതുണ്ട്.

ഭൂരിപക്ഷ വർഗീയതയും ന്യൂനപക്ഷങ്ങൾക്കിടയിലെ ഭൂരിപക്ഷത്തിന്റെ വർഗീയതയും ഒരുപോലെ ആപത്താണെന്നു പൊതുസമൂഹം തിരിച്ചറിയേണ്ടതുണ്ട്. രാഷ്ട്രീയ, ഭരണനേതൃത്വങ്ങൾ ഉണർന്നില്ലെങ്കിൽ ലോകസമാധാനത്തിനാകും കൂടുതൽ ക്ഷതമേൽക്കുക. ലോകമെങ്ങും പീഡനങ്ങൾക്കും വിവേചനങ്ങൾക്കും ഇരയാകുന്ന ക്രൈസ്തവസമൂഹത്തിനായി നാം ശബ്ദം ഉയർത്തേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞു. ■



# പാലാ സബ്ജയിൽ കൃഷിഭൂമിയാകുന്നു

പാലാ: നാല്പതോളം തടവുകാർ വസിക്കുന്ന പാലാ സബ്ജയിൽ അങ്കണം വൈവിധ്യമാർന്ന പച്ചക്കറിത്തൈകളാൽ കൃഷിഭൂമിയാക്കുവാനുള്ള പ്രവർത്തനങ്ങൾക്കു തുടക്കമായി. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ സഹകരണത്തോടെ ഹൈബ്രീഡ് പച്ചക്കറിത്തൈകൾ ഗ്രോ ബാഗുകളിലാക്കി കൃഷി ചെയ്യുന്നതിനാണ് പദ്ധതി. ജയിലധികൃതർക്കൊപ്പം തടവുകാരും കാർഷികപ്രവർത്തനങ്ങൾക്കു മുന്നിട്ടിറങ്ങുന്നവിധമാണ് പരിപാടി നടപ്പിലാക്കുന്നത്. പ്രവർത്തനങ്ങൾക്കു തുടക്കംകുറിച്ചുകൊണ്ട് സബ്ജയിലിലേക്ക് ആവശ്യമായ ഗ്രോബാഗുകളുടെ വിതരണം സബ്ജയിൽ സൂപ്രണ്ട് പ്രവീഷ് റ്റി.ജെയ്ക്ക് നല്കി പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ നിർവഹിച്ചു. ഡപ്യൂട്ടി പ്രിസൺ ഓഫീസർ രതീഷ് വി. നായർ, ബ്രദർ ജാക്സൺ കടുതോടിൽ, പി.എസ്.ഡബ്ല്യു.എസ്. പി.ആർ.ഒ. ഡാന്റീസ് കൂനാനിക്കൽ, പി.വി. ജോർജ്, ആലീസ് ജോർജ്, ജസ്റ്റിൻ മണ്ണയ്ക്കനാട് തുടങ്ങിയവർ സന്നിഹിതരായിരുന്നു.







റോഷ്നി മേരി എബ്രാഹം

# കുട്ടികളിലെ അമിതവണ്ണം എങ്ങനെ തടയാം?

**കു**ട്ടികളുടെ അമിതവണ്ണം ഒരു ആഗോളപ്രശ്നമായി മാറുകയാണ്. ലോകത്താകമാനം 5 നും 17 നും ഇടയിലുള്ള കുട്ടികളിൽ 10 ശതമാനം അമിതവണ്ണക്കാരാണ്. പ്രായപൂർത്തിയായവരെ അപേക്ഷിച്ച് കുട്ടികളിൽ പൊണ്ണത്തടിമൂലം ഉണ്ടാകുന്ന ശാരീരികപ്രശ്നങ്ങൾ കുറവാണെങ്കിലും ഭാവിയിൽ രോഗങ്ങളുണ്ടാകാനുള്ള സാധ്യത കൂടുന്നു. കൂടാതെ, അമിതവണ്ണം കുട്ടികളിൽ മാനസികസമ്മർദ്ദം, ആത്മവിശ്വാസക്കുറവ്, വിഷാദം എന്നിവയും ഉണ്ടാക്കും. കുട്ടികളിലെ അമിതവണ്ണത്തിന് പലവിധ കാരണങ്ങളുണ്ട്. വ്യായാമക്കുറവ്, ആഹാരരീതികൾ എന്നിവയാണ് പ്രധാനം. അപൂർവ്വമായി പാരമ്പര്യത്തകരാറുകൾ കൊണ്ടും ഹോർമോൺ തകരാറുകൊണ്ടും അമിതവണ്ണം ഉണ്ടാകാം. കുട്ടികളുടെ വണ്ണക്കൂടുതൽ പരിഹരിക്കാൻ ഭക്ഷണത്തിൽ കഠിന നിയന്ത്രണങ്ങൾ വരുത്തുന്നതിനെക്കാൾ കായികാധ്വാനം കൂട്ടുന്നതാണ് പ്രധാനം. ശരിയായ സമയത്ത് ശരിയായ അളവിൽ ശരിയായ രീതിയിൽ ഭക്ഷണം കഴിക്കുകയും വേണം. കുട്ടികൾക്ക് അമിതവണ്ണം എന്തുകൊണ്ട്? കൊഴുപ്പു കൂടുതലുള്ള ഭക്ഷണം കൂടുതൽ കഴിക്കുന്നത് കുട്ടികൾക്ക് അമിതവണ്ണം ഉണ്ടാക്കും. ബേക്കറിപ്പലഹാരങ്ങളിൽ ചേർക്കുന്ന കൃത്രിമമധുരം സാധാരണ പഞ്ചസാരയെക്കാൾ 300 ഇരട്ടി മധുരമടങ്ങിയതാണ്. ജ്യൂസും പ്രോസസ്ഡ് ഫുഡുമാണ് അമിതമധുരവും കൊഴുപ്പും ശരീരത്തിലെത്തിക്കുന്നത്. ട്രാൻസ്ഫാറ്റ് അടങ്ങിയ ഭക്ഷണം അധികം കഴിക്കുന്നത് ഡിപ്രഷൻ ഉണ്ടാക്കുമെന്ന് പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. ഇതു ശരീരത്തിനു ദോഷകരമാകും. കൃത്യമായ വ്യായാമവും ഭക്ഷണനിയന്ത്രണവുംകൊണ്ടേ അമിതവണ്ണം പരിഹരിക്കാനാവൂ.

### കുട്ടികൾ ഡയറ്റിങ് ചെയ്യണോ?

ആവശ്യമുള്ള മറ്റ് ഊർജഘടകങ്ങൾ ഭക്ഷണത്തിലൂടെ നൽകുകയും അധികമായി സംഭരിക്കുന്ന കാർബോഹൈഡ്രേറ്റിനെ വിഘടിപ്പിച്ച് ദുർമേദസ്സ് ഇല്ലാതാക്കുകയുമാണ് ഡയറ്റിങ്കൊണ്ട് ഉദ്ദേശിക്കുന്നത്. ഇഷ്ടപ്പെട്ട കുറച്ചു വിഭവങ്ങൾ കഴിച്ചും ഇഷ്ടമില്ലാത്തവ ഒഴിവാക്കിയുമാണ് മിക്കപ്പോഴും കുട്ടികളുടെ ഡയറ്റിങ്. ഇത് അശാസ്ത്രീയമാണ്. വളരുന്ന പ്രായത്തിൽ വേണ്ട എല്ലാ പോഷകങ്ങളും ശരിയായ അളവിൽത്തന്നെ കുട്ടികളുടെ ശരീരത്തിലെത്തണം. ഇത് ആരോഗ്യജീവിതത്തിന്റെ അടിത്തറയാണ്. തടി കൂടുന്നു എന്നു തോന്നുന്നുണ്ടെങ്കിൽ ഭക്ഷണം കുറയ്ക്കാതെ വ്യായാമം കൂട്ടുക. ഭക്ഷണം കുറയ്ക്കുമ്പോൾ വേണ്ടത്ര പോഷകങ്ങൾ ശരീരത്തിലെത്താതെവരുന്നത് പഠനത്തെയും ആരോഗ്യത്തെയുമൊക്കെ ബാധിക്കും. ഉത്സാഹവും പ്രസരിപ്പും ചുറുചുറുക്കുമുണ്ടാക്കാൻ വ്യായാമം അത്യാവശ്യമാണ്. ശരീരത്തിലെത്തുന്ന കാലറി പുറത്തേക്കു പോകുന്നുണ്ടോ എന്നതാണ് പ്രധാനം. എന്തു കഴിച്ചാലും അത് എരിച്ചുകളയാനുള്ള ജോലികളും ചെയ്യണം. ഈ ബാലൻസാണ് വെയിറ്റ് സ്ഥിരമാക്കുന്നത്. യോഗ, വേഗത്തിലുള്ള നടത്തം, സൈക്ലിംഗ്, നീന്തൽ തുടങ്ങിയ വ്യായാമങ്ങളോടൊപ്പം കോണിപ്പടി കയറിയിറങ്ങുന്നതും ഗുണകരമാണ്. വളരുന്ന പ്രായമായതിനാൽ കഠിനമായ വ്യായാമങ്ങൾ വേണ്ട.

### എത്ര കിലോവരെ ശരീരഭാരം കുറയ്ക്കാം?

വൈദ്യശാസ്ത്രപരമായുള്ള ഭാരം കുറയ്ക്കൽ (മെഡിക്കലി മാനേജ്ഡ്വെയിറ്റ് ലോസ് പ്രോഗ്രാം) പ്രകാരം ഒരു ദിവസം 500 കാലറിയുടെ കുറവ് നമ്മുടെ ശരീരത്തിൽ ഉണ്ടാക്കുകയാണ് വേണ്ടത്. ഒരാഴ്ചകൊണ്ട് 3500 കാലറി (500X7). അപ്പോൾ ആഴ്ചയിൽ അരക്കിലോയും മാസത്തിൽ രണ്ടുകിലോയും (500X4) അഞ്ചുമാസം കൊണ്ട് പത്തുകിലോയും കുറയ്ക്കാം. ജങ്ക് ഫുഡും മെറ്റബോളിക് ഡിസോഡറുകളും മധുരവും ഉപ്പും ഏറെയുള്ള, വൈറ്റമിനുകളും പ്രോട്ടീനും മിനറലും ഫൈബറും ശുഷ്കമായ, ഉയർന്ന കാലറിമൂല്യമുള്ള കൊഴുപ്പു നിറഞ്ഞ ഭക്ഷണമാണ് ജങ്ക് ഫുഡ്. പോഷകഗുണം തുച്ഛം, ദോഷം ഏറെയുണ്ടുതാനും. മിക്ക ജങ്ക്ഫുഡിലും പൂരിത കൊഴുപ്പും കൃത്രിമമധുരവും ഉണ്ടാകും. ഇവ ചീത്ത കൊളസ്ട്രോൾ അഥവാ LDL കൂട്ടും. നല്ല കൊളസ്ട്രോൾ ആയ HDL കുറയ്ക്കും. ഇത് അമിതവണ്ണത്തിനു മാത്രമല്ല ടൈപ്പ് 2 ഡയബറ്റിക്സിനും ഹൃദ്രോഗത്തിനും കാരണമാകും. ശരീരഭാരം കൂടുമ്പോൾ ശ്വാസകോശസംബന്ധമായ പ്രശ്നങ്ങളും ഉണ്ടാകും. നടക്കുമ്പോൾ കിതപ്പ്, നട കയറുമ്പോൾ ശ്വാസംമുട്ടൽ പോലുള്ള പ്രയാസങ്ങളും കൂടാം. പല്ലിനു വരുന്ന




കേടുകളും ജങ്ക് ഫുഡ്കൊണ്ടാകാം. അമിതമായി പഞ്ചസാരയും കാർബോഹൈഡ്രേറ്റുകളും ഉള്ളിലെത്തുമ്പോൾ ഇവ ദഹിപ്പിക്കാനുള്ള ദഹനരസങ്ങൾ കൂടുതലായി പുറപ്പെടുവിക്കും. ഇത് പല്ലിന്റെ ഇനാമലിനെ ബാധിക്കുകയും കേടും പോടും വരുത്തുകയും ചെയ്യുന്നു. വളരേണ്ട പ്രായത്തിൽ ശരിയായ പോഷണം ലഭിച്ചില്ലെങ്കിൽ വളർച്ചാപ്രശ്നങ്ങൾ ഉണ്ടാകുകയും പ്രതിരോധശേഷി കുറയുകയും ചെയ്യാം. കൊഴുപ്പ് കൂടുതലുള്ള ഭക്ഷണം കൂടുതൽ കഴിക്കുന്ന പെൺകുട്ടികൾക്ക് അമിതവണ്ണവും അതിന്റെ ഫലമായി PCOD യുമൊക്കെ വരാനുള്ള സാധ്യത വളരെ കൂടുതലാണ്. തൈറോയ്ഡ് ഹോർമോൺ കുറയ്ക്കുന്ന ഹൈപ്പോതൈറോയിഡിസവും വണ്ണം കൂട്ടുന്ന രോഗാവസ്ഥയാണ്.

### അമിതവണ്ണം തടയാനുള്ള വഴികൾ

കുട്ടികളുടെ ഭക്ഷണത്തിൽ അമിതമായി ഉപ്പ്, മധുരം, പൂരിതകൊഴുപ്പ് എന്നിവ വേണ്ട. ചെറുപ്പംമുതൽ ഈ ശ്രദ്ധ വേണം. എണ്ണയിൽ മുക്കിപ്പൊരിക്കുന്ന പാചകരീതി നല്ലതല്ല. അധികം എണ്ണയില്ലാതെ വറുത്തെടുക്കുന്നതും ബേക്ക് ചെയ്യുന്നതുമാണ് നല്ലത്. ആവിയിൽ വേവിക്കുന്നതും പുഴുങ്ങിയെടുക്കുന്നതും എണ്ണ ഒട്ടും ഉപയോഗിക്കാതെ ഗ്രിൽ ചെയ്യുന്നതും നല്ലതാണ്. ഗോൾഡൻ ബ്രൗൺ നിറമാകും വരെയേ ഗ്രിൽ ചെയ്യാവൂ. കരിഞ്ഞുപോകുന്നത് ആരോഗ്യത്തിനു ദോഷമാണ്. പൂരിതകൊഴുപ്പും ട്രാൻസ്ഫാറ്റും ഒഴിവാക്കി ആരോഗ്യത്തിനുതകുന്നവ ശീലമാക്കുക. ഒമേഗ 3 ഫാറ്റി ആസിഡ് അടങ്ങിയ അണ്ടിപ്പരിപ്പുവർഗ്ഗങ്ങൾ, മത്തി പോലുള്ള ചെറുമത്സ്യങ്ങൾ എന്നിവ മിതമായ അളവിൽ ഭക്ഷണത്തിൽ ഉൾപ്പെടുത്താം. പൂരിതകൊഴുപ്പ് കൂടുതലായി അടങ്ങിയ ഇറച്ചികൾ, കൊഴുപ്പു കൂടിയ പാൽ ഉത്പന്നങ്ങൾ, ബേക്കറിപ്പലഹാരങ്ങൾ, ജങ്ക് ഫുഡ് എന്നിവ പരമാവധി ഒഴിവാക്കുക.

ഭാരം കുറയ്ക്കുന്ന സമയത്തും കുറഞ്ഞ ശേഷവും അല്പാല്പമായി ആഹാരം കഴിക്കുന്ന ശീലം കൊണ്ടുവരികയാണ് നല്ലത്. അതിനു ഫ്രീക്വന്റ് സ്മോൾ ഫീഡ്സ് എന്നു പറയുന്നു. ശരീരം എപ്പോഴും ഹൈഡ്രേറ്റഡ് ആയി ഇരിക്കാൻ ശ്രദ്ധിക്കണം. അതിന് ദിവസേന 9 ഗ്ലാസ് വെള്ളമെങ്കിലും കുടിക്കുക. പക്ഷേ, ശരീരത്തിനു ദോഷം ചെയ്യുന്ന സോഫ്റ്റ് ഡ്രിങ്ക്സ് പോലുള്ളവ ഒഴിവാക്കിയിരിക്കണം. പകരം കരിക്കിൻവെള്ളം, നാരങ്ങാവെള്ളം, മോരും വെള്ളം തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. ഫൈബർ ധാരാളം അടങ്ങിയ പഴങ്ങൾ, പച്ചക്കറികൾ, ഇലവർഗ്ഗങ്ങൾ തുടങ്ങിയവ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുവാനും ശ്രദ്ധിക്കണം.

*ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ എൻഡോക്രിനോളജി വിഭാഗം ഡയബറ്റിക് എഡ്യുക്കേറ്ററാണ്*

## കെ.സി.എസ്.എൽ. സംസ്ഥാനപുരസ്കാരം
# ചങ്ങനാശേരി മികച്ച അതിരൂപത

കൊച്ചി: കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ് (കെ.സി.എസ്.എൽ.) സംസ്ഥാനസമിതി 2019-20 പ്രവർത്തനവർഷം മികവു തെളിയിച്ച രൂപതകളെയും ശാഖകളെയും പ്രഖ്യാപിച്ചു. രൂപതാതലത്തിൽ ചങ്ങനാശേരി അതിരൂപത ഒന്നാംസ്ഥാനം നേടി. ഇടുക്കി, തിരുവനന്തപുരം (ലത്തീൻ) രൂപതകൾക്കാണ് രണ്ടും മൂന്നും സ്ഥാനങ്ങൾ.

ശാഖാതലത്തിൽ മികച്ച പ്രവർത്തനത്തിന് **യുപി വിഭാഗത്തിൽ** സെന്റ് അഗസ്റ്റിൻസ് ജി.എച്ച്.എസ്. കോതമംഗലം (കോതമംഗലം), സെന്റ് ജെറോംസ് യു.പി.എസ്. വെള്ളയാംകുടി (ഇടുക്കി), സെന്റ് വിൻസന്റ് ഡിപോൾ ഇ.എം.യു.പി.എസ്. പാലാരിവട്ടം (വരാപ്പുഴ), **എച്ച്.എസ്. വിഭാഗത്തിൽ** സെന്റ് തോമസ് എച്ച്.എസ്. ഇരട്ടയാർ (ഇടുക്കി), സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. ചങ്ങനാശേരി (ചങ്ങനാശേരി), ലിറ്റിൽഫ്ളവർ എച്ച്.എസ്. ചെമ്മലമറ്റം (പാലാ), **എച്ച്.എസ്.എസ്. വിഭാഗത്തിൽ** സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. പൈങ്ങോട്ടൂർ (കോതമംഗലം), സെന്റ് തെരേസാസ് എച്ച്.എസ്.എസ്. വാഴപ്പള്ളി (ചങ്ങനാശേരി), സെന്റ് തോമസ് എച്ച്.എസ്.എസ്. തങ്കമണി (ഇടുക്കി) എന്നീ സ്കൂളുകളും തിരഞ്ഞെടുക്കപ്പെട്ടു. മികച്ച കെ.സി.എസ്.എൽ. മാസികയ്ക്കുള്ള പുരസ്കാരത്തിന് ചങ്ങനാശേരി അതിരൂപതയുടെ 'പ്രതിഭ' അർഹത നേടി.

ജനുവരി 29 ഉച്ചകഴിഞ്ഞ് 2.30 ന് എറണാകുളം പി.ഒ.സി. യിൽ ചേരുന്ന സമ്മേളനത്തിൽ കെ.സി.ബി.സി. പ്രസിഡന്റ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പുരസ്കാരങ്ങൾ സമ്മാനിക്കും. മികച്ച അധ്യാപക അവാർഡുകളും വിവിധയിനങ്ങളിൽ കഴിവു തെളിയിച്ച വിദ്യാർത്ഥികൾക്കുള്ള പുരസ്കാരങ്ങളും തദവസരത്തിൽ നൽകുന്നതാണ്.

കെ.സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റ് മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കും. പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി ആശംസകളർപ്പിക്കും. കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ ആമുഖപ്രസംഗം നടത്തും. ജനറൽ ഓർഗനൈസർ സിറിയക് മാത്യു, ജനറൽ ട്രഷറർ മനോജ് ചാക്കോ, ചെയർപേഴ്സൺ മരിയ ഷാജി, ജനറൽ സെക്രട്ടറി ഫിലിപ്സ് സിബിച്ചൻ, ഓഫീസ് സെക്രട്ടറി എൽസി ആന്റണി എന്നിവർ പരിപാടികൾക്കു നേതൃത്വം നല്കും.

Deepanalam Weekly

RNI No : 16998/68
Vol. 53 No. 37 Date of Publication 21 January 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




# കുറവിലങ്ങാട് മേജർ ആർക്കിഎപ്പിസ്കോപ്പൽ മർത്ത് മറിയം അർക്കദിയാക്കോൻ തീർത്ഥാടനദൈവാലയത്തിൽ

# മൂന്നു നോമ്പ് തിരുനാൾ

2021 ജനുവരി 25 26 27

കപ്പൽപ്രദക്ഷിണം | ജനുവരി 26 ചൊവ്വ 1.00 pm

വിശുദ്ധ സെബസ്ത്യാനോസിന്റെ (പത്താംതീയതി) തിരുനാളും ദേശത്തിരുനാളുകളും 2021 ഫെബ്രുവരി 7 മുതൽ 14 വരെ



---

തിരുനാൾ ആശംസകൾ!

Mother Superior & Community

## CARMELITE CONVENT

## KURAVILANGAD

Headmistress, staff & students
ST. MARY'S GIRLS HIGH SCHOOL&
ST. MARY'S GIRLS L.P. SCHOOL, KURAVILANGAD

---

തിരുനാൾ ആശംസകൾ!

## മാതൃവേദി

## കുറവിലങ്ങാട് യൂണിറ്റ്

---

തിരുനാൾ ആശംസകൾ!

## എസ്.എം.വൈ.എം.

## കുറവിലങ്ങാട് യൂണിറ്റ്

---

കുറവിലങ്ങാട് മുത്തിയമ്മേ



ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ഒരു വിശ്വാസി, കുറവിലങ്ങാട്

---

മുത്തിയമ്മയുടെ മധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



മേഴ്സി സിറിയക്, പാലാ

---

MGH KURAVILANGAD

## മാതാ ഗ്ലാസ് ഹൗസ്

വൈക്കംറോഡ്, കുറവിലങ്ങാട് ഫോൺ: 9400663279, 9846169741

Hinges, Tower Bolts, Locks, Kitchen Accessories, Bathroom Fittings, Curtain Accessories, Plywoods, Multiwood, MDF, HDF, Hylam sheet, Glass Etching, Colouring, Acid Work, Beveling, Polishing, etc...

---

## സെന്റ് വിൻസെന്റ് ഹോസ്പിറ്റൽ, കുറവിലങ്ങാട്

PH: 04822-231636, 9495175636

ചികിത്സാവിഭാഗങ്ങൾ: ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഒഫ്താൽമോളജി, കാർഡിയോളജി (വിസിറ്റിംഗ്), ക്ലിനിക്കൽ സൈക്കോളജി & കൗൺസലിംഗ്, ആയുർവേദം, ഫിസിയോതെറാപ്പി (എല്ലാ ദിവസവും)

അഡ്മിനിസ്ട്രേറ്റർ

---

തിരുനാൾ ആശംസകൾ!

## ഭാരത്മാതാ കോളജ് ഓഫ് മെഡിക്കൽ ടെക്നോളജി &

(കേരള ഗവ. അംഗീകൃതം)

## ഭാരത്മാതാ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ

(NCVRT - ന്യൂഡൽഹി അംഗീകൃതം)

താലൂക്ക് ആശുപത്രിക്കു സമീപം - കുറവിലങ്ങാട് Ph: 04822-230294, 9447030768


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org